/samakalikajanapadham/ /prd.kerala.gov.in/publications

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ

₹12

# സമകാലിക ജനപഥം

2026 മേയ് 1

പുസ്തകം 12 ലക്കം 10



# ചിരിവരയിലെ മലയാളി

SAMAKALIKA JANAPADAM MONTHLY

# അറിവിന്റെ ആധികാരികത



ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

ഇപ്പോൾ
കൂടുതൽ
മിഴിവോടെ

സമകാലിക
ജനപഥം

വാർഷിക
വരിസംഖ്യ
120 രൂപ
ഒറ്റപ്രതി
12 രൂപ

## വരിക്കാരാകാൻ

ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലോ തിരുവനന്തപുരം
പ്രസ് ക്ലബിന് സമീപത്തെ ഇൻഫർമേഷൻ സെന്ററിലോ ബന്ധപ്പെടാം.
താഴെ കാണുന്ന വിലാസത്തിലേക്ക് മണിഓർഡർ അയക്കാം.

ഡയറക്ടർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
എഡിറ്റോറിയൽ വിഭാഗം
ഒന്നാം നില, സെക്രട്ടറിയേറ്റ് അനക്സ്
തിരുവനന്തപുരം-1

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്
കേരള സർക്കാർ

സമകാലിക
ജനപഥം

2026 മേയ് 1 • പുസ്തകം 12 • ലക്കം 10

**എഡിറ്റർ** ടി വി സുഭാഷ് ഐ എ എസ്
**അഡീഷണൽ എഡിറ്റർ** കെ ജി സന്തോഷ് **ഡപ്യൂട്ടി എഡിറ്റർ** നാഫിഹ്.എം
**എഡിറ്റർ-ഇൻ-ചാർജ്** കെ എസ് ഇന്ദുശേഖർ
**അസിസ്റ്റന്റ് എഡിറ്റർ** ഡെൻസ്നി സുൽഫ് **ട്രാൻസ്‌ലേറ്റർ** ടി കെ ഹരീഷ് **സർക്കുലേഷൻ ഓഫീസർ** മെർലിൻ ജെ എൻ
**കവർ & ലേഔട്ട്** രതീഷ് കുമാർ (ഡിജിക്രോ) **ടൈപ്പ് സെറ്റിങ്** വിനിത വി എസ്

എഡിറ്റോറിയൽ >>

# കാർട്ടൂണും കേരളവും



കെ. ശങ്കർ പിള്ള എന്ന കായംകുളം സ്വദേശിയായ മലയാളി ഇന്ത്യൻ മാധ്യമചരിത്രത്തിലെ അവിസ്മരണീയ വ്യക്തിത്വങ്ങളിലൊന്നായി മാറിയത് ചിരിയും ചിന്തയും ഉണർത്തുന്ന വരകളിലൂടെയാണ്. കാർട്ടൂണിസ്റ്റ് ശങ്കറും 1948 ൽ ആരംഭിച്ച അദ്ദേഹത്തിന്റെ ശങ്കേഴ്സ് വീക്ക്‌ലിയും ഇന്ത്യൻ കാർട്ടൂണിന്റെ സുവർണ്ണ ചരിത്രത്തിനു കൂടിയാണ് തുടക്കം കുറിച്ചത്. പ്രധാനമന്ത്രി ജവഹർ ലാൽ നെഹ്റു ഉൾപ്പെടെ അക്കാലത്തുള്ള പ്രമുഖ രാഷ്ട്രീയ വ്യക്തിത്വങ്ങളുടെയെല്ലാം ആദരവ് നേടാൻ അദ്ദേഹത്തിനായി. കാർട്ടൂണിലൂടെ ശങ്കർ സൃഷ്ടിച്ച വിമർശനവരകൾ ഇന്ത്യൻ പൊളിറ്റിക്കൽ കാർട്ടൂണുകളുടെ പുതുയുഗം സൃഷ്ടിച്ചു. ഒരുകൂട്ടം പ്രതിഭാധനരായ കാർട്ടൂണിസ്റ്റുകൾ ഉയർന്നു വരുന്നതിനും അത് പ്രോത്സാഹനമായി. അബു എബ്രഹാം, കുട്ടി, ഒ.വി.വിജയൻ, സാമുവൽ, കേരളവർമ്മ തുടങ്ങി ശങ്കേഴ്സ് വീക്ക്‌ലിയിലൂടെ വരച്ചുതെളിഞ്ഞവരിൽ ഭൂരിഭാഗവും മലയാളികളാണെന്നതും ചരിത്രം.

എന്നാൽ അതിനും വളരെ മുൻപുതന്നെ ആരംഭിക്കുന്നുണ്ട് മലയാളിയുടെ കാർട്ടൂൺ ബന്ധം. 1919 ൽ കൊല്ലത്തുനിന്ന് അച്ചടിച്ചിരുന്ന വിദൂഷകൻ മാസികയിൽ പ്രത്യക്ഷപ്പെട്ട മഹാക്ഷാമദേവത എന്ന കാർട്ടൂണാണ് മലയാളത്തിലെ ആദ്യത്തെ കാർട്ടൂൺ ചിത്രം എന്നു മാധ്യമചരിത്രകാരർ പറയുന്നു. ഒന്നാം ലോകമഹായുദ്ധാനന്തരമുള്ള രൂക്ഷമായ ഭക്ഷ്യക്ഷാമമാണ് അതിന്റെ പശ്ചാത്തലം. ചിരിവരകളോടുള്ള മലയാളിയുടെ ഇഷ്ടം പിന്നീട് എത്രയോ പ്രശസ്ത കാർട്ടൂണിസ്റ്റുകളെ സമ്മാനിച്ചു. ശങ്കേഴ്സ് വീക്ക്‌ലിയിലൂടെ ഉയർന്നുവന്ന രാഷ്ട്രീയ കാർട്ടൂണിസ്റ്റുകൾ മാത്രമല്ല, പ്രായഭേദമില്ലാതെ നാം ആസ്വദിക്കുന്ന ബോബനും മോളിയും പോലുള്ള കഥാപാത്രങ്ങളുടെ സ്രഷ്ടാവ് ടോംസ്, യേശുദാസൻ, പി.കെ.മന്ത്രി തുടങ്ങി നിരവധി പേരുകൾ ഓർക്കാം. ആധുനിക സാങ്കേതികവിദ്യയുടെയും അനിമേഷൻ രംഗത്തിന്റെ വളർച്ചയുടെയുമൊക്കെ കാലത്ത് കാർട്ടൂണുകളും വഴിത്തിരിവിലാണ്. കാർട്ടൂണിലെ വിഖ്യാത മലയാളികളെയും അവരുടെ സംഭാവനകളെയും അറിയാനുതകുന്നതാണ് മേയ് ലക്കം. വായനക്കാർ സ്വീകരിക്കുമെന്നു പ്രതീക്ഷിക്കുന്നു.

**ടി വി സുഭാഷ് ഐ എ എസ്**
എഡിറ്റർ

2026 MAY 1 VOLUME 12 ISSUE 10 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

**പ്രതികരണങ്ങൾ അയക്കേണ്ട വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

**വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ**
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com


ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും


# ഉള്ളടക്കം










5 ഇന്ത്യൻ കാർട്ടൂൺ ഒരു അവലോകനം
**ഇ പി ഉണ്ണി**

14 ചിരിവരയിലെ മലയാളി
**സുധീർ നാഥ്**

21 വരകൾ വിഷയങ്ങൾ പലതരം

24 ടക് ടക്... ഓർമ്മകൾ മുട്ടി വിളിക്കുമ്പോൾ
**ഏലിയാസ് ജോൺ**

26 കോട്ടയത്തിന്റെ ചിരിവഴികൾ
**ഫെലിക്സ് ദേവസ്യ**

28 കാർട്ടൂണുകളുടെ പുതുചുവടുകൾ
**എം എം മോനായി**

32 ഐ പാഡിലായ പ്രപഞ്ചം, പിടി തരാത്ത എഐ
**കെ.ഉണ്ണികൃഷ്ണൻ**

34 സ്വന്തം ശബ്ദത്തെ തേടി
**സുരേഷ് ഏറിയാട്ട്**

36 വരമാസികകളും വരയ്ക്കാത്ത പത്രാധിപന്മാരും
**പ്രസന്നൻ ആനിക്കാട്**

39 പെൺവരയിലെ ആക്ഷേപഹാസ്യം

42 ചിരിവരകളുടെ ചരിത്രപുസ്തകങ്ങൾ
**ഹരിദാസ് ബാലകൃഷ്ണൻ**

44 കുരുന്നുകൾ അടിമകളാകാതിരിക്കാൻ
**ഡോ. അരുൺ ബി നായർ**

46 കുട്ടികളെ കേൾക്കാം സമ്മർദം അകറ്റാം
**ശരണ്യ സി.ആർ**

48 അതുല്യം ഈ ജൈവവൈവിധ്യം
**എൻ. അനിൽകുമാർ**

50 മലയാറ്റൂർ പെരുമ




മുഖചിത്രം: വര - പ്രകാശ് വി എസ്





ദേശീയതലത്തിൽ പ്രവർത്തിക്കുന്ന പ്രശസ്ത ഇന്ത്യൻ പൊളിറ്റിക്കൽ കാർട്ടൂണിസ്റ്റാണ് ഇ പി ഉണ്ണി. പാലക്കാട്ടുകാരനായ ഇ പി ഉണ്ണി ഭൗതികശാസ്ത്രത്തിൽ ബിരുദം നേടി ബാങ്ക് ഉദ്യോഗസ്ഥനായാണ് തന്റെ കരിയർ ആരംഭിച്ചത്. 1973-ൽ ശങ്കേഴ്സ് വീക്ക്ലിയിലാണ് അദ്ദേഹത്തിന്റെ ആദ്യ കാർട്ടൂൺ പ്രസിദ്ധീകരിച്ചത്. 1977-ൽ ബാങ്കിലെ ജോലി ഉപേക്ഷിച്ച് പ്രൊഫഷണൽ കാർട്ടൂണിസ്റ്റായി 'ദി ഹിന്ദു'വിൽ ചേർന്നു. 1989-ൽ ദി ഹിന്ദു വിട്ടതിനുശേഷം, അദ്ദേഹം ഡൽഹിയിലേക്ക് താമസം മാറി 'സൺഡേ മെയിലി'ൽ ജോലി ചെയ്തു. അവിടെ അദ്ദേഹം 'പോക്കറ്റ്, എഡിറ്റോറിയൽ' എന്നീ വ്യത്യസ്ത രൂപങ്ങളിലുള്ള കാർട്ടൂണിങ്ങിൽ പരീക്ഷണം നടത്തി. പിന്നീട് ' ദി ഇക്കണോമിക് ടൈംസി'ലേക്ക് മാറി . നിലവിൽ 'ദി ഇന്ത്യൻ എക്സ്പ്രസി'ൽ ചീഫ് പൊളിറ്റിക്കൽ കാർട്ടൂണിസ്റ്റാണ്. അദ്ദേഹത്തിന്റെ എഡിറ്റോറിയൽ സ്ട്രിപ്പായ 'ബിസിനസ് ആസ് യൂഷ്വൽ' ഇന്ത്യൻ എക്സ്പ്രസ് ദിവസവും പ്രസിദ്ധീകരിക്കുന്നു. കാർട്ടൂണിസ്റ്റ് എന്നതിനു പുറമെ ഗ്രാഫിക് നോവലിസ്റ്റും എഴുത്തുകാരനും കൂടിയാണ് ഇ പി ഉണ്ണി



# ഇന്ത്യൻ കാർട്ടൂൺ ഒരു അവലോകനം

ഇന്ത്യയുടെ കാർട്ടൂൺ രംഗം പരിശോധിച്ചാൽ നോഹയുടെ പെട്ടകം നിറയ്ക്കാൻ ആവശ്യമായ അത്രയും കാർട്ടൂണുകൾ കണ്ടെത്താനാകും. രാഷ്ട്രീയ-സാമൂഹിക കാർട്ടൂണുകൾ മുതൽ കോമിക്സും സാഹിത്യത്തിലേക്കുള്ള കാർട്ടൂണുകളുടെ പുതിയ ചുവടുവയ്പ്പായ ഗ്രാഫിക് നോവലുകൾ വരെയുള്ള എല്ലാ ഇനങ്ങളും ഇവിടെയുണ്ട്. കാർട്ടൂൺ എന്ന കോമിക് കലാരൂപം പരിണമിച്ച യൂറോപ്പിനെയും, കൃത്യമായ വാണിജ്യ അടിത്തറ നേടിയെടുത്ത അമേരിക്കയെയും പോലെ തന്നെ ഇന്ത്യൻ കാർട്ടൂൺ രംഗത്തിനും മികച്ച ജൈവവൈവിധ്യമുണ്ട്. ബ്രിട്ടീഷ് പാരമ്പര്യത്തിന്റെ ഭാഗമായി കാർട്ടൂണുകൾ ആദ്യം ഇവിടെ എത്തിയത് ഇംഗ്ലീഷ് പത്രങ്ങളിലായിരുന്നുവെങ്കിലും,അവയുടെ വ്യാപനം പെട്ടെന്ന് തന്നെ വിപുലമായി. പ്രാദേശിക ഭാഷാപത്രങ്ങൾ ഈ പ്രതിഷേധ കലയെ ഏറെ വൈകാതെ തന്നെ ഏറ്റെടുത്തു. ആക്ഷേപഹാസ്യത്തിന്റെ നാനാതരം നാടോടി, ക്ലാസിക്കൽ പാരമ്പര്യങ്ങൾ സഹജമായിരുന്ന ഇന്ത്യക്ക്, ആംഗ്യങ്ങളെയും ചലനങ്ങളെയും മൂർച്ചയുള്ള നിശ്ചല ദൃശ്യമാക്കി മാറ്റുന്ന ഈ കലാരൂപത്തോട് അടുക്കാൻ പ്രയാസം ഉണ്ടായില്ല.

100 വർഷങ്ങൾക്ക് ശേഷം തിരിഞ്ഞു നോക്കുമ്പോൾ കാർട്ടൂൺ സജീവ സാന്നിധ്യമായി പലയിടത്തും ചിതറി കിടപ്പുണ്ട്. പക്ഷെ സംഘടിതമായ ഒരു പ്രസ്ഥാനമോ പരമ്പരയോ നമ്മുടെ മുമ്പിൽ ഇല്ല. ഇതേ കാലത്ത് തന്നെ കാർട്ടൂൺ വളർന്നു വന്ന ജപ്പാനിൽ കാർട്ടൂൺ ആർക്കൈവുകളും മ്യൂസിയങ്ങളുമുണ്ട്. പതിവ് പോലെ ജപ്പാൻകാർ തങ്ങളുടെ പ്രതിഭയെയും സാങ്കേതികവിദ്യയെയും ഒരുമിപ്പിച്ച് മുന്നേറി എല്ലാത്തരം കോമിക് കലാരൂപങ്ങൾക്കുമായി 'മാങ്ക' എന്ന ഒറ്റ ജാപ്പനീസ് പദവും കണ്ടെത്തി. കോമിക് ഭാഷയിൽ രചിച്ച മാനേജ്മെന്റ് പുസ്തകങ്ങൾ തൊട്ട് ആനിമേഷൻ സിനിമകൾ വരെ ഉൾകൊള്ളുന്ന ഒരു വൻ വ്യവസായം വളർത്തി. ആഗോള കാർട്ടൂൺ ഭൂപടത്തിൽ 'മാങ്ക' തനതായ സ്ഥാനം കണ്ടെത്തി.

## പഞ്ച് ക്ലോണുകൾ

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇളകിമറിയാൻ തുടങ്ങിയ നമ്മുടെ ദേശീയ രാഷ്ട്രീയത്തിലേക്കാണ് കാർട്ടൂൺ കടന്നു വന്നത്. ടിവിയിലെ ആനിമേഷൻ ക്ലിപ്പുകൾ കണ്ട് വളരുന്ന നമ്മുടെ കുട്ടികളെ ഒഴിച്ചു നിർത്തിയാൽ,മിക്ക ഇന്ത്യക്കാർക്കും കാർട്ടൂൺ എന്നത് അന്നന്നത്തെ പത്രത്തിൽ വരുന്ന കാർട്ടൂണുകളാണ്. അവയാകട്ടെ മിക്കവാറും രാഷ്ട്രീയ സ്വഭാവമുള്ളതുമായിരിക്കും.


# കാർട്ടൂണിസ്റ്റ് ശങ്കർ



കെ.ശങ്കർ പിള്ള എന്ന കാർട്ടൂണിസ്റ്റ് ശങ്കറിനെ ഇന്ത്യൻ പൊളിറ്റിക്കൽ കാർട്ടൂണുകളുടെ പിതാവായാണ് കണക്കാക്കുന്നത്. മലയാള പത്രങ്ങളിൽ കാർട്ടൂൺ പംക്തികൾക്ക് തുടക്കം കുറിച്ചവരിൽ ഒരാളാണ്. 1902-ൽ കായംകുളത്ത് ജനിച്ച ശങ്കർ 1932-ൽ പോത്തൻ ജോസഫിന് കീഴിൽ ഡൽഹിയിലെ ഹിന്ദുസ്ഥാൻ ടൈംസിലാണ് കാർട്ടൂണിസ്റ്റായി ആദ്യം ജോലിചെയ്യുന്നത്. 1948ൽ ശങ്കേഴ്സ് വീക്ക്‌ലി ആരംഭിച്ചു. അബു എബ്രഹാം, കുട്ടി, കേരളവർമ, പ്രകാശ്, സാമുവൽ, ഒ.വി. വിജയൻ, സി.പി. രാമചന്ദ്രൻ തുടങ്ങി നിരവധി പ്രമുഖർ ശങ്കേഴ്സ് വീക്ക്‌ലിയിൽ ജോലി ചെയ്തിരുന്നു. ഇന്ത്യയിലെ മിക്ക കാർട്ടൂണിസ്റ്റുകളും വരച്ചുതെളിഞ്ഞത് 'ശങ്കേഴ്സ് വീക്ക്‌ലി'യിലാണ്. ജവഹർലാൽ നെഹ്റുവുമായി അടുത്ത സൗഹൃദമുണ്ടായിരുന്ന ശങ്കർ നെഹ്റു ഉൾപ്പെടെ പ്രമുഖ അന്നത്തെ കാർട്ടൂണുകൾക്ക് വിഷയമാക്കി.   27 കൊല്ലം തുടർന്ന ശങ്കേഴ്സ് വീക്ക്‌ലി 1975-ൽ അടിയന്തരാവസ്ഥക്കാലത്ത് പ്രസിദ്ധീകരണം നിർത്തി.1957-ൽ ചിൽഡ്രൻസ് ബുക്ക് ട്രസ്റ്റും 1968-ൽ ചിൽഡ്രൻസ് വേൾഡും ആരംഭിച്ചു.
1955-ൽ പദ്മശ്രീയും 1976-ൽ പദ്മവിഭൂഷണും നൽകി രാജ്യം ആദരിച്ചു.
1989-ൽ 87-ാം വയസ്സിൽ അന്തരിച്ചു.

പ്രതിഷേധത്തിന്റെ ഈ മാധ്യമത്തിന് ആദ്യകാലത്തു തന്നെ ഒരു സ്വക്ഷേത്രം ലഭിച്ചു. രാജ്യത്തെ വിദേശ സാന്നിധ്യത്തെ ചോദ്യം ചെയ്യാൻ തുടങ്ങിയ പത്രമാധ്യമങ്ങളായിരുന്നു അത്. 1906-ൽ തമിഴ് കവിയായ സുബ്രഹ്മണ്യ ഭാരതി തന്റെ തീവ്രമായ ദേശീയവാദ വീക്ഷണങ്ങൾ വ്യക്തമാക്കുന്നതിനായി,സ്വയം എഡിറ്റ് ചെയ്തു പുറത്തിറക്കിയ 'ഇന്ത്യ'വാരികയുടെ പുറം ചട്ടയിൽ തന്നെ കാർട്ടൂണുകൾ നൽകിയിരുന്നു. സ്വന്തം കാർട്ടൂൺ ആശയങ്ങളെ താൻ ഉദ്ദേശിക്കുന്ന ഭാവ ചലനങ്ങളോടെ ആവിഷ്കരിക്കാൻ അദ്ദേഹം പലപ്പോഴും ചിത്രകാരന്റെ മുന്നിൽ പോസ് ചെയ്യാറുണ്ടായിരുന്നു.

ബ്രിട്ടീഷ് ഭരണാധികാരികളെ അവരുടെ സ്വദേശത്തെ ഉദാരത ചൂണ്ടിക്കാട്ടി ചൊടിപ്പിക്കാനും നാണം കെടുത്താനും ലണ്ടൻ പഞ്ചിനെ മാതൃകയാക്കി, 'ഹിന്ദി പഞ്ച്', 'അവധ് പഞ്ച്'എന്നീ പേരുകളിലുള്ള പ്രസിദ്ധീകരണങ്ങൾ ഉത്തരേന്ത്യയിൽ ഇതിനകം പ്രത്യക്ഷപ്പെട്ടിരുന്നു. ഇത്തരം പഞ്ച് ക്ലോണുകൾ നാടൊട്ടുക്ക് വ്യാപിച്ചു, കേരളത്തിലും. കൊല്ലത്ത് നിന്ന് പുറത്തിറങ്ങിയ അത്തരത്തിലുള്ള ഒരു നർമ്മ മാസികയായ'വിദൂഷകനിൽ' ആണ് 1919-ൽ ആദ്യത്തെ മലയാള കാർട്ടൂൺ പ്രസിദ്ധീകരിക്കപ്പെട്ടത്. പത്രാധിപർ പി.എസ്. ഗോവിന്ദപ്പിള്ള അതിനെ 'ഒരു ഹാസ്യ ചിത്രം' എന്ന് വിളിച്ചുവെങ്കിലും ഒന്നാം ലോകമഹായുദ്ധത്തിനു ശേഷമുള്ള കൊടും ക്ഷാമത്തെക്കുറിച്ചുള്ള ആ കാർട്ടൂൺ കടുത്ത യുദ്ധ വിരുദ്ധ പ്രസ്താവനയായിരുന്നു. അടുത്ത രണ്ട് ദശാബ്ദങ്ങളിൽ ഒട്ടേറെ 'ഹാസ്യചിത്ര പ്രസിദ്ധീകരണങ്ങൾ' ഈ മേഖലയിൽ ഉണ്ടാവുകയും അവ ശങ്കർ എന്ന ഒരു സ്കൂൾ കുട്ടി ഉൾപ്പെടെ ഒരു




ശങ്കറിന്റെ വര

വലിയ കാർട്ടൂൺ വായനാവൃന്ദത്തെ വഴിയെ സൃഷ്ടിക്കുകയും ചെയ്തു.

കാർട്ടൂണിസ്റ്റുകളുടെ ബാല്യകാലത്തെ ഒരു പതിവ് അഗ്നിപരീക്ഷയിലൂടെയായിരുന്നു ശങ്കറിന്റെയും തുടക്കം. ക്ലാസ് മുറിയിൽ ഹെഡ്മാസ്റ്ററുടെ രൂപം വരച്ചു വെച്ചതിനു ശങ്കർ പിടിക്കപ്പെട്ടു. അതോടെ വികട പെൻസിലുമായുള്ള ആയുഷ്കാല പ്രണയത്തിന് തുടക്കമാവുകയും ചെയ്തു. തിരുവിതാംകൂർ സർവകലാശാലയിൽ

## അബു എബ്രഹാം

**ആഗോള പ്രശസ്തനായ കാർട്ടൂണിസ്റ്റും പത്രപ്രവർത്തകനുമായിരുന്നു മാവേലിക്കര സ്വദേശിയായ അബു എബ്രഹാം (1924-2002). തന്റെ ഔദ്യോഗിക ജീവിതത്തിന്റെ പ്രാരംഭഘട്ടത്തിൽ ശങ്കേഴ്സ് വീക്കിലിയിൽ ചേർന്ന അദ്ദേഹം, അവിടെ നിന്നാണ് രാഷ്ട്രീയ കാർട്ടൂണുകളുടെ ലോകത്തേക്ക് ചുവടുവെച്ചത്. ലണ്ടനിലെ 'ദി ഒബ്സർവർ', 'ദി ഗാർഡിയൻ' എന്നീ ലോകപ്രശസ്ത പത്രങ്ങളിൽ കാർട്ടൂണിസ്റ്റായി പ്രവർത്തിച്ച് അന്താരാഷ്ട്ര ശ്രദ്ധ നേടിയ അദ്ദേഹം, പിന്നീട് ഇന്ത്യയിൽ തിരിച്ചെത്തി 'ഇന്ത്യൻ എക്സ്പ്രസി'ലൂടെ തന്റെ രാഷ്ട്രീയ ആക്ഷേപഹാസ്യങ്ങൾ തുടർന്നു. 1975-ൽ അടിയന്തരാവസ്ഥക്കാലത്ത് സെൻസർഷിപ്പിനെ വകവെക്കാതെ അദ്ദേഹം വരച്ച കാർട്ടൂണുകൾ വിപ്ലവാത്മകമായിരുന്നു. രാഷ്ട്രീയ വിശകലനത്തിനപ്പുറം 'നോ ആർക്സ്' എന്ന അനിമേഷൻ ചിത്രത്തിലൂടെയും 'സാൾട്ട് ആൻഡ് പെപ്പർ' എന്ന കാർട്ടൂൺ പരമ്പരയിലൂടെയും അദ്ദേഹം പ്രശസ്തനായി. രാജ്യസഭാംഗമായും (1972-78) സേവനമനുഷ്ഠിച്ചിട്ടുണ്ട്.**



നിന്ന് ബിരുദം നേടിയ ശേഷം ബോംബെയിലേക്ക് പോയ അദ്ദേഹം അവിടെ ഒരു ഷിപ്പിങ് കമ്പനിയിൽ ജോലി കണ്ടെത്തുകയും ഒഴിവുസമയങ്ങളിൽ കാർട്ടൂൺ വരയ്ക്കുകയും ചെയ്തു. ദില്ലി ആസ്ഥാനമായുള്ള ഹിന്ദുസ്ഥാൻ ടൈംസിന്റെ എഡിറ്ററായിരുന്ന പോത്തൻ ജോസഫ് ബോംബെ സന്ദർശനവേളയിൽ അദ്ദേഹത്തെ പിടികൂടി. അങ്ങനെ 1932-ൽ ആദ്യമായി കാർട്ടൂണിങ് എന്ന തൊഴിൽ മേഖല ഇന്ത്യയിൽ എത്തി.

### കാർട്ടൂൺ തലസ്ഥാനത്ത് എത്തുന്നു

സ്വയം പഠിച്ചെടുത്ത വരയുമായാണ് തലസ്ഥാനത്ത് എത്തിയതെങ്കിലും ശങ്കറിന്റെ ചിത്രീകരണ പാടവം അസാധാരണമായിരുന്നു. ഹിന്ദുസ്ഥാൻ ടൈംസിന് വേണ്ടിയുള്ള അദ്ദേഹത്തിന്റെ ആദ്യകാല ഡ്രോയിങ്ങുകൾ പോലും ഒരു തുടക്കക്കാരന്റെ ലക്ഷണങ്ങൾ കാണിച്ചിരുന്നില്ല. സാധകം ചെയ്തുറപ്പിച്ച ബ്രഷ് സ്ട്രോക്കുകൾ, അളന്നുമുറിച്ച അനാട്ടമിക്കൽ രൂപമാറ്റങ്ങൾ, ഒരു ഫ്രെയിമിൽ ഇരുപത്തഞ്ചോളം വ്യത്യസ്തമായ കാരിക്കേച്ചറുകൾ ഉൾക്കൊള്ളിക്കാനുള്ള കഴിവ് എന്നിവ അദ്ദേഹത്തിന്റെ സൃഷ്ടികളുടെ സവിശേഷതയായിരുന്നു. എല്ലാറ്റിനുമുപരിയായി, മിന്നൽവേഗത്തിൽ പ്രതികരിക്കുന്ന ഒരു രാഷ്ട്രീയ മനസ്സും അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹം വളർന്നു വന്ന തിരുവിതാംകൂർ, ഇംഗ്ലീഷ് വിദ്യാഭ്യാസം പോലുള്ള ക്ഷേമപ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരുന്ന ഒരു നാട്ടുരാജ്യമായിരുന്നുവെങ്കിലും പ്രാദേശിക രാജഭരണത്തിൽ നിന്നും ബ്രിട്ടീഷ് ഭരണത്തിൽനിന്നും ഒരേസമയം പൂർണ്ണസ്വാതന്ത്ര്യം ആഗ്രഹിക്കുന്ന ഒരു രാഷ്ട്രീയ പ്രതിപക്ഷം അവിടെ സജീവമായിരുന്നു. ദേശീയപ്രസ്ഥാനം അദ്ദേഹത്തിന് രാഷ്ട്രീയബോധം നൽകിയപ്പോൾ, രാജഭരണ കാലത്തെ പരിഷ്കാരങ്ങൾ പ്രതിഷേധിക്കാനും ചോദ്യം ചെയ്യാനുമുള്ള ഭാഷ നൽകി.

തന്റെ രാഷ്ട്രീയ കാഴ്ചപ്പാടിന് അനുയോജ്യമായ പത്രമായ ഹിന്ദുസ്ഥാൻ ടൈംസ്-ൽ തന്നെ ശങ്കർ എത്തിച്ചേർന്നു. ഗാന്ധിജിയുടെ സുഹൃത്തിന്റെ ഉടമസ്ഥതയിലായിരുന്ന 'ഹിന്ദുസ്ഥാൻ ടൈംസ്' കുറച്ചുകാലം എഡിറ്റ് ചെയ്തിരുന്നത് മകൻ ദേവദാസ് ഗാന്ധി തന്നെയായിരുന്നു. കൂടാതെ അഹിംസാവാദിയായ മഹാത്മാവിനെ ഞെട്ടിക്കുന്ന തരത്തിൽ മൂർച്ചയുള്ള ഭാഷയിൽ എഴുതുന്ന എടത്തട്ട നാരായണനെപ്പോലെയുള്ള എഴുത്തുകാരും അവിടെ ഉണ്ടായിരുന്നു. എഡിറ്റോറിയൽ രംഗത്തെ ഈ അതികായന്മാർക്കിടയിൽ, രാവിലെ പത്രം തുറക്കുമ്പോൾ തന്നെ വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കുക എന്നതായിരുന്നു ശങ്കറിനു വെല്ലുവിളി. മുൻപേജിൽ അഞ്ചും ആറും കോളങ്ങളിൽ അച്ചടിച്ചിരുന്ന അദ്ദേഹത്തിന്റെ കാർട്ടൂണുകൾ തലസ്ഥാന നഗരിയുടെ ഉണർത്തുപാട്ടായിരുന്നു. ഒരു പത്രത്തിൽ നിന്ന് അദ്ദേഹത്തിന് ഇതിൽ കൂടുതൽ ഒന്നും ആഗ്രഹിക്കാനുണ്ടായിരുന്നില്ല. ഇടയ്ക്ക് കലയെക്കുറിച്ച് പഠിക്കാനും വിഖ്യാതനായ ഡേവിഡ് ലോയുമായി സംവദിക്കാനുമായി അദ്ദേഹം ലണ്ടനിൽ ഒരു വർഷത്തോളം ചെലവഴിച്ചതൊഴിച്ചാൽ ആ പത്രത്തിലെ നീണ്ട 14 വർഷത്തെ സേവനത്തിനിടയിൽ ശങ്കർ ഇന്ത്യൻ കാർട്ടൂണിനെ മുഖ്യധാരയിലെത്തിച്ചു.


### ശങ്കർ സ്കൂൾ

1947-ൽ ഇന്ത്യ സ്വതന്ത്രമാകുമ്പോഴേക്കും ശങ്കർ ഹിന്ദുസ്ഥാൻ ടൈംസ് വിട്ടിരുന്നു. സ്വന്തമായി എന്തെങ്കിലും ചെയ്യാൻ അദ്ദേഹം ആഗ്രഹിച്ചു. അദ്ദേഹത്തിന്റെ സുഹൃത്തും പിന്നീട് രാജ്യത്തിന്റെ പ്രധാനമന്ത്രിയുമായ ജവഹർലാൽ നെഹ്റു, 'എന്നെ ഒഴിവാക്കരുത്' എന്ന അഭ്യർഥനയോടെ 1948-ൽ'ശങ്കേഴ്സ് വീക്കിലി' ഉദ്ഘാടനം ചെയ്തു. നെഹ്റു മരിക്കുന്നത് വരെയുള്ള അടുത്ത 16 വർഷങ്ങളിൽ, നെഹ്റുവിനെക്കുറിച്ചുള്ള പതിനായിരക്കണക്കിന് കാർട്ടൂണുകൾ വരച്ച് ശങ്കർ ആ അഭ്യർഥന നിറവേറ്റി. എന്നാൽ പരിഹാസത്തിന്റെ മൂർച്ചയുള്ള ശരങ്ങൾ അദ്ദേഹം കരുതിവെച്ചത് പ്രധാനമന്ത്രിക്ക് ചുറ്റുമുള്ളവർക്ക് വേണ്ടിയായിരുന്നു.

അതിനിടയിൽ, 'ശങ്കേഴ്സ് വീക്കിലി' അതിന്റെ സർക്കുലേഷനേക്കാൾ എത്രയോ മടങ്ങ് വായനക്കാരുള്ള രാജ്യത്തെ പ്രമുഖ കാർട്ടൂൺ വാരികയായി ദേശീയ ശ്രദ്ധ നേടിയിരുന്നു. ട്രേഡ് യൂണിയൻ

> **സ്വയം പഠിച്ചെടുത്ത വരയുമായാണ് തലസ്ഥാനത്ത് എത്തിയതെങ്കിലും ശങ്കറിന്റെ ചിത്രീകരണ പാടവം അസാധാരണമായിരുന്നു**

# ഒ വി വിജയൻ




**1930-ൽ പാലക്കാട് ജനിച്ച ഒ.വി. വിജയൻ ഖസാക്കിന്റെ ഇതിഹാസം പോലെ മലയാളസാഹിത്യത്തിലെ വഴിത്തിരിവ് സൃഷ്ടിച്ച കൃതികളിലൂടെയാണ് കൂടുതൽ അറിയപ്പെടുന്നത്. എന്നാൽ എഴുത്തുകാരൻ എന്നതിനൊപ്പം തന്നെയാണ് ഒ.വി.വിജയൻ എന്ന കാർട്ടൂണിസ്റ്റിന്റെയും സ്ഥാനം. 1958-ൽ ഡെൽഹി തന്റെ കാർട്ടൂണുകളുടെ തട്ടകമാക്കി. യുദ്ധം, സമാധാനം, സ്വാതന്ത്ര്യം, പരിസ്ഥിതി, വിപ്ലവം, വിപ്ലവാനന്തരകാലം തുടങ്ങിയവയെല്ലാം അദ്ദേഹത്തിന്റെ വരയ്ക്ക് വിഷയമായി. ശങ്കേഴ്സ് വീക്കിലി, പേട്രിയറ്റ്, ഫാർ ഈസ്റ്റേൺ ഇക്കണോമിക് റിവ്യു, ദി ഹിന്ദു, ദി സ്റ്റേറ്റ്സ്മാൻ, മാതൃഭൂമി, കലാകൗമുദി വാരിക, ന്യൂസ് ടൈം, ഇക്കണോമിക് ആൻഡ് പൊളിറ്റിക്കൽ വീക്ക്ലി തുടങ്ങിയവയിൽ അദ്ദേഹം കാർട്ടൂണുകൾ വരച്ചിട്ടുണ്ട്. 1958-ൽ ശങ്കേഴ്സ് വീക്ക്ലിയിൽ എഴുതാനും വരയ്ക്കാനും തുടങ്ങിയതോടെ രാഷ്ട്രീയ വിമർശനത്തിന്റെ മൂർച്ച കൂടി. 1963-ൽ പാട്രിയറ്റിൽ സ്റ്റാഫ് കാർട്ടൂണിസ്റ്റായി. എഴുപതുകളിലാണ് വിജയൻ ദി ഹിന്ദുവിൽ വരച്ചുതുടങ്ങുന്നത്. ദി ഹിന്ദുവിലും ദി സ്റ്റേറ്റ്സ്മാനിലും എഡിറ്റോറിയൽ കാർട്ടൂണിസ്റ്റായിരുന്നു. വിപ്ലവവും ആത്മീയതയും അദ്ദേഹത്തിന്റെ രചനകളിൽ ഒന്നിച്ചതുപോലെ, തത്ത്വചിന്തയും രാഷ്ട്രീയവും അദ്ദേഹത്തിന്റെ കാർട്ടൂണുകളിൽ ലയിച്ചു. അദ്ദേഹത്തിന്റെ കാർട്ടൂണുകൾ സമാഹരിച്ച് 'ഇത്തിരി നേരമ്പോക്ക്, ഇത്തിരി ദർശനം' എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. 2005 മാർച്ച് 30ന് നിര്യാതനായി.**

ഓഫീസുകൾ മുതൽ സർവകലാശാലാ ലൈബ്രറികളിലും ആഢ്യൻമാരുടെ ക്ലബ്ബകളിലും ഒക്കെ ഇതിനു വലിയ തോതിൽ വരിക്കാരുണ്ടായിരുന്നു. കൂടാതെ,വളർന്നു വരുന്ന കാർട്ടൂണിസ്റ്റുകൾക്കായി ശങ്കർ വാരികയുടെ പല പേജുകളും മാറ്റിവെച്ചു. യുവ ജനാധിപത്യത്തിലെ നേതാക്കളോട് 'മാന്യത'കാണിക്കണം എന്ന അലിഖിത നിയമങ്ങളെ കാറ്റിൽ പറത്താൻ ശേഷിയുള്ള ഒരു പുതുതലമുറ കാർട്ടൂണിസ്റ്റുകൾ വളർന്നു വന്നു.

ശങ്കറിന്റെ പ്രധാന ശിഷ്യനായ കുട്ടി,തന്റെ ഗുരുവിന്റെ രീതികളിൽ നിന്നും മാറി, അന്നന്നത്തെ വാർത്തകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന, അത്ര ജനനിബിഢമല്ലാത്ത ഫ്രെയിമുകളിലേക്ക് മാറി. ഇന്ത്യൻ കാർട്ടൂണിസ്റ്റുകളുടെ മാതൃക ഡേവിഡ് ലോയിൽ നിന്ന് വിക്കിയിലേക്ക് മാറുകയായിരുന്നു. ചിന്താപരതയിൽ നിന്ന് വൈകാരികമായ തീക്ഷ്ണതയിലേക്കുള്ള ഒരു മാറ്റവും കൂടിയായിരുന്നു അത്. വാർത്തകളുടെ വേഗത വർധിച്ചുകൊണ്ടിരുന്ന ആ കാലത്തിന് കുട്ടിയുടെ ഈ ശൈലീമാറ്റം അനുയോജ്യമായിരുന്നു. 1950-കളിലും 60-കളിലും ദേശീയരാഷ്ട്രീയം നെഹ്റുവിയൻ ശൈലിയിൽ നിന്നും കോൺഗ്രസ് കേന്ദ്രീകൃതമായ അവസ്ഥയിൽ നിന്നും മാറിത്തുടങ്ങിയിരുന്നു. പഞ്ചാബിൽ അകാലികളും കേരളത്തിലും പശ്ചിമ ബംഗാളിലും കമ്മ്യൂണിസ്റ്റുകളും തമിഴ്നാട്ടിൽ ദ്രാവിഡ പാർട്ടികളും നെഹ്റുവിന്റെ പാർട്ടിയെ ശക്തമായി വെല്ലുവിളിച്ചു.

രാഷ്ട്രീയം അതിന്റെ കേന്ദ്രസ്ഥാനം നഷ്ടപ്പെട്ട് പലവിധ കാഴ്ചകളുള്ള ഒരു




ഒ.വി. വിജയന്റെ വര

കാർണിവൽ പോലെയായി തുടങ്ങി.ഇതെല്ലാംതന്നെ കുട്ടി തന്റെ കാർട്ടൂണുകളിലൂടെ, ഹിന്ദുസ്ഥാൻ സ്റ്റാൻഡേർഡിന് വേണ്ടി പകർത്തി. തന്റെ തൊഴിൽ മേഖലയിൽ ഒരു ശ്രദ്ധേയമായ വഴിത്തിരിവിലേക്ക് അദ്ദേഹം എത്തുകയായിരുന്നു. വിവർത്തനം ചെയ്യാൻ എളുപ്പമുള്ള ലളിതമായ ക്യാപ്ഷനുകളും ദൃശ്യാധിഷ്ഠിതമായ ശൈലിയും ഉപയോഗിച്ച്, ചുരുക്കം ചില കാർട്ടൂണിസ്റ്റുകൾക്ക് മാത്രം സാധ്യമായ രീതിയിൽ ഭാഷാ അതിരുകൾ ഭേദിച്ചു കൊണ്ട് അദ്ദേഹം തന്റേതായ ഇടം കണ്ടെത്തി. ആനന്ദ ബസാർ പത്രികയിൽ അദ്ദേഹം ഒരു തരംഗമായി മാറി, അതും അദ്ദേഹത്തിന് ഒട്ടും അറിവില്ലാതിരുന്ന ബംഗാളി ഭാഷയിൽ.

ശങ്കേഴ്സ് വീക്കിലി ഒരിക്കലും ഒരു പ്രത്യേക ശൈലിയിലോ ചട്ടക്കൂടിലോ ഒതുങ്ങിനിൽക്കാൻ ആഗ്രഹിച്ചിരുന്നില്ല. ശങ്കർ എന്ന അച്ചിൽ നിന്ന് കുട്ടി ഒച്ചപ്പാടില്ലാതെ പുറത്തുകടന്നപ്പോൾ, യുവ തുർക്കികൾ

ശങ്കർ മാതൃകയെ അടിമുടി പൊളിച്ചെഴുതി. സാമുവൽ, ദി ടൈംസ് ഓഫ് ഇന്ത്യയിൽ ചേരുകയും1953-ൽ രാജ്യത്തെ ആദ്യത്തെ പോക്കറ്റ് കാർട്ടൂണായ 'ദിസ് ഈസ് ഡൽഹി' സൃഷ്ടിക്കുകയും ചെയ്തു. വിഭജനാനന്തര കാലത്ത് അതിർത്തിക്കപ്പുറത്തേക്ക് അത് ആസ്വാദക വൃന്ദത്തെ കണ്ടെത്തി. പാകിസ്ഥാൻ പത്രങ്ങൾ ഇത് 'ദിസ് ഈസ് ലാഹോർ'എന്ന പേരിൽ സ്വതന്ത്രമായി പ്രസിദ്ധീകരിച്ചു. പിന്നീട് 'ബാബുജി'എന്ന് പുനർനാമകരണം ചെയ്യപ്പെട്ട ഈ ജനപ്രിയ കാർട്ടൂണുമായി സാമുവൽ ദി ഇന്ത്യൻ എക്സ്പ്രസ്സിലേക്ക് മാറി.

ശങ്കറിന്റെ മറ്റൊരു അനുയായിയായ രംഗ, തന്റെ തനതായ ദ്രുത രചനയിലൂടെ ഒരു സ്പോട്ട് കാരിക്കേച്ചറിസ്റ്റായി മാറി. ശങ്കേഴ്സ് വീക്കിലിയിലെ ഒരു ചെറിയ കാലയളവിന് ശേഷം അബു എബ്രഹാം ലണ്ടനിലേക്ക് കുടിയേറി. അദ്ദേഹത്തിന്റെ സരളവും മനോഹരവുമായ രേഖകൾ അവിടെ അദ്ദേഹത്തിന് വലിയൊരു ആരാധക വൃന്ദത്തെ സൃഷ്ടിച്ചു നൽകി.

1960-കളുടെ അവസാനത്തിൽ ഇന്ത്യയിൽ തിരിച്ചെത്തിയ അബു, അക്കാലത്തെ ഇന്ദിരാഗാന്ധിയുടെ സംഭവബഹുലമായ ഇന്ത്യയെ നാടോട്ടുക്കമുള്ള 'ഇന്ത്യൻ എക്സ്പ്രസ്സി'ന്റെ എഡിഷനുകളിലൂടെ രേഖപ്പെടുത്തി. രാജ്യമെമ്പാടുമുള്ള വായനക്കാർക്ക് അതൊരു ഒഴിച്ചുകൂടാനാവാത്ത തുടരനുഭവമായിരുന്നു. ഇന്നത്തെ ടെലിവിഷൻ ചർച്ചകളിലെ നടത്തിപ്പുകാരെപ്പോലെ, അബു ചുരുക്കെഴുത്തിൽ കുറിച്ചിട്ട രണ്ട് കോൺഗ്രസ്സുകാർ എന്നും രാഷ്ട്രീയ സംവാദങ്ങളിൽ ഏർപ്പെട്ടു.

അതുവരെ കണ്ടുശീലിച്ച രീതികളിൽ നിന്നെല്ലാം തീർത്തും വ്യത്യസ്തനായിരുന്നു ഒ.വി. വിജയൻ. അനാട്ടമി അഥവാ ശാരീരിക രൂപഘടനയെ ആവോളം ഉപേക്ഷിച്ച അദ്ദേഹം തന്റെ കഥാപാത്രങ്ങളെ ജ്യാമിതീയ രൂപങ്ങളായി ചുരുക്കുകയും ഇന്നത്തെ കമ്പ്യൂട്ടർ ഗ്രാഫിക്സിന് സമാനമായ രീതിയിൽ അവയെ വിന്യസിക്കുകയും ചെയ്തു.ചിത്രത്തിന്റെ പശ്ചാത്തലം അപ്പാടെ ഒഴിച്ചിടുകയോ പരുക്കൻ തുണി ഉപയോഗിച്ച് കറുത്ത മഷി പടർത്തി ഇരുണ്ട അന്തരീക്ഷം സൃഷ്ടിക്കുകയോ ചെയ്തു. ഇത് വരാനിരിക്കുന്ന ഇരുണ്ട നാളുകൾക്കായി അദ്ദേഹം കാർട്ടൂണുകളെ പാകപ്പെടുത്തുകയാണെന്ന് തോന്നിപ്പിച്ചു.

പ്രഗത്ഭനായ എഴുത്തുകാരനും കൂടി ആയതുകൊണ്ട് വിജയൻ പരോക്ഷമായ സൂചനകൾ നിറഞ്ഞ അടിക്കുറിപ്പുകൾ എഴുതുകയും വാക്കുകൾ കൊണ്ട് അമ്മാനമാടുകയും ചെയ്തു.1970-കളുടെ പകുതിയോടെ കാർട്ടൂണിന്റെ രൂപവും ഭാവവും കൂടുതൽ ഇരുളുകയും കാർട്ടൂണിസ്റ്റിന്റെ കാഴ്ചപ്പാട് കൊടും നിരാശയിലേക്ക് കൂപ്പുകുത്തുകയും ചെയ്തു.




## കുട്ടി



ഇന്ത്യയിലെ പ്രമുഖ കാർട്ടൂണിസ്റ്റുകളിലൊരാളാണ് പുതുക്കൊടി കൊട്ടുതൊടി ശങ്കരൻകുട്ടി എന്ന കാർട്ടൂണിസ്റ്റ് കുട്ടി. 1921 സെപ്തംബർ 4-ന് ഒറ്റപ്പാലത്ത് ജനിച്ച അദ്ദേഹം ഹൈസ്കൂൾ കാലം മുതൽ കാർട്ടൂണുകൾ വരച്ചിരുന്നു. കോളേജിൽ അധ്യാപകനായിരുന്ന സഞ്ജയന്റെ സ്വാധീനത്താൽ കാർട്ടൂൺ ഗൗരവമായി കാണാൻ തുടങ്ങിയ കുട്ടി, സഞ്ജയന്റെ വിശ്വരൂപം വാരികയിൽ കാർട്ടൂണിസ്റ്റായി പ്രവർത്തിച്ചു. പിന്നീട് ഡൽഹിയിലെത്തിയ കുട്ടി കാർട്ടൂണിസ്റ്റ് ശങ്കറിന്റെ കീഴിൽ ആറ് മാസത്തെ പരിശീലനത്തിനുശേഷം 1941 ജനുവരി 2-ന് ജവഹർലാൽ നെഹ്റു തുടക്കമിട്ട ലക്നോയിൽ നിന്നു പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന നാഷണൽ ഹെറാൾഡ് എന്ന ഇംഗ്ലീഷ് ദിനപത്രത്തിൽ കാർട്ടൂണിസ്റ്റായി. ക്വിറ്റ് ഇന്ത്യാ സമരകാലത്ത് നാഷണൽ ഹെറാൾഡ് അടച്ചുപൂട്ടി. തുടർന്ന് 1943 മുതൽ 1945 വരെ മദ്രാസിൽ നിന്നുള്ള മദ്രാസ് വാർ റിവ്യൂ എന്ന പ്രസിദ്ധീകരണത്തിലും, 1945 മുതൽ 1946 വരെ ബോംബെയിൽ നിന്നുള്ള ഫ്രീ പ്രസ് ജേർണൽ എന്ന പത്രത്തിലും പ്രവർത്തിച്ചു. 1946-ൽ ഡൽഹിയിൽ മടങ്ങി എത്തിയ അദ്ദേഹം 1951 വരെ നാഷണൽ കോൾ, അമർഭാരത്, ഇന്ത്യൻ ന്യൂസ് ക്രോണിക്കിൾ തുടങ്ങിയ വിവിധ പ്രസിദ്ധീകരണങ്ങളിൽ പ്രവർത്തിച്ചു. 1948-ൽ ആരംഭമിട്ട ശങ്കേഴ്സ് വീക്കിലിയിലും കുട്ടിയുടെ കാർട്ടൂണുകൾ വന്നിരുന്നു. 1951-ൽ കൊൽക്കത്തയിലെ ആനന്ദബസാർ ഗ്രൂപ്പിൽ ചേർന്ന കുട്ടി 35 വർഷം ആനന്ദബസാർ പത്രിക ഉൾപ്പെടെയുള്ള അവരുടെ വിവിധ പ്രസിദ്ധീകരണങ്ങളിൽ പ്രവർത്തിച്ചു. തുടർന്ന് ആജ്കൽ ഗ്രൂപ്പിൽ അംഗമായി. വായിക്കാനറിയാത്തവർക്കുപോലും ആസ്വദിക്കാൻ കഴിയുന്നതാവണം കാർട്ടൂൺ എന്ന് കുട്ടി വിശ്വസിച്ചിരുന്നു. അതിനാൽ അദ്ദേഹം തന്റെ രചനകളിൽ പരമാവധി എഴുത്ത് കുറച്ചു. 1997-ൽ സജീവ കാർട്ടൂൺ രചന അവസാനിപ്പിച്ച് അമേരിക്കയിലേക്ക് താമസം മാറിയ അദ്ദേഹം 2011 ഒക്ടോബർ 22ന് അന്തരിച്ചു.

> ഡൽഹിയിൽ കാർട്ടൂണുകളുടെ സദ്യ വട്ടം നടക്കുമ്പോൾ മുംബൈയിലെ ചൗപാട്ടിയിൽ സാധാരണക്കാരന്റെ പാവ് ഭാജി പോലെ ആർ.കെ. ലക്ഷ്മണിന്റെ കാർട്ടൂണുകൾ വന്നു തുടങ്ങി

GRANDPA AT PLAY



Panditji has expressed his pleasure in receiving children and letting them play in the spaciou gardens of his residence. (January 2

## സെൻസർ ചെയ്യപ്പെട്ട കാർട്ടൂൺ കാലം

1975ജൂണിൽ രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെടുകയും പത്രമാധ്യമങ്ങൾക്ക് മേൽ പൂർണ്ണമായ സെൻസർഷിപ്പ് ഏർപ്പെടുത്തുകയും ചെയ്തു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിൽ മാധ്യമങ്ങൾക്കേറ്റ ആദ്യ പ്രഹരമായിരുന്നു ഇത്. ഇത് ഏറ്റവും കൂടുതൽ തളർത്തിയത് കാർട്ടൂണിസ്റ്റുകളെയായിരുന്നു.സെൻസർഷിപ്പിനെ മറികടക്കുന്ന രീതിയിലുള്ള കാർട്ടൂണുകൾ തുടർച്ചയായി നിർമ്മിക്കുക എന്നത് ഒരു കാർട്ടൂണിസ്റ്റിനെ സംബന്ധിച്ചിടത്തോളം അസാധ്യമായ ഒന്നായിരുന്നു.

അടിയന്തരാവസ്ഥ ഉണ്ടാക്കിയ ഏറ്റവും വലിയ നഷ്ടം ശങ്കേഴ്സ് വീക്കിലിയുടെ തിരോധാനം ആയിരുന്നു. സെൻസർഷിപ്പിന്റെ ആദ്യത്തെ കുറച്ച് മാസങ്ങൾക്ക് ശേഷംതന്നെ ശങ്കേഴ്സ് വീക്കിലി അടച്ചുപൂട്ടി.

അടിയന്തരാവസ്ഥ പിൻവലിച്ചതിനെത്തുടർന്ന് രാജ്യത്ത് മാധ്യമരംഗത്ത് വലിയ കുതിച്ചുചാട്ടം ഉണ്ടായെങ്കിലും തിരിഞ്ഞു നോക്കുമ്പോൾ നമുക്ക് എല്ലാത്തരം പ്രസിദ്ധീകരണങ്ങളും ഉണ്ടായെങ്കിലും ദേശീയ തലത്തിൽ ഒരു ആക്ഷേപഹാസ്യ ആനുകാലികം ഇല്ലാതെ പോയി.

ശങ്കറിന് പുറത്തും കാർട്ടൂൺ രംഗത്ത് വലിയ ചലനങ്ങൾ സംഭവിച്ചിട്ടുണ്ട്. ഹിന്ദുസ്ഥാൻ ടൈംസിൽ ശങ്കറിന്റെ പിൻഗാമിയായി എത്തിയ അഹമ്മദ് (അവാലറ), എഡിറ്റോറിയൽ കാർട്ടൂണുകളിൽ തന്റെ മുദ്ര പതിപ്പിക്കുകയും തലസ്ഥാനത്തെ ആദ്യത്തെ ജനപ്രിയ സോഷ്യൽ കോമിക് ആയ'ചന്ദു'വിന് തുടക്കം കുറിക്കുകയും ചെയ്തു.1959-ൽ പത്രത്തിന്റെ എഡിറ്ററായിരുന്ന എസ്. മുൾഗാവോക്കർ, തലസ്ഥാനത്തെ രാഷ്ട്രീയക്കാർക്ക് പ്രതിദിനം ഓരോ ഡോസ് നൽകേണ്ടതുണ്ടെന്ന് തീരുമാനിച്ചു. ലണ്ടനിലെ ഗ്ലാസ്ഗോ ഹെറാൾഡിലും ദ ഗാർഡിയനിലും ജോലി ചെയ്ത് പുതുതായി വന്ന 25-കാരനായ രജീന്ദർ പുരി,ശക്തമായ രാഷ്ട്രീയ നിരീക്ഷണങ്ങളിലൂടെയും പത്രത്താളുകളെ എരിക്കാൻ കെൽപ്പുള്ള ചിത്രണത്തിലൂടെയും പെട്ടെന്നുതന്നെ ശ്രദ്ധിക്കപ്പെട്ടു. അസാമാന്യമായ കാരിക്കേച്ചർ വൈദഗ്ധ്യമുള്ള അദ്ദേഹം, നെഹ്റുവിന് ശേഷമുള്ള കാലഘട്ടത്തിലെ വൈവിധ്യമാർന്ന രാഷ്ട്രീയ വ്യക്തിത്വങ്ങളെ സുഗമമായി നേരിട്ടു. എഡിറ്റോറിയൽ കാർട്ടൂണുകൾക്കും ഇടയ്ക്കിടെയുള്ള പോക്കറ്റ് കാർട്ടൂണുകൾക്കും പുറമേ, രാജ്യത്തെ ഏറ്റവും പഴക്കമുള്ള രാഷ്ട്രീയ സ്ട്രിപ്പായ'ന്യൂസ് ഹൗണ്ട്'അദ്ദേഹം കൈകാര്യം ചെയ്തു. ബ്രഷ്,സ്ക്രീൻ ടിന്റുകൾ, ഡിപ്പ് & ഡ്രോ ക്രോക്വിൽ, ഇപ്പോഴത്തെ ഫെൽറ്റ് പെൻ, തുടങ്ങി പരീക്ഷിച്ച സകലമാന ചിത്രണ സമഗ്രികളിലൂടെയും അദ്ദേഹത്തിന്റെ വ്യതിരിക്തമായ ശൈലി തെളിഞ്ഞു നിന്നു. പിന്നീട് ഗ്രാഫിക് സോഫ്റ്റ് വെയറിലേക്ക് മാറുകയും മിക്ക ചെറുപ്പക്കാരേക്കാളും സമർഥമായി മൗസ് ഉപയോഗിക്കുകയും ചെയ്തു.

## കാർട്ടൂൺ മഹാനഗരത്തിൽ

ഡൽഹിയിൽ കാർട്ടൂണുകളുടെ സദ്യ വട്ടം നടക്കുമ്പോൾ മുംബൈയിലെ ചൗപാട്ടിയിൽ സാധാരണക്കാരന്റെ പാവ് ഭാജി പോലെ ആർ.കെ. ലക്ഷ്മണിന്റെ കാർട്ടൂണുകൾ വന്നു തുടങ്ങി. ആർ.കെ. ലക്ഷ്മണാണ് നമുക്ക് ആദ്യത്തെ മഹാനഗര കാർട്ടൂണിസ്റ്റ്.. ഇങ്ങു തെക്കെ ഇന്ത്യയിലെ

മൈസൂരിൽ നിന്നുള്ള ഈ കുടിയേറ്റക്കാരൻ ദി ടൈംസ് ഓഫ് ഇന്ത്യയുടെ മുൻ പേജിലൂടെ 60 വർഷമായി മുംബൈ ഉൾക്കൊള്ളുന്ന ദശലക്ഷക്കണക്കിന് സാധാരണക്കാരുടെ മനസ്സ് വായിച്ചു കൊണ്ടിരുന്നു. മുംബൈ എന്ന നഗരം ഇന്ത്യയുടെ ഒരു കൊച്ചു പതിപ്പാകയാൽ, പത്രത്തിന്റെ പുതിയ എഡിഷനുകളിലൂടെ ലക്ഷ്മണിന് രാജ്യം മുഴുവൻ എളുപ്പത്തിൽ സ്വീകാര്യത ലഭിച്ചു. അതുല്യനായ ഈ കലാകാരനും അദ്ദേഹം സൃഷ്ടിച്ച സാധാരണക്കാരനായ'കോമൺ മാൻ'എന്ന കഥാപാത്രവും വളരെ വേഗം തന്നെ ദേശീയ ഐക്കണുകളായി മാറി."ഇന്ത്യക്കാർ അത്തരത്തിലാണ് സംസാരിക്കുന്നത്"എന്ന കാരണത്താൽ, ദൈർഘ്യമേറിയ അടിക്കുറിപ്പുകൾ നൽകിക്കൊണ്ട് അദ്ദേഹം പോക്കറ്റ് കാർട്ടൂണുകളെ ഇന്ത്യൻ സാഹചര്യങ്ങൾക്കനുസൃതമായി മാറ്റിയെടുത്തു. ഡേവിഡ് ലോ-യുടെ ശൈലിയിൽ നിന്ന് സ്വീകരിച്ച ബ്രഷ് സ്ട്രോക്കുകൾ ഉപയോഗിച്ച്, സന്ദർഭോചിതമായ ഹാസ്യം സൃഷ്ടിക്കാൻ അദ്ദേഹം സൂക്ഷ്മമായ വിശദാംശങ്ങളോടെ വരയ്ക്കുന്നു. അദ്ദേഹത്തിന്റെ എഡിറ്റോറിയൽ കാർട്ടൂണുകൾ പോലും യാഥാർഥ്യത്തോട് അടുത്ത് നിൽക്കുന്നതും പ്രകോപനപരമാകുന്നതിനേക്കാൾ ഉപരി വിരോധാഭാസങ്ങൾ നിറഞ്ഞതുമാണ്. ഭരണവർഗത്തെ കുറിച്ച് പരാതിപ്പെടാനും അവരുമായി ബന്ധം പുലർത്താനും ആഗ്രഹിക്കുന്ന, എന്നാൽ സുരക്ഷിതമായ ഒരു അകലം പാലിക്കാൻ ഇഷ്ടപ്പെടുന്ന നഗരവൽക്കരിക്കപ്പെട്ട മധ്യവർഗത്തിന് ഈ ശൈലി തികച്ചും അനുയോജ്യമാണ്. അവരാണ് ലക്ഷ്മണന്റെ വായനക്കാർ. ലക്ഷ്മൺ കാർട്ടൂൺ നിങ്ങളെ ഒരിക്കലും പ്രകോപിപ്പിക്കില്ല, മറിച്ച് അധികാരികളെ എന്നും അവിശ്വാസത്തോടെ കാണാൻ പാകത്തിൽ നിങ്ങളെ ബോധവാന്മാരാക്കി നിലനിർത്തുന്നു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ അമേരിക്കൻ മെട്രോപൊളിറ്റൻ നഗരങ്ങൾ കെട്ടിപ്പടുത്ത കുടിയേറ്റക്കാരുടെ വരവും സ്ട്രിപ് കാർട്ടൂണുകളുടെ വളർച്ചയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അമേരിക്കൻ കാർട്ടൂൺ ചരിത്രകാരി ജൂഡിത്ത് ഒ സള്ളിവൻ പ്രതിപാദിക്കുന്നുണ്ട്. അര നൂറ്റാണ്ടിനുശേഷം മുംബൈയിൽ, ജോലിയും ഭാഗ്യവും ഒരു വൻ ജീവിതവും തേടി വന്നവർക്ക് മുന്നിൽ ഒരു കണ്ണാടി പിടിച്ചുകൊണ്ട് ലക്ഷ്മൺ ചെയ്യുന്നതും ഇത് തന്നെയാണ്. വെറുമൊരു ഒറ്റ കോളം പോക്കറ്റ് കാർട്ടൂണിലൂടെയായിരുന്നു അദ്ദേഹം ഇത് സാധ്യമാക്കിയത്.

കാർട്ടൂണുകളിലെ എല്ലാ വിഭാഗങ്ങളിലും വെച്ച്, ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം നിലനിന്നുപോരുന്നത് ഈ ചെറിയ ചതുരമാണ്. സ്വതന്ത്ര ഇന്ത്യയിലെ ബ്യൂറോക്രാറ്റിക് ഡൽഹിയെ പിന്തുടരാൻ സാമുവൽ തുടക്കമിട്ട ഈ ഇന്ത്യൻ പോക്കറ്റ് കാർട്ടൂൺ



പിന്നീട് പുതിയ മാനങ്ങൾ കണ്ടെത്തി. ഒരു നഗരത്തിന്റെ സാമൂഹിക ചലനങ്ങളും രാഷ്ട്ര തലസ്ഥാനത്തിന്റെ ഭരണ വ്യവഹാരങ്ങളും ഉൾചേർത്തു ഇരട്ടമുഖത്തോടെ പെരുമാറിയിരുന്ന ഡൽഹിയുടെ 1970 കളും 80 കളും രേഖപ്പെടുത്താൻ സുധീർ ധർ ഈ മാധ്യമം ഉപയോഗിച്ചു. അതിലേക്ക്, ഹിന്ദുസ്ഥാൻ ടൈംസിൽ അദ്ദേഹത്തിന്റെ പിൻഗാമിയായ സുധീർ തായ്ലാങ്,രാജസ്ഥാനി നാടോടി കലാരൂപങ്ങളെ അനുസ്മരിപ്പിക്കുന്ന കഥാപാത്രങ്ങളും രാഷ്ട്രീയവും ഇഴചേർത്തു. 'ദി ഇക്കണോമിക് ടൈംസി'ലെ തങ്ങളുടെ പോക്കറ്റ് കാർട്ടൂണുകളിലൂടെ മാരിയോ മിറാൻഡയും സലാമും കോർപ്പറേറ്റ് തൊഴിലിടങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. മരിയോയ്ക്ക് കോമിക്




കല എന്നത് അദ്ദേഹത്തിന്റെ രക്തത്തിൽ അലിഞ്ഞു ചേർന്ന ഒന്നാണ്. അലസമായി കോടി ഇടുമ്പോൾ പോലും നർമ്മത്തിന്റെ മർമ്മത്തിൽ അദ്ദേഹം തൊട്ടിരിക്കും .

## കാർട്ടൂൺ ഹൈടെക് ആകുന്നു

സലാം, ഇർഫാൻ ഹുസൈൻ, നീലഭ്, ജയന്തോ പിന്നീട് വന്ന പ്രസാദ്, ശേഖർ ഗുരേര, മഞ്ജുൾ, ബോണി തോമസ്, ജയചന്ദ്രൻ എന്നിവർ എഡിറ്റോറിയൽ വഴിയിലൂടെയല്ലാതെ ഡിസൈൻ/ഗ്രാഫിക്സ് മേഖലയിലൂടെ ഈ രംഗത്തേക്ക് കടന്നു വന്ന തലമുറയെ പ്രതിനിധീകരിക്കുന്നു. ഇവരിലൂടെ കാർട്ടൂൺ രംഗത്ത് സാങ്കേതികവിദ്യയുടെ പുതുയുഗം എത്തുകയായിരുന്നു. ടൈംസ് ഓഫ് ഇന്ത്യയിൽ അജിത് നൈനാൻ രാഷ്ട്രീയം മുതൽ കായികം വരെയുള്ള വിഷയങ്ങളിൽ സ്വതന്ത്ര കാർട്ടൂണുകൾ വരയ്ക്കുകയും,വാർത്താ കഥകൾക്കും പത്രാധിപ ലേഖനങ്ങൾക്കും കാർട്ടൂൺ ചിത്രീകരണങ്ങളോ ഗ്രാഫിക്കുകളോ നൽകി പിന്തുണക്കുകയും, ബിസിനസ് പേജിനായി ഒരു ഗ്രാഫിക് ചതുരത്തിൽ ഒരുപിടി കാരിക്കേച്ചറുകൾ ഒതുക്കിവരയ്ക്കുകയും ചെയ്തു. ഇത്രയും ചെയ്തെടുക്കാൻ വേണ്ട അസാമാന്യ വേഗത കാണുമ്പോൾ അദ്ദേഹം രണ്ട് കൈകൾ കൊണ്ടും കമ്പ്യൂട്ടർ സ്റ്റൈലസ് കൊണ്ടും ഒരേസമയം വരയ്ക്കുകയാണോ എന്ന് തോന്നിപ്പോകും. എന്നാൽ സാങ്കേതികവിദ്യ മാത്രമുപയോഗിച്ചല്ല അദ്ദേഹം തന്റെ കലാസൃഷ്ടി നടത്തിയത്, കൈകൊണ്ടു വരച്ച ചിത്രങ്ങളിൽ ഗ്രാഫിക് സോഫ്റ്റ് വെയറുകൾ  ഉപയോഗിച്ച് കൂടുതൽ മിഴിവ് വരുത്തുകയാണ് അദ്ദേഹം ചെയ്യുന്നത്. എന്നാൽ മികച്ച സാങ്കേതിക പരിശീലനം ലഭിച്ച ആർക്കിടെക്റ്റായ പൊന്നപ്പ, എഞ്ചിനീയറായ രവി കാന്ത് എന്നീ കാർട്ടൂണിസ്റ്റുകളുടെ വരകളിൽ യാന്ത്രികത സാന്നിധ്യം പ്രകടമല്ല. സാങ്കേതിക വിദ്യ വിശാലമായി ഉപയോഗിച്ചത് പഴയ രീതിയിൽ വരച്ചു വളർന്ന രവിശങ്കറാണ്. ഇന്ത്യ ടുഡേയിലെ അദ്ദേഹത്തിന്റെ കാർട്ടൂണുകൾ കമ്പ്യൂട്ടർ നിർമ്മിതമാണെങ്കിലും കാർട്ടൂണിന്റെ അടിസ്ഥാന ധർമ്മം പരിപൂർണ്ണമായി നിലനിർത്തുന്നു.  സാങ്കേതികവിദ്യ അത്രയൊന്നും വളരാത്ത 1980-കളിൽ, അരുൺ ഷൂരി എഡിറ്ററായിരുന്ന'ഇന്ത്യൻ എക്സ്പ്രസ്സിൽ' നിശിത വിമർശനമുള്ള കാർട്ടൂണുകളിലൂടെ അദ്ദേഹം ദേശീയ ശ്രദ്ധ നേടി.  ഇത്തരത്തിലുള്ള 'അഡ്വക്കസി കാർട്ടൂണിങ്' (ഒരു പ്രത്യേക നിലപാടിനായി നിലകൊള്ളുന്നത്) ഇന്ത്യയിൽ അപൂർവമാണെങ്കിലും 1992 ഡിസംബറിൽ ബാബറി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ കാർട്ടൂണിസ്റ്റുകളുടെ കൂട്ടായ പ്രതിഷേധം നമ്മൾ കാണുകയുണ്ടായി.

ആവേശംകൊണ്ടു മാത്രം ഒരു പ്രൊഫഷന് സ്വയം നിലനിൽക്കാൻ കഴിയുമോ? ആവേശം തിളയ്ക്കുന്ന ഘട്ടങ്ങൾക്കിടയിലുള്ള ശാന്തസമയങ്ങളിൽ, പത്രങ്ങൾ കാർട്ടൂണുകളെ ഒരു പരിധിവരെ നിസ്സംഗതയോടെയാണ് കൈകാര്യം ചെയ്യുന്നത്. നമ്മുടെ രാഷ്ട്രീയം ബിസിനസ്സിലേക്കും ആഗോള വിഷയങ്ങളിലേക്കും വ്യാപിക്കുകയും,ഭരണവിരുദ്ധ വികാരം വച്ചുപുലർത്തുന്ന വോട്ടർമാർ സർക്കാരുകളെ മാറിമാറി പുറത്താക്കുകയും ചെയ്യുന്ന കാലത്ത്, വാർത്താ കാർട്ടൂണുകളുടെ വ്യാപ്തിയും പ്രഹരശേഷിയും വർധിക്കുമെന്നാണ് കരുതപ്പെട്ടിരുന്നത്. എന്നാൽ അക്ഷരാർത്ഥത്തിൽ അത് ചുരുങ്ങുകയാണ് ചെയ്യുന്നത്. പലപ്പോഴും പത്രങ്ങളിൽ എഡിറ്റോറിയൽ കാർട്ടൂണുകൾ പ്രത്യക്ഷപ്പെടുന്നത് ഒരു 'ബോൺസായ്' രൂപത്തിലാണ്. 1990-കളിൽ പാശ്ചാത്യ രാജ്യങ്ങളിലും ഇത്തരത്തിൽ കാർട്ടൂണുകളെ സ്റ്റാമ്പ് വലിപ്പത്തിലേക്ക് ചുരുക്കുന്ന രീതി ഉണ്ടായിരുന്നു. എന്നാൽ സ്റ്റീവ് ബെല്ലിനെപ്പോലെയുള്ള വിട്ടുവീഴ്ചയില്ലാത്ത കാർട്ടൂണിസ്റ്റുകളുടെ ഇടപെടലുകൾ കാരണം അവർ രാഷ്ട്രീയ കാർട്ടൂണുകളെ പിന്നീട് അർഹമായ സ്ഥാനത്ത് തിരികെ പ്രതിഷ്ഠിച്ചു.



അജിത് നൈനാൻ




**Parochialism and regionalism... Are we heading to the days of the 'Raj'?**

ഇതിനിടയിൽ നിർഭാഗ്യകരമായ പലതും സംഭവിച്ചു ഇർഫാൻ ഹുസൈൻ, മായാ കാമത്ത് എന്നിവർ അവരുടെ കലാജീവിതത്തിന്റെ ഉന്നതിയിൽ നിൽക്കുമ്പോ



എൻ ജയചന്ദ്രൻ



ഴാണ് മരിക്കുന്നത്. ഡബിൾ തിങ്ക്, സുകി എന്നീ രണ്ട് മികച്ച കോമിക് സ്ട്രിപ്പുകൾ നടത്തിയ ശേഷം മഞ്ജുള പത്മനാഭൻ അതിൽ നിന്ന് പിന്മാറി. ഇന്ത്യൻ നഗരം എന്ന സങ്കീർണ്ണമായ മനുഷ്യവാസത്തെ രേഖപ്പെടുത്താൻ കാർട്ടൂണിലെ നമ്മുടെ ആദ്യത്തെ'സാധാരണക്കാരി' ആയ ആ യുവതി സുകി ഇന്നുണ്ടാകേണ്ടതായിരുന്നു.

സാരനാഥ് ബാനർജിയുടെ'കോറിഡോർ', പാശ്ചാത്യ രാജ്യങ്ങളിൽ പ്രചാരത്തിലുള്ള'ഗ്രാഫിക് നോവൽ'എന്ന വ്യത്യസ്തമായ കാർട്ടൂൺ ശൈലിയിലൂടെ ഡൽഹിയെക്കുറിച്ച് ഒരു പുസ്തകത്തിന്റെ ദൈർഘ്യമുള്ള വിവരണം നൽകി. രസകരമായ വസ്തുത എന്താണെന്നുവച്ചാൽ, വിഖ്യാത ചലച്ചിത്രകാരനായി മാറിയ കേരളത്തിലെ കാർട്ടൂണിസ്റ്റ് ജി. അരവിന്ദൻ, 1961-ൽ തന്നെ ഈ രീതിയിലുള്ള കലാസൃഷ്ടിയെ (sequential art form) മുൻകൂട്ടി കണ്ടിരുന്നു എന്നതാണ്. ഗാരി ട്രൂഡോയുടെ'ഡൂൺസ്ബറി' ചിന്തയിൽ പോലുമെത്തുന്നതിന് മുമ്പ്, മാതൃഭൂമി ആഴ്ചപ്പതിപ്പിലെ അരവിന്ദന്റെ കഥാപാത്രങ്ങൾക്ക് പ്രായമാകുകയും നിഷ്കളങ്കത നഷ്ടപ്പെടുകയും ഒരു നോവലിന്റെ കാൻവാസിലേക്ക് അവ വളരുകയും ചെയ്തു.

മാധ്യമങ്ങൾ ഇടയ്ക്കിടെ പ്രയോജനപ്പെടുത്തുന്ന ഇത്തരത്തിലുള്ള ഒറ്റപ്പെട്ട പ്രതിഭകൾക്കപ്പുറം, സംഘടിതമായ പിന്തുണകളില്ലാതെയാണ് നമ്മുടെ കാർട്ടൂണിങ് മേഖല മുന്നോട്ടുപോകുന്നത്. എന്നാൽ വിപണി അടുത്തകാലത്തായി ഈ മേഖലയോട് പ്രതികരിച്ചു തുടങ്ങിയിട്ടുണ്ട്. സിനിമയും പരസ്യരംഗവും ഇപ്പോൾ അനിമേഷനും ക്ലേമേഷനും വ്യാപകമായി കാർട്ടൂൺ ഉപയോഗിക്കുന്നുണ്ട്. ലോകത്തിലെ പ്രധാന അനിമേഷൻ കേന്ദ്രമായി മാറാൻ ഇന്ത്യ തയ്യാറെടുക്കുമ്പോൾ,വെറും സാങ്കേതിക വിദഗ്ധരേക്കാൾ ഉയർന്ന സർഗാത്മക ശേഷിയുള്ള സ്രഷ്ടാക്കളെയാണ് നമുക്ക് ആവശ്യം. അത്തരം ഒരു




എം ടി വാസുദേവൻ നായർ
ഇ പി ഉണ്ണിയുടെ വര

പ്രതിഭകളുടെ നിര ഉണ്ടാകണമെങ്കിൽ അച്ചടി-ദൃശ്യ മാധ്യമങ്ങൾ കാർട്ടൂണുകളെ കൂടുതൽ ഗൗരവത്തോടെയും പ്രൊഫഷണലായും ഉപയോഗപ്പെടുത്തേണ്ടതുണ്ട്. 1950-കളിലും 60-കളിലും പ്രശസ്തനായിരുന്ന തനു (ലണ്ടനിലെ'ദ ടൈംസ്' അദ്ദേഹത്തിന്റെ ഒരു കാർട്ടൂൺ പുനഃപ്രസിദ്ധീകരിച്ചതോടെയാണ് അദ്ദേഹം ശ്രദ്ധേയനായത്) കാർട്ടൂണിങ് വിട്ട് 'ബ്രില്യന്റ് ട്യൂട്ടോറിയൽസ്' എന്ന വിജയകരമായ വിദ്യാഭ്യാസ സ്ഥാപനം കെട്ടിപ്പെടുത്തു. കാർട്ടൂണിസ്റ്റായ ബാൽ താക്കറെ തന്റെ രണ്ടാം തൊഴിൽ തിരഞ്ഞെടുത്തപ്പോൾ സംഭവിച്ചതെന്താണെന്ന് നമുക്കെല്ലാവർക്കും അറിയാമല്ലോ!■

**(ആശാ റാണി മാത്തൂർ എഡിറ്റ് ചെയ്ത് ദി ഇന്ത്യൻ മീഡിയ,ഇല്യൂഷൻ, ഡെല്യൂഷൻ ആൻഡ് റിയാലിറ്റി, എസ്സേസ് ഇൻ ഓണർ ഓഫ് പ്രേം ഭാട്ടിയ എന്ന പുസ്തകത്തിൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ പ്രസക്തഭാഗങ്ങൾ)**

സുധീർ നാഥ്
ചെയർപേഴ്സൺ, കേരള കാർട്ടൂൺ അക്കാദമി





**മലയാളിക്ക് കാർട്ടൂൺ എന്ന കല വളരെ പരിചിതമാണ്. കേരളം കേരവൃക്ഷങ്ങളുടെ നാടെന്ന പോലെ കാർട്ടൂണിസ്റ്റുകളുടേയും നാടാണ് എന്നും പറയാറുണ്ട്. കാർട്ടൂണിസ്റ്റ് ശങ്കർ ദേശിയതലത്തിൽ പാകിയ അടിത്തറയാണ് ഈ നേട്ടത്തിലേയ്ക്ക് മലയാളികളെ എത്തിച്ചത്**

# ചിരിവരയിലെ മലയാളി

ചിരിക്കുവാനുള്ള കഴിവ് മനുഷ്യർക്ക് മാത്രം ലഭിച്ചിട്ടുള്ള കഴിവാണ്. ചിരി ആരോഗ്യത്തിന് മികച്ചതാണെന്നും ഒറ്റമൂലിയാണെന്നും ആരോഗ്യ ശാസ്ത്രം തന്നെ പറയുന്നുണ്ട്. ചിരി മെഡിക്കൽ സ്റ്റോറിൽ ലഭിക്കുന്ന വസ്തു ആയിരുന്നെങ്കിൽ ഡോക്ടർമാർ ഏറ്റവും കൂടുതൽ നിർദ്ദേശിക്കുന്നത് ചിരി ടാബ്ലറ്റോ, സിറപ്പോ ആയിരുന്നേനെ. കുട്ടികളെ ചിരിപ്പിക്കുന്ന വിഷയങ്ങൾ യുവാക്കളേയും മുതിർന്ന പൗരൻമാരേയും ചിരിപ്പിച്ചു എന്ന് വരില്ല. നിസാര കാര്യത്തിന് കുട്ടികൾ ചിരിക്കും. യുവാക്കൾക്ക് ചിരിക്കുന്നതിന് മറ്റൊരു തലത്തിലുള്ള നർമ്മ സല്ലാപമോ, കാരണങ്ങളോ വേണം. ഒരാളുടെ മനോഭാവമാണ് ചിരിയെ നിയന്ത്രിക്കുന്ന ഘടകം. ഒട്ടേറെ ആളുകൾ ചിരിച്ച ഒരു തമാശ കേട്ട് ചിലപ്പോൾ മറ്റ് ചിലർ ചിരിച്ചെന്ന് വരില്ല. ചിരിക്കുവാനുള്ള കഴിവ് ഒരാളുടെ നർമ്മബോധത്തെ ആശ്രയിച്ചിരിക്കും. ഹാസ്യം, ഫലിതം, നർമ്മം, പരിഹാസം, നേരമ്പോക്ക് എന്നിങ്ങനെ ചിരിയുടെ ശാഖകൾ പലതാണ്.


രാജസദസുകളിലെ വിദൂഷകൻമാർ ചിരിപ്പിക്കുക എന്ന കർമ്മം നിർവ്വഹിക്കാൻ മാത്രം നിയോഗിക്കപ്പെട്ടവരാണ്. ചക്രവർത്തിമാരേയും, രാജാക്കൻമാരേയും വിദൂഷകന്, എന്തും പറയാം, കളിയാക്കാം. എന്നാൽ അത് തന്നെ ഒരു സാധാരണക്കാരൻ പറഞ്ഞാൽ തല കാണില്ല. വിദൂഷകൻ എന്ത് പറഞ്ഞാലും രാജാവിന്റെ കോപത്തിന് കാരണമാകാറില്ല. ദുഷ്യന്ത രാജാവിന്റെ വിദൂഷകൻ അദ്ദേഹത്തോട് എന്തൊക്കെയാണ് പറഞ്ഞിട്ടുള്ളത്. ഷെയ്ക്സ്പിയറുടെ ലീയർ രാജാവ് എന്ന നാടകത്തിൽ ലീയർ Who is it that can tell me who i am? എന്ന് ചോദിക്കുമ്പോൾ Lesar Shadow എന്നാണ് വിദൂഷകൻ മറുപടി പറയുന്നത്. രാജാവിന്റെ വ്യക്തിത്വം നശിച്ചു പോയെന്നും, താൻ അദ്ദേഹത്തിന്റെ നിഴലാണെന്നും രണ്ടർത്ഥം ഈ മറുപടിയിലുണ്ട്. കാർട്ടൂണിസ്റ്റുകളും ഇത്തരം വിദൂഷകൻമാരെ പോലെയാണ്. വിദൂഷകരുടെ സ്ഥാനം കാർട്ടൂണിസ്റ്റുകൾ ഏറ്റെടുത്തു. എന്നാൽ ഇന്ന് വിമർശനം നേതാക്കൾ ആഗ്രഹിക്കുന്നില്ല എന്ന് വേണം മനസിലാക്കാൻ. അസഹിഷ്ണുത ഇന്ന് വ്യാപകമാണ്. അത് എല്ലാ വിഭാഗം ആളുകളിലും കാണാം.





**മഹാക്ഷാമദേവത: മലയാളത്തിലെ ആദ്യത്തെ കാർട്ടൂൺ ചിത്രം (1919). മാസിക - വിദൂഷകൻ, വര - ഗോവിന്ദപിള്ള**






ശങ്കർ




DR. AMBEDKAR'S DILEMMA



വാസു




കേരളം വിട്ട സർ.സി.പിയെ 1960 ൽ ഒരു ചടങ്ങിൽ ക്ഷണിച്ചതിനെ ആക്ഷേപിച്ചു കൊണ്ടുള്ള കാർട്ടൂൺ



രാമകൃഷ്ണൻ

ഒരു വ്യക്തിയുടെ സ്വാഭാവിക ഫോട്ടോ കണ്ടാൽ എല്ലാവരിലും ചിരി വരണമെന്നില്ല. എന്നാൽ അയാളുടെ ഹാസ്യ ചിത്രം കണ്ടാൽ ചിരി വരും. അത് കാരിക്കേച്ചറോ, കാർട്ടൂണോ ആകാം. അതുകൊണ്ട് തന്നെ ചിരിയുടെ ഉത്ഭവത്തിന് ചിത്രകലയും അതിന്റേതായ സ്ഥാനം വഹിക്കുന്നുണ്ട്. അമേരിക്കൻ ഹാസ്യ ചിത്രകാരൻ തോമസ് നാസ്റ്റിന്റെ ഭാവനയിൽ രൂപം കൊണ്ടതാണ് ഇന്ന് നമ്മളൊക്കെ ക്രിസ്തുമസ് നാളുകളിൽ ചിത്രീകരിക്കുന്ന സാന്താക്ലോസ് എന്ന ക്രിസ്തുമസ് അപ്പൂപ്പൻ. ഓണനാളിൽ നമ്മൾ ചിത്രീകരിക്കുന്ന മഹാബലിയുടെ രൂപവും തീർച്ചയായും ഒരു ഹാസ്യ ചിത്രകാരൻ രൂപം കൊടുത്തത് തന്നെയാണ്. വല്ലിയ കുടവയറും, കപ്പടാ മീശയും, ഓലക്കുടയുമായി വരുന്ന മഹാബലിയുടെ രൂപം നമ്മളെ ചിരിപ്പിക്കുമോ...? കുടവയറനായ ക്രിസ്തുമസ് അപ്പൂപ്പന്റെ ചിത്രവും നമ്മെ ചിരിപ്പിക്കുന്നില്ല.

പ്രശസ്ത മനശാസ്ത്രജ്ഞൻ ഡോക്ടർ മാത്യു വെല്ലൂർ കാർട്ടൂണിസ്റ്റുകളെ കുറിച്ച് പറഞ്ഞ കാര്യം ഇവിടെ പ്രസക്തമാണ്. ഒരു സംഭവത്തെപ്പറ്റി പത്ത് കാർട്ടൂണിസ്റ്റുകൾ പത്ത് തലത്തിലാകും ചിന്തിക്കുക. ഓരോരുത്തരും വ്യക്തിപരമായ വ്യത്യാസമുള്ളവരായിരിക്കും. ഒരു ഉദാഹരണം അദ്ദേഹം സൂചിപ്പിച്ചത് ഇങ്ങനെ. സർക്കസ്സ് ആരംഭിക്കുന്നത് ഒരു മാർച്ച് പാസ്റ്റ് എന്ന ആദ്യ രംഗത്തോടെയാണ്. നെറ്റിപ്പട്ടം കെട്ടിയ ആന സർവാംഗ സുന്ദരിയും അൽപ വസ്ത്ര ധാരിയുമായ ഒരു പെണ്ണിനെ തുമ്പിക്കൈയ്യിൽ ഇരുത്തിയാണ് സാധാരണ വരാറ്. സർക്കസ്സ് കാണുവാൻ വന്ന ഒരാൾ തൊട്ടടുത്തിരുന്ന സുഹൃത്തിനോട് ചോദിക്കുകയാണ്. എടോ ആ ആനയെ കണ്ടോ...?? ആകർഷണീയതയുടെ മാസ്മര നിദ്രയിൽ നിന്ന് ഉണർന്ന സ്നേഹിതൻ അത്ഭുതം കൂറി. ങേ ആനയോ...? എവിടെ...?? പെണ്ണിനെ ശ്രദ്ധിച്ച അയാൾ ആനയെ കണ്ടില്ല. ഇവിടെ ഒരു കാർട്ടൂണിസ്റ്റായിരുന്നെങ്കിൽ ആനയെ ഒരു രാഷ്ട്രീയ പാർട്ടിയായും, പെണ്ണിനെ അവരുടെ വനിതാ നേതാവായും മറ്റും ചിന്തിച്ചേനേ. സർക്കസ്സ് കൂടാരത്തിൽ വേറേയും കാർട്ടൂണിസ്റ്റുകൾ ഉണ്ടായിരുന്നെങ്കിൽ അവർ മറ്റ് പല രീതിയിൽ ഇതിനെ കണ്ടേനേ... പലതരം വഴികളിലൂടെ ജനങ്ങളെ ചിരിപ്പിക്കാം. പല തരത്തിൽ ജനങ്ങൾ ചിരിക്കുന്നു. ചിരിയുടെ ഉത്ഭവത്തിന് കാരണമാകുന്ന ചിരിവരകളുടെ പിന്നിലെ വ്യക്തികളേയും അതിന്റെ വികാസവും കുറിച്ചിടട്ടെ.

## മലയാളികൾ കാർട്ടൂൺ രംഗത്ത്

ഇന്ത്യൻ കാർട്ടൂണിന്റെ ചരിത്രത്തിൽ മലയാളി കാർട്ടൂണിസ്റ്റുകൾ തല ഉയർത്തി തന്നെയാണ് നിൽക്കുന്നത്. ദേശീയ തലത്തിൽ മലയാളികളായ കാർട്ടൂണിസ്റ്റുകൾക്ക് വിശേഷമായ സ്വീകാര്യതയുണ്ട്. ദേശീയ തലത്തിലെ പ്രധാന കാർട്ടൂണിസ്റ്റുകളിൽ പകുതി പേരും മലയാളികൾ തന്നെയാണ്




എം. ഭാസ്കരൻ

**അഭിനവ പാഞ്ചാലി**
**ഭാരതം: (മഹാത്മജിയോട്)**
**സമരമായാലും ശരി, സന്ധിയായാലും ശരി, അവിടന്നു നിർദേശിക്കുന്ന പോലെ ഞാൻ നടക്കുവാൻ തയ്യാറാണ്.**
**- സഞ്ജയൻ: 1937 ജൂൺ 29**

എന്ന് അഭിമാനത്തോടെ പറയാം. മലയാളിക്ക് കാർട്ടൂൺ എന്ന കല വളരെ പരിചിതമാണ്. കേരളം കേരവൃക്ഷങ്ങളുടെ നാടെന്ന പോലെ കാർട്ടൂണിസ്റ്റുകളുടേയും നാടാണ് എന്നും പറയാറുണ്ട്. കാർട്ടൂണിസ്റ്റ് ശങ്കർ ദേശീയ തലത്തിൽ പാകിയ അടിത്തറയാണ് ഈ നേട്ടത്തിലേയ്ക്ക് മലയാളികളെ എത്തിച്ചത്.


എന്നാൽ നൂറ് വർഷം മുൻപ് അതായിരുന്നില്ല സ്ഥിതി. ഹാസ്യ ചിത്രം, വിനോദ ചിത്രം എന്നീ പേരുകളിലാണ് വളരെ കാലം കാർട്ടൂൺ വിശേഷിപ്പിക്കപ്പെട്ടത്. ഇന്ത്യ ഭരിച്ചിരുന്ന ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയാണ് ഇന്ത്യയിലേയ്ക്ക് വിനോദ ചിത്രങ്ങൾ ആദ്യം കൊണ്ടു വന്നത്. ടിവിയും, റേഡിയോയും ഇല്ലാതിരുന്ന കാലത്ത് ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്കും, പട്ടാളക്കാർക്കും വിനോദത്തിനായിട്ടാണ് പഞ്ച് മാസിക എത്തിച്ചിരുന്നത്. പഞ്ച് മാസികയിലൂടെ ഇന്ത്യയിൽ അവർ ഹാസ്യ ചിത്രങ്ങളെ പരിചയപ്പെടുത്തി. ബ്രിട്ടീഷ് പട്ടാളത്തിലെ ഇന്ത്യൻ ഉദ്യോഗസ്ഥർക്കും പടയാളികൾക്കുമായി ഇന്ത്യയിലെ വിവിധ ഭാഷകളിൽ പഞ്ച് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കുകയുണ്ടായി. മലയാളത്തിൽ പഞ്ച് പ്രസിദ്ധീകരിച്ചിരുന്നില്ല. വടക്കേ ഇന്ത്യയിൽ പഞ്ചിന്റെ ചുവട് പിടിച്ച് ഹാസ്യ ചിത്രരചന നടന്നിരുന്നെങ്കിലും ലക്ഷണമൊത്ത ഇന്ത്യൻ ശൈലിയിലുള്ള കാർട്ടൂണുകൾക്ക് കേരളമാണ് തുടക്കം കുറിച്ചത്. അതിന് കാരണമായത് കാർട്ടൂണിസ്റ്റ് ശങ്കറിന്റെ ഈ രംഗത്തെ സംഭാവനകളാണെന്നത് എടുത്ത് പറയേണ്ടിയിരിക്കുന്നു. ഡേവിഡ് ലോയുടെ രചനാശൈലി ആദ്യകാലത്ത് ശങ്കറിനേയും സ്വാധീനിച്ചിരുന്നു എന്നത് എടുത്ത് പറയേണ്ടതുണ്ട്.

## മലയാളത്തിൽ കാർട്ടൂണിന്റെ തുടക്കം

ആദ്യ മലയാള കാർട്ടൂൺ രചിച്ചതിന്റെ പശ്ചാത്തലം ഒന്നാം ലോക മഹായുദ്ധമായിരുന്നു. 1906ൽ ചെന്നൈയിൽ നിന്ന് പ്രസിദ്ധീകരിച്ച 'ഇന്ത്യ' എന്ന രാഷ്ട്രീയ തമിഴ് വാരികയുടെ പത്രാധിപരായി പ്രശസ്ത കവി സുബ്രഹ്മണ്യ ഭാരതി നിയമിതനായതോടെയാണ് തെക്കേ ഇന്ത്യയിൽ സ്വദേശികൾ വരച്ച കാർട്ടൂണുകൾ പ്രചരിക്കാൻ തുടങ്ങിയത്. 1919 ഒക്ടോബർ മാസം വിദൂഷകന്റെ അഞ്ചാം ലക്കത്തിൽ ആദ്യമായി കേരളത്തിൽ 'മഹാക്ഷാമദേവത' എന്ന പേരിൽ ഒരു ഹാസ്യ ചിത്രം അച്ചടിച്ച് വരുന്നത് തമിഴ് വാരികകളുടെ ചുവട് പിടിച്ചു തന്നെയാണ്. ലക്ഷണമൊത്ത ഒരു കാർട്ടൂൺ വിദൂഷകനിൽ പി എസ് ഗോവിന്ദപിള്ള വരച്ചത് ഒന്നാം ലോക മഹായുദ്ധത്തെ തുടർന്ന് ഉണ്ടായ പട്ടിണി വിഷയമാക്കിയാണ്. കേരളത്തിൽ ചിത്രങ്ങൾ അച്ചടിക്കുന്ന വിദ്യ പ്രചാരമില്ലാത്ത കാലത്തായിരുന്നു വിദൂഷകൻ ഒരു ഹാസ്യ ചിത്രവുമായി ഇറങ്ങിയത്.

നാട്ടിൽ കടുത്ത ഭക്ഷ്യക്ഷാമം അനുഭവപ്പെട്ടിരുന്ന സമയമായിരുന്നു അത്. ക്ഷാമം ഒരു ഭീകരനായ അസുര രൂപം പൂണ്ട് ഇടത്തേ കൈയിൽ മനുഷ്യരെ തന്റെ കുന്തത്തിൽ കോർത്തിറക്കിയിരിക്കുന്നു. വലത്തേ കൈയിൽ ജീവന് വേണ്ടി പിടയുന്ന അസ്ഥിപഞ്ജരനായ മറ്റൊരു മനുഷ്യൻ ജീവനായി പിടയുന്നു. കാൽ ചുവട്ടിലും മനുഷ്യർ ചവിട്ടിമെതിക്കപ്പെടുന്നു. ഒരു ബ്രിട്ടീഷ് പട്ടാളഉദ്യോഗസ്ഥൻ





കെഎസ് പിള്ള

ഭീകരനായ അസുര രൂപത്തോട് എന്തോ നിർദേശിക്കുന്നുണ്ട്. ക്ഷാമകാലത്ത് പാവപ്പെട്ട ജനങ്ങൾക്ക് ആശ്വാസമായ മരച്ചീനി (കപ്പ) ചിത്രത്തിൽ പ്രാധാന്യത്തോടെ വരച്ചിട്ടിരിക്കുന്നു. 'മഹാക്ഷാമദേവത' എന്ന തലക്കെട്ടോടെ വിദൂഷകനിൽ വന്ന ആദ്യ കാർട്ടൂണിന് എത്ര ശക്തമായ ആശയമാണ് ജനങ്ങളിൽ എത്തിക്കുവാൻ കഴിഞ്ഞത്.

അനീതികൾക്ക് എതിരെ അക്ഷരങ്ങളും വരയും ആയുധമാക്കി



*നീ എന്താ പറഞ്ഞത് ഭാനു?നിനക്ക് എപ്പോഴും ചിരിക്കണംന്നോ? മിടുക്കി! ചിരി സിദ്ധൗഷധംന്ന് നീയും കണ്ടെത്തി!*



ശിവറാം

പൊരുതിയതിന് ബ്രിട്ടീഷുകാർ നാടുകടത്തിയ പ്രതിഭയായിരുന്നു മലയാളത്തിന്റെ ആദ്യ കാർട്ടൂണിസ്റ്റ് പി എസ് ഗോവിന്ദപിള്ള. ആദ്യ മലയാള കാർട്ടൂണിസ്റ്റിനെ കാലാപാനിയിലേയ്ക്ക് നാടു കടത്തിയ ചരിത്രം മാധ്യമചരിത്രത്തിലെ പുതിയ അധ്യായമാകുന്നു. മാധ്യമ പ്രവർത്തനം കാരണം നാടുകടത്തപ്പെട്ട ഏക മലയാള മാധ്യമ പ്രവർത്തകനായിരുന്ന സ്വദേശാഭിമാനി എന്ന ചരിത്രം തിരുത്തേണ്ടിയിരിക്കുന്നു. സ്വദേശാഭിമാനിയെ തിരുവിതാംകൂറിൽ നിന്ന് മലബാറിലേയ്ക്കാണ് നാട് കടത്തിയത്. പക്ഷെ കാർട്ടൂൺ വരച്ചതിന് പി എസ് ഗോവിന്ദപിള്ളയെ ബ്രിട്ടീഷുകാർ നാട് കടത്തിയത് ആന്റമൻസിലെ കാലാപാനിയിലേയ്ക്കാണ്.

കൊല്ലത്ത് നിന്ന് പ്രസിദ്ധീകരിച്ച വിദൂഷകൻ മാസികയിലാണ് മലയാളത്തിലെ ആദ്യ കാർട്ടൂൺ 'മഹാക്ഷാമദേവത' പ്രസിദ്ധീകരിച്ചതെന്ന് കാർട്ടൂണിസ്റ്റ് സുകുമാർ വർഷങ്ങളായി നടത്തിയ ഗവേഷണത്തിലാണ് കണ്ടെത്തിയത്. ആദ്യ കാർട്ടൂൺ 'മഹാക്ഷാമദേവത 'വരച്ചത് പി. എസ് ഗോവിന്ദപിള്ളയാണെന്ന് വളരെ വൈകിയാണ് കണ്ടെത്തിയത്. മലയാള കാർട്ടൂണിന്റെ ശതാബ്ദി വർഷമായ 2019 ജനുവരിയിൽ ആദ്യ മലയാള കാർട്ടൂണിസ്റ്റിന്റെ ചിത്രവും ലഭിച്ചു എന്നത് മലയാള കാർട്ടൂൺ ലോകത്തിന് അഭിമാനമാണ്.

1919ൽ പ്രസിദ്ധീകരിച്ച മലയാളത്തിലെ ലക്ഷണമൊത്ത കാർട്ടൂൺ എന്ന് പറയുമ്പോൾ അതിനും 68 കൊല്ലം മുമ്പ് 1851ൽ ഹെർമൻ ഗുണ്ടർട്ട് എഴുതിയ പുസ്തകത്തിൽ കാർട്ടൂൺ വന്നിട്ടുണ്ടെന്ന് ചിലർ ചൂണ്ടികാണിച്ചിട്ടുണ്ട് എന്നത് വിസ്മരിക്കുന്നില്ല. ജെഹന്നസ് ഇവാൻജലി സ്റ്റ ഗോസ്നറുടെ (1773 1858) Herz Buchlein എന്ന ജർമൻ ഗ്രന്ഥത്തിന് ഗുണ്ടർട്ട് നിർവഹിച്ച പരിഭാഷയാണ് 'മാനുഷഹൃദയം'. ഈ ഗ്രന്ഥത്തിന് 1849 മുതൽ പതിപ്പുകളുണ്ടായിരുന്നിരിക്കണം. ഡോ സ്കറിയാ സക്കറിയ പ്രസിദ്ധീകരിച്ചത് 1851ലെ പതിപ്പാണ്. മാനുഷഹൃദയത്തിനുവേണ്ടിയുള്ള ചിത്രങ്ങൾ വരയ്ക്കാൻ 1846ൽ ജർമനിയിൽ വിശ്രമത്തിന് പോയ ഹെർമൻ ഗുണ്ടർട്ട് അവിടെ ബത്തേലിയുസ് എന്നൊരു ചിത്രകാരനെ ഏൽപ്പിച്ചിരുന്നതായി ഗുണ്ടർട്ടിന്റെ തന്നെ കത്തുകളിൽ കാണുന്നു. ചിത്രകാരനെ കൊണ്ട് പത്ത് ചിത്രങ്ങൾ മാനുഷഹൃദയം എന്ന പുസ്തകത്തിനായി വരപ്പിച്ചു.


കാർട്ടൂണിന് സമാനമായ രണ്ട് ചിത്രങ്ങൾ ഈ പുസ്തകത്തിൽ കാണുവാൻ സാധിക്കും. ദുഷ്ടന്റെ മരണവും പാപത്തിൻ കൂലിയും എന്ന തലക്കെട്ടിലും ദൈവഭക്തന്റെ മരണവും എന്ന തലക്കെട്ടിലും വരച്ച രണ്ട് ചിത്രങ്ങൾക്കാണ് കാർട്ടൂണിനോട് കൂടുതൽ സാമ്യം ഉള്ളത്. അക്കാലത്ത് തുടക്കം കുറിച്ച യൂറോപ്യൻ കാർട്ടൂൺ ശൈലിയോട് വളരെ അടുത്ത് നിൽക്കുന്നതാണ് ഈ രണ്ട് ചിത്രങ്ങളും. ചിത്രത്തിലെ പിശാചിന്റെ കാര്യത്തിൽ കമ്മറ്റിയിലെ ചിലർക്ക് വിയോജിപ്പുണ്ടായതായി ഗുണ്ടർട്ട് ഒരു കത്തിൽ പരാമർശിക്കുന്നുണ്ട്.

## ശങ്കർ എന്ന ഇതിഹാസം


പി. എസ് ഗോവിന്ദപിള്ളയ്ക്ക് ശേഷം കാർട്ടൂണിനെ മലയാളിക്ക് കൂടുതൽ പരിചയപ്പെടുത്തിയത് ശങ്കറാണ്. 1902 ജൂലൈ 31ന് പ്രശസ്തമായ വൈക്കത്തു കുറുപ്പൻമാരുടെ ശാഖയിൽപ്പെട്ട കായംകുളം പള്ളിപ്പാട്ടുകാരൻ കേശവപിള്ളയുടേയും ഇല്ലിക്കളം തറവാടിലെ കൊച്ചു കുഞ്ഞമ്മയുടേയും (കൊച്ചുഞ്ഞമ്മ) ഏക മകനായിരുന്ന ഇല്ലിക്കളത്ത് കേശവപിള്ള ശങ്കരപിള്ള എന്ന ശങ്കർ. ഈ കുട്ടിയാണ് പിന്നീട് ലോക പ്രശസ്തനായി മാറിയ ഇന്ത്യൻ കാർട്ടൂൺ കലയുടെ പിതാവെന്നറിയപ്പെടുന്ന കാർട്ടൂണിസ്റ്റ് ശങ്കർ. തിരുവനന്തപുരത്തെ കോളേജ് പഠനകാലത്ത് കാർട്ടൂൺ വരച്ച് തുടങ്ങിയപ്പോഴാണ് ശങ്കർ എന്ന് അദ്ദേഹം സ്വയം പേര് മാറ്റിയത്.

25ാം വയസിൽ തിരുവനന്തപുരം മഹാരാജാസ് കോളേജ് ഓഫ് സയൻസിൽ (ഇന്നത്തെ യൂണിവേഴ്സിറ്റി കോളേജ്) നിന്ന് 1927ൽ ബി എ ബിരുദം നേടിയശേഷം നിയമ പഠനത്തിനായി ബോംബയിൽ എത്തിയ ശങ്കറാണ് ഇന്ത്യൻ കാർട്ടൂണിന് പ്രചാരവും ശൈലിയും സമ്മാനിച്ചത്. ഡേവിഡ് ലോ പോലുള്ള വിദേശ കാർട്ടൂണിസ്റ്റുകളുടെ ശൈലി പിന്തുടർന്നാണെങ്കിലും സ്വന്തം ശൈലി ശങ്കർ വികസിപ്പിച്ചു. പിൽക്കാലത്ത് ശങ്കറിന്റെ ശൈലിയിൽ ഇന്ത്യൻ കാർട്ടൂൺ രംഗം വളർന്നു. ശങ്കർ സ്കൂൾ പഠനകാലത്ത് കൊല്ലത്ത് നിന്ന് പ്രസിദ്ധീകരിച്ചിരുന്ന മലയാളി എന്ന പത്രത്തിലും, മലയാള രാജ്യം വാരികയിലും കാർട്ടൂണുകളും കാരിക്കേച്ചറും വരച്ച് പ്രസിദ്ധീകരിച്ചിരുന്നു. മലയാളത്തിലെ പല പ്രസിദ്ധീകരണങ്ങളിലും അദ്ദേഹത്തിന്റെ കാർട്ടൂണും, കാരിക്കേച്ചറും വരച്ചിരുന്നു. (അന്ന് ഒരു പക്ഷെ അങ്ങനെ വിശേഷിപ്പിച്ചിരിക്കില്ല). മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത കാരിക്കേച്ചർ ശങ്കർ മലയാള നാടിൽ വരച്ച ഇ വി കൃഷ്ണപിള്ളയുടെ വിശ്വരൂപം എന്ന ചിത്രമാണ്.








കാർട്ടൂണിസ്റ്റ് ശങ്കർ കൊല്ലം, തിരുവനന്തപുരം കേന്ദ്രീകരിച്ച് പ്രസിദ്ധീകരിച്ചിരുന്ന പ്രസിദ്ധീകരണങ്ങളിൽ കാർട്ടൂണുകൾ തിരുവനന്തപുരത്ത് പഠിക്കുന്ന അവസരത്തിൽ വരച്ച് തുടങ്ങിയിരുന്നു. മലബാറിൽ സഞ്ജയന്റെ നേതൃത്വത്തിൽ ഹാസ്യസാഹിത്യത്തിന് പ്രചാരം ഉണ്ടാക്കുകയും, കാർട്ടൂണുകൾ വായനക്കാരിലെത്തിക്കുകയും ഉണ്ടായി. അദ്ദേഹത്തിന്റെ സഞ്ജയനും, വിശ്വരൂപവും കാർട്ടൂണിന്റെ പ്രചരണത്തിന് വലിയ പങ്കാണ് വഹിച്ചത്. എം ഭാസ്കരൻ മലബാറിലും, കെ എസ് പിള്ളയും, ജോൺ മാത്യുവും തിരുവിതാംകൂർ കൊച്ചി പ്രദേശത്തും കാർട്ടൂൺ കലയുടെ മുഖ്യ പ്രചാരകരായി. തുടർന്ന് കുട്ടി, ശിവറാം, അബു, മലയാറ്റൂർ രാമകൃഷ്ണൻ, റ്റോംസ്, തോമസ്, ഒ വി വിജയൻ, സുകുമാർ, രാഘവൻ നായർ, കേരള വർമ്മ, മന്ത്രി, ശങ്കരൻകുട്ടി, എഎസ്സ് തുടങ്ങിയവർ മലയാള കാർട്ടൂൺ രംഗം ഏറ്റെടുത്തു. തുടർന്ന് കാർട്ടൂണിസ്റ്റ് യേശുദാസന്റെയും ബി എം ഗഫൂറിന്റേയും തലമുറയാണ് കാർട്ടൂണുകളുടെ വസന്തകാലത്തേയ്ക്ക് എത്തിച്ചത്. നാഥൻ, വേണു, സീരി, ജി സോമനാഥൻ, പി വി കൃഷ്ണൻ, തുടങ്ങിയവരും അവരോടൊപ്പം ഉണ്ടായിരുന്നു. 1970, 80 കാലത്ത് ഒട്ടേറെ കാർട്ടൂൺ പ്രസിദ്ധീകരണങ്ങൾ ഇവരുടെ നേതൃത്വത്തിൽ ഇറങ്ങിയത് കാർട്ടൂണിലേക്ക് കൂടുതൽ പേരെ ആകർഷിക്കാൻ കാരണമായി.

മലയാളിയായ കാർട്ടൂണിസ്റ്റ് ശങ്കർ സ്വന്തമായി 1948ൽ ഡൽഹിയിൽ നിന്ന് തുടങ്ങിയ ശങ്കേഴ്സ് വീക്ക്ലി അക്ഷരാർഥത്തിൽ കാർട്ടൂണിസ്റ്റുകളുടെ സർവകലാശാലയായി മാറുകയായിരുന്നു. കാർട്ടൂണിസ്റ്റ് ശങ്കറിന്റെ ശിഷ്യൻമാരായ ഒട്ടുമിക്ക പേരും പിൽക്കാലത്ത് പ്രശസ്ത കാർട്ടൂണിസ്റ്റുകളായി മാറിയതാണ് ചരിത്രം. കാർട്ടൂണിസ്റ്റ് ശങ്കറിന്റെ പിന്നാലെ ഒട്ടേറെ കാർട്ടൂണിസ്റ്റുകൾ കേരളത്തിന് പുറത്തേയ്ക്ക് പോകുകയുണ്ടായി. അവരൊക്കെ തന്നെ ദേശിയതലത്തിൽ കാർട്ടൂൺ കലയെ ഉന്നതങ്ങളിലെത്തിച്ചു. ശങ്കറിന്റെ പിൻഗാമികളായി ദേശിയ തലത്തിൽ ശ്രദ്ധ നേടിയവർ ഒട്ടേറെ പേരുണ്ട്. സാമുവലും, കുട്ടിയും, കേരള വർമ്മയും, അബുവും, ഒ വി വിജയനും, ബി ജി വർമ്മയും, ഉമ്മനും, രവീന്ദ്രനും ഇക്കൂട്ടത്തിൽ പ്രധാനികളാണ്. കാർട്ടൂണിസ്റ്റ് യേശുദാസനും, ബി എം ഗഫൂറും കുറച്ച് നാൾ ശങ്കറിനൊപ്പം ശിഷ്യരായി ഡൽഹിയിൽ പ്രവർത്തിച്ചവരാണ്. ഇന്നും ദേശിയ കാർട്ടൂൺ രംഗത്തെ മലയാളികളുടെ മേൽക്കോയ്മ തുടരുകയാണ്.




**ശങ്കേഴ്സ് വീക്കിലി പ്രസിദ്ധീകരിച്ച കാർട്ടൂൺ**

അടിയന്തിരാവസ്ഥകാലത്താണ് ശങ്കേഴ്സ് വീക്ക്ലി നിർത്തുന്നത്. എന്നാൽ കേരളത്തിൽ അടിയന്തിരാവസ്ഥയ്ക്ക് ശേഷം മലയാളത്തിൽ ശങ്കേഴ്സ് വീക്ക്ലിയുടെ ചുവട് പിടിച്ച് ഹാസ്യ മാസികകളുടെ എണ്ണത്തിൽ വർധനവുണ്ടായി. ആദിയും വിഷാദവും ഒഴിവാക്കാൻ ഹാസ്യത്തിന് കഴിയും. ജീവിത യാഥാർഥ്യങ്ങളെ നർമ്മത്തിൽ പൊതിഞ്ഞ് മലയാളികൾക്ക് സമ്മാനിച്ച ഒട്ടേറെ ഹാസ്യമാസികകൾ നമുക്കുണ്ടായിരുന്നു. നിർഭാഗ്യമെന്ന് പറയട്ടെ പലതും ഇന്ന് പ്രസിദ്ധീകരണം നിർത്തി. ദൃശ്യമാധ്യമങ്ങളുടെ വരവ് അതിനൊരു കാരണമാണ്. വിനോദഉപാധിയായി സിനിമയും ടെലിവിഷനും ജനങ്ങൾ സ്വീകരിച്ചു. ജനങ്ങൾക്ക് ഇഷ്ടമുള്ള തമാശകൾ മാത്രം നൽകുന്ന ഹാസ്യ പരിപാടികൾ ജനങ്ങളിലെ വായനാശീലം കുറയ്ക്കാൻ കാരണമായി. നമ്മളുടെ പ്രധാന ഹാസ്യമാസികളെ കുറിച്ച് ഓർക്കുന്നതും നന്നായിരിക്കും.

## ഹാസ്യമാസികകൾ

കൊല്ലം പരവൂരിൽ നിന്ന് പ്രസിദ്ധീകരിച്ച വിദൂഷകന് പിന്നാലെ ഒട്ടേറെ ഹാസ്യപ്രധാനമായ പ്രസിദ്ധീകരണങ്ങൾ മലയാളത്തിന് ലഭിച്ചു. കൊല്ലം തീരദേശത്ത് വേലുക്കുട്ടി അരയൻ പ്രസിദ്ധീകരിച്ച ചിരി എന്ന മാസിക എടുത്ത് പറയണം. തമാശ (1922), പാസാത് (1923), വികടൻ (1930), വിജയഭാനു (1933), പുഞ്ചിരി (1933), സഞ്ജയൻ (1936), വിശ്വരൂപം (1941), നാരദൻ (1941), സരസൻ (1944), നർമ്മദ (1947), വികടൻ (1948), യുവസരസൻ (1949), വികടകേസരി (1952), വിശ്വരൂപം (1953 മലയാറ്റൂർ രാമകൃഷ്ണൻ), വിനോദ ശബ്ദം, രസികൻ (1964), അസാധു (1973 യേശുദാസൻ), കട്ട് കട്ട്, ടക്ക് ടക്ക്, പാക്കനാർ (വെട്ടൂർ രാമൻ നായർ), നിറമാല (1975 ബി എം ഗഫൂർ),

കാർട്ടൂൺ (1980), സാധു (1983 യേശുദാസൻ), ഹാസ്യകൈരളി (വെട്ടൂരിന്റെ പാക്കനാർ അദ്ദേഹത്തിന്റെ പത്രാധിപത്യത്തിൽ തന്നെ കുങ്കുമം ഗ്രൂപ്പ് പ്രസിദ്ധീകരിക്കുകയായിരുന്നു. പിന്നീട് അഭിപ്രായവ്യത്യാസത്തെ തുടർന്ന് കുങ്കുമം തുടങ്ങിയതാണ് ഹാസ്യകൈരളി. അത് ഇന്നും പ്രസിദ്ധീകരിക്കുന്നുണ്ട്), പാര (സി ആർ ഓമനകുട്ടൻ), ചിരി വീണ്ടും ചിരി (1987 സുബ്ബയ്യാപ്പിള്ള), റ്റോംസ് കോമിക്സ് (റ്റോംസ് പബ്ലിക്കേഷൻസ്), മനോരമ കോമിക്സ് (മലയാള മനോരമ), മന്ത്രി, കാർട്ടൂൺ, ചിരിച്ചെപ്പ്, തമാശ (രചന കാർട്ടൂൺ ആന്റ് വിഷ്വൽ മീഡിയ), ദി വിറ്റ്നസ് ( മധു ഓമല്ലൂർ ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുന്നത്) തുടങ്ങിയവയാണ് കേരളത്തിൽ പിന്നീട് ഇറങ്ങിയ പ്രമുഖ ഹാസ്യ പ്രസിദ്ധീകരണങ്ങൾ. മാതൃഭൂമി പത്രം നർമ്മഭൂമി എന്ന പേരിൽ പത്രത്തോടൊപ്പം കുറച്ച് നാൾ കാർട്ടൂൺ ഹാസ്യ സപ്ലിമെന്റ് ഇറക്കിയിരുന്നു.

മാധവൻ നായരുടെ സരസനും, ആർട്ടിസ്റ്റ് രാഘവൻ നായരുടെ നർമ്മതയും, യേശുദാസന്റെ അസാധുവും മലയാളത്തിൽ കാർട്ടൂണിസ്റ്റുകളെ വളർത്തുന്നതിന് പ്രധാന പങ്ക് വഹിച്ചിരുന്നത് വിസ്മരിക്കാൻ സാധിക്കില്ല. മറ്റ് പ്രസിദ്ധീകരണങ്ങളും കാർട്ടൂണിന്റേയും കാർട്ടൂണിസ്റ്റുകളുടേയും വളർച്ചയിൽ വഹിച്ച പങ്ക് സ്മരണീയമാണ്. കേരളത്തിലെ ഹാസ്യപ്രസിദ്ധീകരണങ്ങളുടെ പഴയ ലക്കങ്ങൾ മറിച്ചു നോക്കുകയാണെങ്കിൽ ചരിത്രം വായിക്കുന്ന സുഖം ലഭിക്കും. ഓരോ കാർട്ടൂണും അക്കാലത്തെ പ്രധാന സംഭവമാണല്ലോ വിവരിക്കുന്നത്. രാഷ്ട്രീയം പോലെ തന്നെ സിനിമയും ഒരു കാലത്ത് ആക്ഷേപഹാസ്യത്തിന്റേയും കാർട്ടൂണുകളുടേയും പ്രധാന വിഷയമായിരുന്നു. സിനിമാ ഹാസ്യ മാസികയായ കട്ട് കട്ടും, ടക്ക് ടക്കും അതിന്റെ തെളിവുകളായി നമുക്ക് മുന്നിലുണ്ട്.

## മലയാളി മറന്നു പോയവർ


മലയാള കാർട്ടൂൺ ചരിത്രത്തിൽ ഇന്നുവരെ പരാമർശിക്കപ്പെടാതെ പോയ ഒരു അനുഗ്രഹീത കാർട്ടൂണിസ്റ്റിനെ ഇവിടെ ഓർക്കുവാൻ അവസരം ലഭിച്ചിരിക്കുകയാണ്. അദ്ദേഹം ജയകുമാർ എന്ന പേരിലാണ് കാർട്ടൂണുകൾ വരച്ചിരുന്നത് എന്നതുകൊണ്ടാണ് ആരും അദ്ദേഹത്തെ തിരിച്ചറിയാതെ പോയത് എന്ന് വേണം കരുതാൻ. കൊല്ലം എസ്.എൻ. കോളേജിലെ അധ്യാപകനായിരുന്ന പി.കെ. രാമകൃഷ്ണൻ ബി.എസ്.സി. ആണ് 1950 - 1960 കാലങ്ങളിൽ ജയകുമാർ എന്ന തൂലികാനാമത്തിൽ കാർട്ടൂണുകൾ വരച്ചിരുന്നത്. അമിട്ട് മാസികയുടെ കവർ ചിത്രങ്ങളായും ജനയുഗം വാരിയുടെ താളുകളിലും അദ്ദേഹത്തിന്റെ ഒട്ടേറെ കാർട്ടൂണുകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

കാർട്ടൂണിസ്റ്റ് ശങ്കറെ കുറിച്ച് പറയുന്ന പോലെ തന്നെ, അതേ കാലഘട്ടത്തിൽ പ്രവർത്തിച്ച കൊല്ലം സ്വദേശിയായ കാർട്ടൂണിസ്റ്റ് വാസുവും, പി. കെ. രാമകൃഷ്ണനെ പോലെ ഓർമ്മിക്കപ്പെടേണ്ടതുണ്ട്. ഇരുവരും കൊല്ലം ജില്ലക്കാരും, കാർട്ടൂൺ ചരിത്രങ്ങളിൽ ഇടം നേടാത്തവരുമാണ്. മദ്രാസിൽ ജീവിത മാർഗം തേടി എത്തിയ വാസുവിലെ കാർട്ടൂണിസ്റ്റിനെ കണ്ടെത്തിയത് അന്ന് ഇന്ത്യൻ എകസ്പ്രസ്സിൽ പത്രാധിപരായിരുന്ന പോത്തൻ ജോസഫായിരുന്നു. മദ്രാസിൽ നിന്ന് ദില്ലിയിലേയ്ക്ക് മുഹമ്മദാലി ജിന്നയുടെ ഡോൺ എന്ന പത്രത്തിന്റെ പത്രാധിപരായി പോത്തൻ ജോസഫ് എത്തിയപ്പോൾ വാസുവിനേയും കൂടെ കൂട്ടി. വാസു അങ്ങിനെ ഡൽഹിയിൽ ഡോണിന്റെ കാർട്ടൂണിസ്റ്റായി. ഡൽഹിയോട് വളരെ നേരത്തേ വിടപറഞ്ഞത് കൊണ്ട് വാസു ഇന്ത്യൻ കാർട്ടൂൺ രംഗത്ത് ശ്രദ്ധേയമായില്ല. പിന്നീട് മദ്രാസിലിരുന്നു കൊണ്ട് നാഷ്ണൽ ഹെറാൾഡ്, പൈനീർ, ശങ്കേഴ്സ് വീക്കിലി, ദി ഹിന്ദു തുടങ്ങി വിവിധ പത്രങ്ങളിൽ കാർട്ടൂണിസ്റ്റായി പ്രവർത്തിച്ചു. 1972ൽ കാർട്ടൂൺ രംഗത്തു നിന്ന് അദ്ദേഹം ഔദ്യോഗികമായി വിരമിച്ചു.

## പത്രത്താളുകളിലെ സുവർണകാലം

1940 തുകളുടെ പകുതിയോടെ മലയാള പത്രങ്ങൾ കാർട്ടൂണുകൾ കൂടുതലായി പ്രസിദ്ധീകരിച്ചു തുടങ്ങി. കെ എസ് പിള്ളയായിരുന്നു അക്കാലത്തെ പ്രമുഖ ഹാസ്യ ചിത്രകാരൻ. കോട്ടയമായിരുന്നു മാധ്യമങ്ങളുടെ പ്രധാന കേന്ദ്രം. സ്വരാജ് മോട്ടോഴ്സ് എന്ന ട്രാൻസ്പോർട്ട് സ്ഥാപനം നടത്തിയിരുന്ന കെ എൻ ശങ്കുണ്ണിപ്പിള്ളയുടെ ഉടമസ്ഥതയിലുള്ള ദേശബന്ധുവായിരുന്നു ഏറ്റവും കൂടുതൽ കാർട്ടൂണുകൾ പ്രസിദ്ധീകരിച്ചിരുന്നത്. രസകരമായ ഒരു കാര്യം, ശങ്കുണ്ണിപ്പിള്ളയ്ക്ക് ഒരു രാഷ്ട്രീയ നേതാവിനോട് ആശയപരമായി വിരോധമുണ്ടെങ്കിൽ കെ എസ് പിള്ളയ്ക്ക് ആശയം നൽകി നേതാവിനെ കടുത്ത ഭാഷയിൽ വിമർശിക്കുന്ന വലിയ കാർട്ടൂണുകൾ വരപ്പിക്കുമായിരുന്നു. കെ എസ് പിള്ളയുടെ പല കാർട്ടൂണുകൾക്ക് പിന്നിലും കെ എൻ ശങ്കുണ്ണിപിള്ളയുടെ ആശയ സംഭാവനയുണ്ട്. കാർട്ടൂണിനെ അത്രകണ്ട് സ്നേഹിച്ച പത്രമുതലാളിയായിരുന്നു ശങ്കുണ്ണിപിള്ള.

1940 തുകളുടെ അവസാനം ദേശബന്ധുവിന്റെ ഭാഗമായി മാറിയിരുന്നെങ്കിലും മറ്റ് പ്രസിദ്ധീകരണങ്ങളായ മലയാളമനോരമ, ദീപിക, കേരളഭൂഷണം എന്നീ പത്രങ്ങളിലും കാർട്ടൂണുകൾ വരച്ച് നൽകിയിരുന്നു. വ്യത്യസ്ഥ ആശയമുള്ള പത്രങ്ങളാണ് ദേശബന്ധുവും മലയാള മനോരമയും എന്നത് ശ്രദ്ധേയമാണ്. രണ്ട് പത്രങ്ങളിലും ഒരേ ദിവസം ഒരേ വിഷയത്തിൽ വ്യത്യസ്ഥ വീക്ഷണവുമായി കാർട്ടൂൺ വരച്ച ചരിത്രവും കെ എസ് പിള്ളയ്ക്കുണ്ട്.



കുട്ടിയുടെ കാർട്ടൂൺ

മലബാറിൽ 1950 തുകളിലാണ് പത്രങ്ങളിൽ കാർട്ടൂൺ കൂടുതൽ പ്രസിദ്ധീകരിക്കാൻ തുടങ്ങിയത്. മാതൃഭൂമിയിൽ മുരളീധരൻ എന്ന വ്യക്തിയായിരുന്നു ആദ്യം രാഷ്ട്രീയ കാർട്ടൂണുകൾ വരച്ചിരുന്നത്. പിന്നീട് തൃശ്ശൂർ എക്സ്പ്രസ്സിൽ സാമൂഹ്യ കാർട്ടൂണുകൾ വരച്ചിരുന്ന ശിവറാം മാതൃഭൂമിയിലെത്തി. മാതൃഭൂമിയിൽ ശിവറാമിന്റെ രാഷ്ട്രീയ കാർട്ടൂണുകൾ സ്ഥിരമായി പ്രസിദ്ധീകരിച്ചു കൊണ്ടിരുന്നു. കാർട്ടൂണിസ്റ്റ് തോമസ്, കേരളവർമ്മ, തുടങ്ങിയവർ ശിവറാമിന് പിന്നാലെ കാർട്ടൂൺ രചനകളുമായി രംഗത്ത് എത്തി. ഒ വി വിജയന്റെ രാഷ്ട്രീയ







കാർട്ടൂണുകൾ മാതൃഭൂമിയിലാണ് ആദ്യം പ്രസിദ്ധീകരിച്ച് തുടങ്ങിയത്. അദ്ദേഹം ദേശിയ അന്തർ ദേശിയതലത്തിലും പ്രശസ്തമായപ്പോഴും മാതൃഭൂമിയിൽ രാഷ്ട്രീയ കാർട്ടൂണുകൾ വരച്ചിരുന്നു. മലയാറ്റൂർ രാമകൃഷ്ണനും, എം ഭാസ്കരനും, എ എസ്സും മാതൃഭൂമിയുടെ താളുകളിൽ എത്രയോ കാർട്ടൂണുകൾ വരച്ചിരിക്കുന്നു.

കേരള ചരിത്രത്തിൽ മലയാള കാർട്ടൂൺ ഒട്ടേറെ പ്രധാന രാഷ്ട്രീയ മുഹൂർത്തങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ എടുത്ത് പറയേണ്ട മൂന്ന് മുഹൂർത്തങ്ങളാണ് ഇവിടെ പരിഗണിക്കുന്നത്. വിമോചന സമരം, അടിയന്തിരാവസ്ഥ, 2018ലെ പ്രളയം. വിമോചന സമരം, 1959ൽ മന്ത്രിസഭയുടെ പുറത്താക്കൽ തുടങ്ങിയ സംഭവ വികാസങ്ങൾ കാർട്ടൂണുകളിലും പ്രതിഫലിച്ചു. ദേശബന്ധുവും, ദീപികയും, മലയാള മനോരമയും എല്ലാം ഇക്കാലത്തെ കാർട്ടൂൺ യുദ്ധത്തിന്റെ ഭാഗമായിരുന്നു. കെ എസ് പിള്ള സർക്കാരിനെ വിമർശിക്കുന്ന കാർട്ടൂണുകൾ എല്ലാ പത്രങ്ങളിലും വരച്ച് നൽകി. കാർട്ടൂണിസ്റ്റ് യേശുദാസനെ കൊണ്ട് കാർട്ടൂണുകൾ വരപ്പിച്ച് ജനയുഗം പ്രതിരോധിച്ചു. യേശുദാസന്റെ കിട്ടുമ്മാവൻ എന്ന ബോക്സ് കാർട്ടൂൺ വിമോചന സമര കാലത്താണ് തുടക്കം കുറിച്ചത്. വിമോചന സമരത്തേയും മന്നത്ത് പത്മനാഭനേയും സരസമായും രൂക്ഷമായും വിമർശിച്ചായിരുന്നു കിട്ടുമ്മാവന്റെ തുടക്കം.

അടിയന്തരാവസ്ഥയായിരുന്നു കാർട്ടൂണിസ്റ്റുകളുടെ മറ്റൊരു നിർണ്ണായക ഘട്ടം. അടിയന്തരാവസ്ഥ കാലത്ത് കാർട്ടൂണിസ്റ്റുകൾ പലരും രാഷ്ട്രീയ കാർട്ടൂണുകൾ ഉപേക്ഷിച്ച് സാമൂഹ്യ കാർട്ടൂണുകൾ മാത്രം വരയ്ക്കാൻ തുടങ്ങി. ബി എം ഗഫൂർ മാതൃഭൂമിയിൽ സാമൂഹ്യ കാർട്ടൂണുകളുമായി രംഗപ്രവേശം ചെയ്തത് ഈ കാലത്താണ്. പിന്നീട് ബി എം ഗഫൂറിന്റെ ശക്തമായ വരകളുടേയും നർമ്മത്തിന്റേയും രുചി മാതൃഭൂമി വായനക്കാർക്ക് ലഭിക്കുകയുണ്ടായി. അടിയന്തിരാവസ്ഥയ്ക്ക് ശേഷം രാഷ്ട്രീയ കാർട്ടൂണുകൾ വരച്ച് ബി എം ഗഫൂർ ലളിതമായ ശൈലിയിലൂടെ വളരെ കാലം മാതൃഭൂമിയിൽ തുടർന്നു. അദ്ദേഹം ആരംഭിച്ച കുഞ്ഞമ്മാൻ എന്ന പോക്കറ്റ് കാർട്ടൂൺ ഏറ്റവും കൂടുതൽ വായനക്കാരുണ്ടായ പംക്തിയാണ്. അടിയന്തിരാവസ്ഥകാലത്ത് കാർട്ടൂൺ വരപ്പ് ഉപേക്ഷിച്ച രണ്ട് പ്രമുഖ കാർട്ടൂണിസ്റ്റുകളുണ്ട്. ആർ കെ ലക്ഷ്മണനും, ഒ വി വിജയനും. മിക്ക കാർട്ടൂണിസ്റ്റുകളും വരകളിൽ, വിമർശനങ്ങളിൽ മിതത്വം പാലിച്ചു.

2018 ൽ കേരളത്തെ വിറപ്പിച്ച പ്രളയം കാർട്ടൂണിസ്റ്റുകൾക്കും നിർണ്ണായകമായിരുന്നു. പ്രളയകാലത്ത് കാർട്ടൂണിസ്റ്റുകൾ കാർട്ടൂൺ വരച്ചു. അത് ചിരിപ്പിക്കുന്ന കാർട്ടൂണുകളായിരുന്നില്ല. ചിന്തിപ്പിക്കുന്ന, തെറ്റുകളെ ഓർമ്മപ്പെടുത്തുന്ന, നൻമയുടെ ചൂണ്ട് വിരലുകളായിരുന്നു കാർട്ടൂണുകൾ. പ്രളയാനന്തരം നവകേരളം സൃഷ്ടിക്കാൻ കേരളം ഒരുങ്ങിയപ്പോഴും കാർട്ടൂണിസ്റ്റുകൾ കാർട്ടൂണുകൾ വരച്ചു. പ്രളയത്തിനു ശേഷം ലോകത്തെ ഞെട്ടിച്ച മഹാമാരി ആയിരുന്നു കോവിഡ്. കൊറോണ വൈറസ് ലോകമാകമാനം താണ്ഡവനൃത്തം ആടിയപ്പോൾ കേരളത്തിലെ കാർട്ടൂണിസ്റ്റുകൾ സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും കൊറോണ ബോധവൽക്കരണ കാർട്ടൂണുകൾ വരയ്ക്കുകയുണ്ടായി. ജനങ്ങളിലേക്ക് വളരെ വേഗത്തിൽ ആശയങ്ങൾ സംവാദം ചെയ്യുവാനായി കാർട്ടൂണുകൾ എങ്ങനെ പ്രയോജനപ്പെടുത്താം എന്നുള്ളതിന്റെ ഏറ്റവും മികച്ച ഉദാഹരണം ആയിരുന്നു കാർട്ടൂൺ മതിലുകൾ. കോവിഡിന്റെ കാലത്ത് കേരളത്തിൽ ശക്തമായ സാംസ്കാരിക പ്രവർത്തനം നടത്തിയത് കേരള കാർട്ടൂൺ അക്കാദമിയായിരുന്നു. കേരളത്തിലെ എല്ലാ ജില്ലയിലും കാർട്ടൂൺ മതിലുകൾ കേരള സാമൂഹ്യ സുരക്ഷാമിഷനുമായി ചേർന്ന് അവർ തീർത്തു.

മാതൃഭാഷയായ മലയാളത്തിൽ നിന്ന് ദേശിയതലത്തിൽ പ്രശസ്തരായവർ പലരുണ്ട്. പക്ഷെ ഇന്ത്യയിൽ തന്നെ മറ്റൊരു ദേശത്ത്, മറ്റൊരു ഭാഷയിൽ കാർട്ടൂൺ വരച്ച് ആധിപത്യം സ്ഥാപിക്കുക എന്നത് ചെറിയ കാര്യമല്ല. 1951ൽ ആനന്ദബസാർ പത്രികാഗ്രൂപ്പിലെ പ്രസിദ്ധീകരണങ്ങളിൽ ബംഗാളി ഭാഷയിൽ കാർട്ടൂണുകൾ വരച്ചു തുടങ്ങിയ ഒറ്റപ്പാലത്തുകാരൻ കാർട്ടൂണിസ്റ്റ് കുട്ടി വർഷങ്ങളോളം അത് തുടർന്നു. പിന്നീട് ബംഗാളിലെ പല പ്രസിദ്ധീകരണങ്ങളിലും അദ്ദേഹം കാർട്ടൂണുകൾ വരച്ചിരുന്നു. ബംഗാളികൾക്ക് ഏറ്റവും പ്രിയപ്പെട്ട, ഏറ്റവും ജനപ്രിയ കാർട്ടൂണിസ്റ്റായിരുന്നു കുട്ടി. രസകരമായ ഒരു കാര്യം എന്തെന്നാൽ കുട്ടിക്ക് ബംഗാളി ഭാഷ അറിയുമായിരുന്നില്ല എന്നതാണ്. സമാനമായി തമിഴ്നാട്ടിലെ പ്രശസ്ത കാർട്ടൂണിസ്റ്റുകളുടെ പട്ടികയിൽ ഒന്നാം നിരയിൽ കോട്ടയം സ്വദേശി ഇ പി പീറ്ററുണ്ട്. തമിഴ് പത്രങ്ങളിൽ വർഷങ്ങളോളം പീറ്ററുടെ രാഷ്ട്രീയ കാർട്ടൂണുകൾ പ്രസിദ്ധീകരിച്ചിരുന്നു. പീറ്റർക്ക് നന്നായി തമിഴ് ഭാഷ വഴങ്ങുമായിരുന്നു എന്നത് കൂടുതൽ ഗുണകരമായിരുന്നു.

ആദ്യകാലങ്ങളിൽ ബ്രഷും മഷിയും ഉപയോഗിച്ചായിരുന്നു കാർട്ടൂണുകൾ വരച്ചിരുന്നത്. അത് പിന്നീട് കാലിയോഗ്രാഫി പേനയിലേക്കും മറ്റ് വിവിധ തരം പേനകളിലേക്കും വഴിമാറി. പിന്നീട് വന്ന തലമുറ പല തരത്തിലുള്ള സ്കെച്ച് പേനകളുടെ സാധ്യതകൾ പരീക്ഷിച്ചു. ടാബുകളുടെ വരവോടെ കാർട്ടൂണുകൾ വരയ്ക്കാൻ പേപ്പറും പേനയും വേണ്ടെന്ന നിലയായി. ഏത് തരത്തിലുള്ള ബ്രഷും, പേനയും കംമ്പ്യൂട്ടറിൽ തിരഞ്ഞെടുക്കാമെന്ന സ്ഥിതിയായി. ഫോട്ടോഷോപ്പ്, ഇല്ലസ്ട്രേറ്റർ സോഫ്റ്റ്‌വെയർ വരകളുടെ മിഴിവ് കൂട്ടി. ആദ്യം കംമ്പ്യൂട്ടറിൽ ഘടിപ്പിക്കുന്ന ടാബ്‌ലറ്റുകളാണ് വിപണിയിൽ ഉണ്ടായിരുന്നത്. പിന്നീട് ടാബ്‌ലറ്റ് മോണിറ്ററുകൾക്ക് അത് വഴിമാറി. ഇപ്പോൾ കൈയ്യിൽ കൊണ്ടു നടക്കുന്ന ടാബുകളും സ്റ്റൈലസ് പേനകളും ഇറങ്ങിയതോടെ കാർട്ടൂണിസ്റ്റിന് ലോകത്തിന്റെ ഏത് മൂലയിലിരുന്നും വരയ്ക്കാവുന്ന സ്ഥിതി ഉണ്ടായി. ഇന്റർനെറ്റ് കണക്ഷനും ഇതിൽ ലഭ്യമായതു കൊണ്ട്, വരയ്ക്കപ്പെടുന്ന ചിത്രം ഉടൻ തന്നെ ആർക്കും അയച്ചു കൊടുക്കുവാനും സാധിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്. ■



കാർട്ടൂണുകൾ ഇഷ്ടപ്പെടാത്തവരായി ആരും തന്നെ ഉണ്ടാകുമെന്ന് തോന്നുന്നില്ല. കാർട്ടൂണുകൾ എന്നാൽ രാഷ്ട്രീയ കാർട്ടൂണുകൾ എന്നാണ് നമ്മൾ പലരും വിചാരിച്ചിരിക്കുന്നത് എന്നുള്ള കാര്യത്തിൽ സംശയവുമില്ല. ദൃശ്യമാധ്യമരംഗം സജീവമായതോടെ കുട്ടികളുടെ മനസ്സിൽ കാർട്ടൂൺ അനിമേഷൻ ചാനലുകളാണ് ഓടിയെത്തുക. എന്നാൽ സ്ഥിതി മറിച്ചാണ്. കാർട്ടൂണുകൾ കേവലം രാഷ്ട്രീയ കാർട്ടൂണുകൾ മാത്രമല്ല. സാമൂഹിക വിഷയങ്ങളും ഉൾപ്പെടും, അതിനെ സൈലന്റ്, സ്പോർട്ട്സ്, സിനിമ, ശാസ്ത്രം തുടങ്ങി പലതായി വിഭജിക്കാം. ഒടുവിൽ സൈബർ കാർട്ടൂണുകളിലും എംഎംഎസ് കാർട്ടൂണുകളിലും ട്രോൾ കാർട്ടൂണുകളിലും നമ്മൾ എത്തിനിൽക്കുന്നു

# വരകൾ വിഷയങ്ങൾ പലതരം


## കാർട്ടൂണുകളിലെ തരംതിരിവ്

### സോഷ്യലും സൈലന്റും

സാമൂഹിക, സാംസ്കാരിക, കാലിക പ്രസക്തിയുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന കാർട്ടൂണുകളെ സോഷ്യൽ കാർട്ടൂണുകൾ എന്ന് വിളിക്കാം. വാക്കുകളുടെ സഹായമില്ലാതെ വരകളിലൂടെ നർമ്മസംഭവങ്ങൾ അവതരിപ്പിക്കുന്നതാണ് സൈലന്റ് കാർട്ടൂൺ. ഭാഷാ അതിർവരമ്പുകൾ കടന്ന് ലോകത്തിന്റെ എല്ലാ ഭാഗത്തും സ്വീകാര്യമായ ഒന്നാണ് സൈലന്റ് കാർട്ടൂൺ. വാക്കുകളുടെ സഹായമില്ലാതെ വരകളിലൂടെ ആശയം കൈമാറുക എന്നത് വേറിട്ട കഴിവ് തന്നെയാണ്. കാർട്ടൂണിന്റെ എല്ലാ വിഭാഗത്തിലും ഇത്തരം നിശ്ശബ്ദ കാർട്ടൂണുകൾ കാണാം. രാഷ്ട്രീയ കാർട്ടൂണും നീണ്ട കോമിക്സുകളും ഇത്തരത്തിൽ ഒട്ടേറെ വരയ്ക്കപ്പെട്ടിട്ടുണ്ട്.

### കായികം, സിനിമ, ബിസിനസ്

കായികരംഗത്തെ രസകരമായ മുഹൂർത്തങ്ങൾ കാർട്ടൂണിനും വിഷയമാകാറുണ്ട്. ഓട്ടവും, ചാട്ടവും, നീന്തലും, ഫുട്ബോളും, ക്രിക്കറ്റും എന്നുവേണ്ട എല്ലാ കായികയിനങ്ങളിലും നർമ്മ മുഹൂർത്തങ്ങൾ ഉണ്ടാകും. അത് മനസ്സിലാക്കി വരയ്ക്കണമെങ്കിൽ കായികരംഗത്തെ കുറിച്ച് നല്ല അറിവുണ്ടാകണം. കായികരംഗത്തെ ഓരോ ഇനങ്ങളുടേയും നിയമങ്ങൾ വ്യത്യസ്തമായിരിക്കും. ഇത് വ്യക്തമായി അറിഞ്ഞാൽ മാത്രമേ ഒരാൾക്ക് നല്ലൊരു സ്പോർട്സ് കാർട്ടൂണിസ്റ്റാകാൻ സാധിക്കൂ. നമ്മുടെ വർത്തമാനപത്രങ്ങൾ ചിലതിൽ ഒളിമ്പിക്സ്, ദേശീയ ഗെയിംസ് തുടങ്ങിയ മേളകൾ



## സുരക്ഷാസന്ദേശങ്ങൾ

**എല്ലാ വ്യവസായ സ്ഥാപനങ്ങളിലും സുരക്ഷാ നിർദേശങ്ങൾ വെച്ചിരിക്കുന്നത് കാണാം. ചില വലിയ കമ്പനികൾ സുരക്ഷാസന്ദേശങ്ങൾ ജീവനക്കാരിലേയ്ക്ക് എത്തിക്കുന്നതിന് സ്വന്തമായി കാർട്ടൂൺ പോസ്റ്ററുകൾ സ്ഥാപിക്കാറുണ്ട്. കാർട്ടൂണിസ്റ്റ് ശിവറാം വർഷങ്ങളോളം ഏലൂർ ഫാക്ടിൽ സുരക്ഷാ വിഭാഗത്തിൽ സുരക്ഷാപോസ്റ്ററുകൾ നിർമ്മിക്കുന്ന കാർട്ടൂണിസ്റ്റായിരുന്നു. ശിവറാം ഈ രംഗത്ത് ജീവിതാവസാനംവരെ പ്രവർത്തിച്ചിരുന്നു. അദ്ദേഹം വരച്ച പല സുരക്ഷാകാർട്ടൂണുകൾ ഇന്നും പല കമ്പനികളിലും പ്രദർശിപ്പിച്ചുവരുന്നു.**



നടക്കുന്ന അവസരത്തിൽ സ്പോർട്സ് കാർട്ടൂണുകൾ കൊടുക്കുന്ന പതിവുണ്ട്.

ജനകീയ കലാമാധ്യമമായ സിനിമാരംഗത്തെ വിശേഷങ്ങൾ പങ്കുവയ്ക്കുന്ന കാർട്ടൂണുകളെ സിനിമാ കാർട്ടൂൺ എന്ന് വിളിക്കാം. മലയാളത്തിൽ പണ്ട് ടക്ക് ടക്ക്, കട്ട് കട്ട് എന്നീ സിനിമാ ഹാസ്യമാസികകൾ ഇറങ്ങിയിരുന്നു. ഇതിൽ സിനിമാ കാർട്ടൂണുകളായിരുന്നു പ്രധാനമായും പ്രസിദ്ധീകരിച്ചിരുന്നത്.

അതുപോലെ ശാസ്ത്രവിഷയങ്ങൾ മാത്രം കൈകാര്യം ചെയ്യുന്ന കാർട്ടൂണിസ്റ്റുകൾ നമുക്കിടയിലുണ്ട്. കാലാവസ്ഥാ വ്യതിയാനം ഒരു ശാസ്ത്ര വിഷയമാണ്. മിക്ക കാർട്ടൂണിസ്റ്റുകളും കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭീകരത ബോധ്യപ്പെടുത്തുന്ന കാർട്ടൂണുകൾ വരച്ചിട്ടുണ്ട്.

പണം, പോക്കുവരവ് വിഷയമാക്കി വരയ്ക്കപ്പെടുന്ന കാർട്ടൂണുകൾ ബിസിനസ് കാർട്ടൂണുകളാണ്. ബജറ്റിന്റെ ദിവസം മാത്രം മുഖ്യധാരാകാർട്ടൂണിസ്റ്റുകൾ ബിസിനസ് കാർട്ടൂണുകൾ വരയ്ക്കുക പതിവാണ്. മാധ്യമങ്ങൾ ബിസിനസ് കാർട്ടൂണുകൾക്ക് വോട്ട് ഓൺ അക്കൗണ്ട് ദിവസവും ബജറ്റ് ദിവസവും വലിയ പ്രാധാന്യമാണ് കൊടുക്കുന്നത്. ഇക്കണോമിക് ടൈംസ്, ഫിനാൻഷ്യൽ ടൈംസ്, ബിസിനസ് സ്റ്റാന്റേഡ്, ദി ഹിന്ദു ബിസിനസ് ലൈൻ, ഫിനാൻഷ്യൽ ക്രോണിക്കിൾ, മിന്റ് തുടങ്ങിയ പ്രധാന ബിസിനസ് പത്രങ്ങളിലെല്ലാം ബിസിനസ് കാർട്ടൂണുകൾ പ്രസിദ്ധീകരിക്കുന്നു.

### പരസ്യങ്ങളും കാർട്ടൂണും

കേരളത്തിൽ കാർട്ടൂൺ ശാഖയ്ക്ക് പ്രചാരം ലഭിക്കും മുമ്പുതന്നെ പരസ്യങ്ങളിൽ വ്യാപകമായി കാർട്ടൂണുകൾ ഉൾക്കൊള്ളിച്ചിരുന്നതായി കാണാം. വിദൂഷകൻ മാസികയും തമാശയും സഞ്ജയനും അവരുടെ സ്വന്തം പരസ്യങ്ങളിൽ കാർട്ടൂണുകളാണ് ഉപയോഗിച്ചത്. ചായപ്പൊടിയും സിഗററ്റും ബീഡിയും ഹെൽത്ത് പൗഡറുകളും എന്തിനേറെ ബാങ്കുകൾ പോലും കാർട്ടൂൺ പരസ്യത്തിന്റെ ആനുകൂല്യങ്ങൾ നേടി. രസകരമായ ചെറിയ തമാശകളിലൂടെ ഓരോരുത്തരും അവരവരുടെ ഉൽപന്നങ്ങൾ ജനങ്ങളുടെ ശ്രദ്ധയിലെത്തിക്കാൻ കാർട്ടൂണുകൾ ആയുധമാക്കി. ആദ്യകാലങ്ങളിൽ രാഷ്ട്രീയ കാർട്ടൂണുകളേക്കാൾ കൂടുതൽ പരസ്യ കാർട്ടൂണുകളായിരുന്നു വന്നിരുന്നത്.

1946 ഡിസംബർ 14ന് ഗുജറാത്തിലെ ആനന്ദിൽ പോൾസൻസ് കോഫി

## കുട്ടികളുടെ കാർട്ടൂൺ

**കുട്ടികളെ ഏറെ ആകർഷിക്കുന്ന ഒന്നാണല്ലോ കാർട്ടൂണുകൾ. എഴുപതുകളുടെ ആദ്യം മലയാളികളെ വായനയുടേയും കാർട്ടൂൺ ചിത്രങ്ങളുടേയും അത്ഭുത ലോകത്തേക്ക് കൊണ്ടെത്തിക്കുന്നതിന് റഷ്യൻ പ്രസിദ്ധീകരണങ്ങൾ വഹിച്ച പങ്ക് വിസ്മരിക്കാൻ പറ്റാത്തതാണ്. സോവിയറ്റ് യൂണിയനിൽ പ്രോഗ്രസ്സ് പബ്ലിക്കേഷൻസ് അച്ചടിച്ച മികച്ച നിലവാരമുള്ള കളർ പേജുകളുള്ള മലയാള പുസ്തകങ്ങൾ വളരെ ചെറിയ വിലയ്ക്കാണ് വിതരണം ചെയ്തിരുന്നത്. സോവിയറ്റ് യൂണിയനിലെ അനിമേഷൻ രംഗത്തിന് തുടക്കമിട്ട വ്ളാഡിമർ ഗ്രിഗോർവിച്ച് സുത്യേയെവ് കുട്ടികൾക്കായി എഴുതിയും വരച്ചും ഒട്ടേറെ കഥകൾ പുറത്തിറക്കി. അദ്ദേഹത്തിന്റെ കഥകളും, ഒപ്പം അദ്ദേഹം അതിന് വരച്ച കാർട്ടൂൺ ചിത്രീകരണവും റഷ്യയിൽ മാത്രമല്ല, ഇങ്ങ് മലയാളക്കരയിലെ കുട്ടികളേയും വായനയുടേയും ചിത്രകലയുടേയും കഥകളുടേയും പ്രത്യേക ലോകത്തേയ്ക്ക് എത്തിച്ച് വായനാശീലം വർധിപ്പിച്ചു. കുട്ടികളുടെ കാർട്ടൂണുകളിൽ മൃഗങ്ങളും പക്ഷികളും കാർട്ടൂൺ കഥാപാത്രമായി വരുന്നു. ഫാന്റസി കഥാപാത്രങ്ങളും കുട്ടികളെ ആകർഷിക്കുന്നു.**



## പത്രമാധ്യമങ്ങളിലെ കാർട്ടൂൺ വര

**പറയേണ്ട വലിയ ആശയം ഒറ്റ വരിയിൽ ഇവിടെ സാധിപ്പിക്കുന്ന കാർട്ടൂണുകളെയാണ് പോക്കറ്റ് കാർട്ടൂണെന്നും ബോക്സ് കാർട്ടൂൺ എന്നും വിശേഷിപ്പിക്കുന്നത്. ആദ്യകാലത്ത് ഗാഗ് എന്നാണ് ഇത്തരം കാർട്ടൂണുകൾ അറിയപ്പെട്ടിരുന്നത്. പത്രമാധ്യമങ്ങളിൽ ഇന്ന് ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നായി പോക്കറ്റ് കാർട്ടൂണുകൾ മാറിയിട്ടുണ്ട്. പത്രങ്ങളിൽ ചെറിയ സ്ഥലത്ത് വലിയ സംഭവങ്ങൾ പോക്കറ്റ് കാർട്ടൂണിലൂടെ ലളിതമായി അവതരിപ്പിക്കപ്പെടുന്നു എന്നതാണ് ആകർഷണം.**



ആൻഡ് ബട്ടറിന് ബദലായി തുടങ്ങിയതാണ് അമുൽ. പോൾസൻസ് കോഫി ആൻഡ് ബട്ടറിന്റെ പരസ്യങ്ങളിൽ സ്ഥിരമായി വന്നിരുന്ന പോൾസൻസ് ബട്ടർ ഗേളിന് മറുപടി എന്നോണം ആരംഭിച്ചതാണ് അമുൽ ഗേൾ എന്ന പ്രശസ്തമായ പരസ്യ കഥാപാത്രം. ഏറ്റവും കൂടുതൽ കാലം തുടർച്ചയായി പരസ്യത്തിൽ പ്രത്യക്ഷപ്പെട്ട കഥാപാത്രം എന്ന ലോക റെക്കോഡും അമുൽ ഗേളിന് സ്വന്തം.

### സ്ട്രിപ്പ് കാർട്ടൂൺ

ഒന്നിലേറെ കോളങ്ങളുള്ള കാർട്ടൂണുകളെയാണ് സ്ട്രിപ്പ് കാർട്ടൂണുകൾ എന്ന് പറയുന്നത്. ഒറ്റവരിയിൽ നിൽക്കുന്ന സ്ട്രിപ്പ് കാർട്ടൂണുകൾ കുറഞ്ഞ സ്ഥലത്ത് വലിയ കഥപറയുന്നു എന്നതാണ് പ്രത്യേകത. വരയും കമന്റുകളും ഇടകലർന്നിരിക്കുന്നതിനാൽ പറയേണ്ട പല കാര്യങ്ങളും വരയിലൂടെ വായനക്കാരിലേക്ക് എത്തുന്നു. ലോകത്ത് ഏറ്റവും കൂടുതൽ സിൻഡിക്കേറ്റ് ചെയ്യപ്പെട്ടിട്ടുള്ളത് സ്ട്രിപ്പ് കാർട്ടൂണുകളാണ്. ഇന്നും പത്രങ്ങളിൽ സിൻഡിക്കേറ്റ് ചെയ്യപ്പെടുന്ന സ്ട്രിപ്പ് കാർട്ടൂണുകൾ പ്രസിദ്ധീകരിച്ച് വരുന്നു.

മലയാളത്തിലെ പ്രശസ്തമായ സ്ട്രിപ്പ് കാർട്ടൂണുകൾ ശിവറാം വരച്ച കുഞ്ഞമ്മാനിൽ നിന്ന് തുടങ്ങുന്നു. തൃശ്ശൂരിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന എക്സ്പ്രസ് പത്രത്തിലാണ് കുഞ്ഞമ്മാൻ എന്ന പേരിൽ സ്ട്രിപ്പ് കാർട്ടൂണുകൾ ശിവറാം ആദ്യം വരച്ചിരുന്നത്. പിന്നീട് ഇത് മാതൃഭൂമിയിൽ വരച്ചു. കാർട്ടൂണിസ്റ്റ് ചെല്ലന്റെ ലോലൻ, ബി.എം.ഗഫൂറിന്റെ കുട്ടന്റെ ലോകം തുടങ്ങിയ സ്ട്രിപ്പ് കാർട്ടൂണുകൾ പ്രശസ്തമായിരുന്നു. സ്ട്രിപ്പ് കാർട്ടൂണുകൾ പത്രങ്ങളിലും വാരികയിലും മാസികയിലും സ്ഥിരമായി പ്രസിദ്ധീകരിക്കാറുണ്ട്.




### കോമിക്സും ഗ്രാഫിക് നോവലുകളും

ഒറ്റ കോളത്തിലെ സ്ട്രിപ്പുകൾ വാരികകളിൽ രണ്ട് കോളത്തിലേക്ക് പ്രവേശിച്ചു. അരപ്പേജിൽ നിന്ന് ഒരു പേജിലേക്ക് കാർട്ടൂൺ ചിത്രകഥകൾ പ്രസിദ്ധീകരിച്ചു തുടങ്ങിയതാണ് കാർട്ടൂൺ കോമിക്കുകളായി മാറിയത്. സ്ട്രിപ്പ് കാർട്ടൂണുകൾ ഒരു നിരയിൽ ഒതുങ്ങുന്നതാണെങ്കിൽ കാർട്ടൂൺ ചിത്രകഥകൾക്ക് മൂന്നും നാലും നിരകൾ ഉണ്ടാകും. പല സ്ട്രിപ്പ് കാർട്ടൂണുകളും പിൽക്കാലത്ത് കാർട്ടൂൺ ചിത്രകഥകൾ അഥവാ കാർട്ടൂൺ കോമിക്കുകളായി രൂപമാറ്റം വന്നവയാണ്. മനോരമ ആഴ്ചപ്പതിപ്പിൽ ബോബനും മോളിയും കാർട്ടൂൺ കോമിക്സ് റ്റോംസ് മുപ്പതുവർഷം തുടർച്ചയായി വരച്ചു. ആഴ്ചപ്പതിപ്പിന്റെ അവസാനപേജ് ആദ്യം വായിക്കുന്ന ശീലമുണ്ടാക്കിയത് റ്റോംസാണ്. പിന്നീട് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ അരവിന്ദന്റെ 'ചെറിയ മനുഷ്യരും വലിയ ലോകവും' എന്ന കാർട്ടൂൺ പരമ്പര ആരംഭിച്ചതും അവസാന പേജിലായിരുന്നു.

കാർട്ടൂൺ ചിത്രകഥകളുടെ മറ്റൊരു രൂപം തന്നെയാണ് ഗ്രാഫിക് നോവലുകൾ. സാഹിത്യത്തിൽ കഥകളും നോവലും പോലെയുള്ള വ്യത്യാസം മാത്രമേ ഇവിടേയും ഉള്ളൂ. ഒരു നീണ്ട കഥയെ അല്ലെങ്കിൽ നോവലിനെ വരകളുടെ സഹായത്താൽ വാക്കുകളും ചേർത്ത് അവതരിപ്പിക്കുന്നതാണ് ഗ്രാഫിക് നോവൽ എന്ന് ചുരുക്കി പറയാം. എഴുതേണ്ട പല കാര്യങ്ങളും ഇവിടെ ഗ്രാഫിക് നോവലിസ്റ്റ് വായനക്കാരെ വരച്ച് കാണിക്കുന്നു. 2001ന് ശേഷം മാത്രമാണ് ഗ്രാഫിക് നോവൽ എന്ന മേഖലയെ പുസ്തക ലോകം അംഗീകരിക്കാൻ തയ്യാറായിട്ടുള്ളൂ. ഇന്ന് ഏറ്റവും കൂടുതൽ ആളുകൾ താത്പര്യപൂർവം വായിക്കുന്നത് ഗ്രാഫിക് നോവലാണ്.

ജി.അരവിന്ദൻ രചിച്ച ചെറിയ മനുഷ്യരും വലിയ ലോകവും എന്ന കാർട്ടൂൺ 1963 മുതൽ 1971 വരെ തുടർച്ചയായി മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ അവസാന പുറത്ത് പ്രസിദ്ധീകരിച്ചിരുന്നു. മലയാളത്തിലെ (ഒരു പക്ഷെ ഇന്ത്യയിലെ തന്നെ) ആദ്യ ഗ്രാഫിക് നോവൽ ജി.അരവിന്ദന്റെ ചെറിയ മനുഷ്യരും വലിയ ലോകവും തന്നെയാണ്. സഗീർ ചന്ദ്രിക വാരികയിൽ തുടർച്ചയായി പ്രസിദ്ധീകരിച്ച ഗൾഫുംപടി പി.ഒ. എന്നതും ഗ്രാഫിക് നോവലിന്റെ ഗണത്തിൽ പെടുത്താവുന്നതാണ്.■

തയ്യാറാക്കിയത് : കാർട്ടൂൺ അക്കാദമി

**ഏലിയാസ് ജോൺ**
കാർട്ടൂണിസ്റ്റ്





**യേശുദാസൻ എന്ന വ്യക്തിയെപ്പോലെ ഹൃദ്യമായിരുന്നു അദ്ദേഹത്തിന്റെ കാർട്ടൂണുകളും.**

# ടക് ടക്...
# ഓർമ്മകൾ മുട്ടി വിളിക്കുമ്പോൾ




മലയാളത്തിലെ പ്രമുഖ പത്രത്തിന്റെ ഇടതു വശത്ത് ഒരു ചെറിയ കോളം 'കുഞ്ചുക്കുറുപ്പ്'. അതിന്റെ സ്രഷ്ടാവിന്റെ പേര് ആദ്യകാലങ്ങളിൽ വായിച്ചെടുക്കാൻ പ്രയാസപ്പെട്ടിരുന്നു. യേശുദാസൻ എന്ന പേരില്ലാതെ തന്നെ പിന്നീട് ആ കാർട്ടൂണുകൾ ആരുടേതെന്ന് വായനക്കാരൻ മനസ്സിലാക്കി. യേശുദാസൻ എന്ന വ്യക്തിയെപ്പോലെ ഹൃദ്യമായിരുന്നു കാർട്ടൂൺ രംഗത്തെ അദ്ദേഹത്തിന്റെ രചനകളും.


1938 ജൂൺ 12ന് മവേലിക്കരക്കടുത്തുള്ള ഭരണിക്കാവിൽ കുന്നേൽ ചക്കാലേത്ത് ജോൺ മത്തായിയുടെയും മറിയാമ്മയുടെയും മകനായാണ് സി ജെ യേശുദാസന്റെ ജനനം. മകനെ പള്ളീലച്ചൻ ആക്കാനായിരുന്നു അപ്പന്റെയും അമ്മയുടെയും ആഗ്രഹം. എന്നാൽ മകൻ എത്തിയത് വരയുടെ ലോകത്തേക്കും.

1960 കാലം. കൊല്ലം ടി കെ എം കോളേജിൽ എഞ്ചിനീയറിങ് പ്രവേശനത്തിനുള്ള ഇന്റർവ്യൂവിൽ പങ്കെടുക്കുന്നതിന് ബസ്സിൽ പോകുമ്പോൾ ചുവന്ന ബാക്ഗ്രൗണ്ടിലെ ജനയുഗം എന്ന വെളുത്ത അക്ഷരങ്ങൾ ആ ചെറുപ്പക്കാരന്റെ മനസ്സിലുടക്കി. അഡ്മിഷൻ ലഭിക്കാത്ത നിരാശയിൽ തിരിച്ചു മടങ്ങിയ യേശുദാസൻ ജനയുഗത്തിന്റെ ഓഫീസിലേക്കാണ് പിന്നീട് എത്തിയത്. അന്നത്തെ പത്രാധിപരായിരുന്ന എൻ ഗോപിനാഥൻ നായർ, കാമ്പിശ്ശേരി കരുണാകരൻ, തെങ്ങമം ബാലകൃഷ്ണപിള്ള എന്നിവരോടായി ആഗമനോദേശ്യം അറിയിച്ചു. "കാർട്ടൂൺ അത്യാ





**മിസ്സിസ് നായർ – യേശുദാസൻ**



വശ്യം വരയ്ക്കും. ജനയുഗത്തിനു വേണ്ടി വരയ്ക്കാൻ ആഗ്രഹമുണ്ട്" ആ യുവാവ് പറഞ്ഞു. വരച്ച ചില കാർട്ടൂണുകളും പരിചയപ്പെടുത്തി. എല്ലാവർക്കും വര ഇഷ്ടമായി. അങ്ങനെയാണ് ജനയുഗം വാരികയിൽ ചന്തു എന്ന കാർട്ടൂൺ പംക്തി പ്രസിദ്ധീകരിച്ചു തുടങ്ങുന്നത്. പിന്നീട് കിട്ടുമ്മാൻ എന്ന പോക്കറ്റ് കാർട്ടൂൺ വരച്ച് ജനയുഗത്തിന്റെ മുൻ പേജിലും ഇടം നേടി. കുഞ്ചുക്കുറുപ്പ് മാത്രമല്ല, മിസ്സിസ് നായർ, പൊന്നമ്മ സൂപ്രണ്ട് തുടങ്ങി യേശുദാസൻ സൃഷ്ടിച്ച് കാർട്ടൂണുകളും ജനപ്രീതി നേടി.

## ശങ്കേഴ്സ് വീക്കിലിയിൽ


1963ലാണ് യേശുദാസൻ ശങ്കേഴ്സ് വീക്കിലിയിൽ എത്തുന്നത്. കാർട്ടൂണിസ്റ്റ് ഒ വി വിജയൻ രാജിവച്ച് പേടിയറ്റിൽ പോയ ഒഴിവിലാണ് യേശുദാസൻ ചെല്ലുന്നത്. ആദ്യകാലത്ത് കാർട്ടൂണിസ്റ്റ് ശങ്കർ തന്റെ വരകൾ പല വട്ടം മാറ്റിവരപ്പിച്ചത് ദേഷ്യമുണ്ടാക്കിയെങ്കിലും പിന്നീടത് ഗുണകരമായെന്ന് യേശുദാസൻ അനുസ്മരിച്ചിട്ടുണ്ട്. തന്റെ വരകൾ ഇത്ര മനോഹരമാക്കിയത് ശങ്കേഴ്സ് വീക്കിലിയിൽ നിന്നുള്ള പരിശീലനവും പ്രോത്സാഹനവുമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ആറു വർഷം യേശുദാസൻ ശങ്കേഴ്സ് വീക്കിലിയുടെ ഭാഗമായിരുന്നു. പിന്നീട് ഡൽഹിയിൽ നിന്നും കേരളത്തിലെത്തി ജനയുഗത്തിന്റെ കുട്ടികളുടെ പ്രസിദ്ധീകരണമായ ബാലയുഗത്തിന്റെ പത്രാധിപരായി. ശേഷമാണ് അസാധു, കട്ട് കട്ട്, ടക് ടക് എന്നീ പേരുകളിൽ സ്വന്തമായി പ്രസിദ്ധീകരണങ്ങൾ നടത്തി തുടങ്ങിയത്. സ്വന്തം പ്രസിദ്ധീകരണ സ്ഥാപനങ്ങൾ സാമ്പത്തിക പ്രതിസന്ധിയിലേക്കെത്തിക്കും എന്ന് തിരിച്ചറിഞ്ഞ യേശുദാസൻ 1985ൽ മനോരമയിൽ കാർട്ടൂണിസ്റ്റായി ജോലിയിൽ പ്രവേശിച്ചു. അതിനു മുൻപ് തന്നെ അദ്ദേഹം അവിടെ സണ്ണി എന്ന തൂലികാനാമത്തിൽ വരച്ചിരുന്നു.

## യുവകാർട്ടൂണിസ്റ്റുകളുടെ മാതൃക

യേശുദാസൻ എന്ന വടവൃക്ഷത്തിന്റെ ചുവടുപറ്റി കാർട്ടൂണിസ്റ്റുകളായ എത്രയോ പേരിൽ ഒരാളാണ് ഈ ലേഖകനും. രണ്ടായിരാമാണ്ടിൽ തൃശ്ശൂരിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന എക്സ്പ്രസ് പത്രത്തിൽ ഞാൻ കാർട്ടൂൺ വരച്ചത് അദ്ദേഹത്തിന്റെ വരകളുടെ അനുകരണവുമായിട്ടാണ്. പിൽക്കാലത്ത് അദ്ദേഹം മനോരമയിൽ നിന്ന് വിരമിച്ച് ദേശാഭിമാനിക്കായി വരയ്ക്കുമ്പോഴാണ് അടുത്ത് പരിചയപ്പെടുന്നത്. ഇടയ്ക്ക് എന്തെങ്കിലും ആവശ്യവുമായി അദ്ദേഹം വിളിക്കും. ദേശാഭിമാനിയിൽ പ്രസിദ്ധീകരിച്ച കാർട്ടൂണുകൾ പുസ്തകരൂപത്തിൽ ആക്കണമെന്നത് വലിയ ആഗ്രഹമായിരുന്നു. അത് സ്കാൻ ചെയ്ത് അദ്ദേഹത്തിന്റെ ഇ മെയിലിൽ അയക്കാൻ ആവശ്യപ്പെട്ടായിരുന്നു അധികവും വിളിച്ചിരുന്നത്. ഗുരുനാഥനെ പോലെ മനസ്സിൽ കൊണ്ടുനടന്നിരുന്ന അദ്ദേഹത്തിന്റെയും, എന്റെയും വരകൾ ഒരേ സമയം ദേശാഭിമാനിയിൽ പ്രസിദ്ധീകരിച്ച് വന്നത് അത്ഭുതത്തോടെയേ ഓർക്കാനാവൂ. മാധ്യമരംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള സ്വദേശാഭിമാനി കേസരി പുരസ്കാരം നൽകി കേരളം 2019-ൽ അദ്ദേഹത്തെ ആദരിച്ചു.

2021 സെപ്റ്റംബർ 14ന് അദ്ദേഹം കോവിഡ് ബാധിതനായി. എന്നിട്ടും ആ മാസം 17 വരെ അദ്ദേഹം ജനയുഗത്തിൽ കിട്ടുമ്മാൻ എന്ന പോക്കറ്റ് കാർട്ടൂൺ വരച്ചിരുന്നു. അതുവരെ കറുത്ത മഷി കൊണ്ട് വരച്ചിരുന്ന അദ്ദേഹം 2021 സെപ്റ്റംബർ 18നു പ്രസിദ്ധീകരിച്ച കിട്ടുമ്മാൻ വരച്ചത് ചുവന്ന മഷി കൊണ്ടായിരുന്നു. അതായിരുന്നു അദ്ദേഹത്തിന്റെ അവസാന കാർട്ടൂണും. കോവിഡ് വിട്ടുമാറിയെങ്കിലും ആരോഗ്യ പ്രശ്നങ്ങൾ തുടർന്നു. 2021 ഒക്ടോബർ 6ന് പുലർച്ചെ ആ വര എന്നെന്നേക്കുമായി മാഞ്ഞു. ■





കാർട്ടൂണായും ട്രോളായും പാരഡിഗാനമായും ചിരിക്ക് വളക്കൂറുള്ള മണ്ണാണ് കോട്ടയം

# കോട്ടയത്തിന്റെ ചിരിവഴികൾ

രാജ്യത്ത് ഏറ്റവും കൂടുതൽ കാർട്ടൂൺ കഥാപാത്രങ്ങൾ ഉള്ള ഭാഷ മലയാളം ആയിരിക്കണം. അവരെക്കുറിച്ചുള്ള ആലോചനകൾ ബോബനും മോളിയും കാർട്ടൂണിൽ നിന്നാണ് എനിക്ക് തുടങ്ങാൻ സാധിക്കുന്നത്. എന്റെ ചെറുപ്പകാലം ആളുകൾ പുസ്തകങ്ങൾ വായിച്ചിരുന്ന കാലമായിരുന്നു. അവസാന പേജിൽ പോയി ബോബനും മോളിയും വായിച്ചതിനു ശേഷം വീണ്ടും ഒന്നാം പേജിൽ നിന്ന് മനോരമ വാരിക വായിച്ചിരുന്ന കാലം എനിക്കുമുണ്ട്. അവസാന പേജിൽ കാർട്ടൂണുകൾ ഉള്ള പ്രസിദ്ധീകരണങ്ങൾ പണ്ടേ മലയാളത്തിൽ ഉണ്ടായിരുന്നല്ലോ. ഏറ്റവും ജനപ്രീതി നേടിയത് ബോബനും മോളിയും തന്നെ. ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ വൈറൽ താരങ്ങൾ.



## കോട്ടയത്തെ കഥാപാത്രങ്ങൾ

മലയാളത്തിലെ കാർട്ടൂൺ കഥാപാത്രങ്ങളെ ഓർത്തെടുക്കാൻ ശ്രമിച്ചപ്പോഴാണ് അവരുടെ കോട്ടയം ബന്ധം ഒരു കൗതുകമായത്. പ്രസിദ്ധമായ ഭൂരിഭാഗം കാർട്ടൂണുകളും പിറന്നുവീണത് കോട്ടയത്തുനിന്നാണ്. ഏറ്റവും കൂടുതൽ പ്രസിദ്ധീകരണങ്ങൾ അക്കാലത്ത് പുറത്തിറങ്ങിയിരുന്നത് കോട്ടയം പട്ടണത്തിൽ നിന്നായിരുന്നു എന്നത് അതിന്റെ കാരണമായി കരുതാം.

കുട്ടനാട് ദേശത്തുനിന്ന് കോട്ടയത്തേക്ക് തന്റെ തട്ടകം മാറ്റിയ ടോംസ് എന്ന അതുല്യ കലാകാരൻ കോട്ടയം പട്ടണത്തിൽ നിന്ന് സൃഷ്ടിച്ച ഒരുപിടി കിടിലൻ കാർട്ടൂൺ കഥാപാത്രങ്ങളാണ് ബോബനും മോളിയും പിന്നെ അതിലെ മറ്റ് കാർട്ടൂൺ താരങ്ങളും. പിന്നീട് അദ്ദേഹത്തിന്റെ തന്നെ ഉണ്ണിക്കുട്ടൻ, മണ്ടൂസ് എന്നീ കഥാപാത്രങ്ങളും വലിയ ഹിറ്റുകളായി. ഈ താരങ്ങളുടെ സമകാലികരായിരുന്ന മനോരാജ്യം വരികയിലെ ലാലുവും ലീലയും. കെ. എസ്. രാജൻ ആയിരുന്നു അതിന്റെ സ്രഷ്ടാവ്. മനോരാജ്യത്തിൽ തന്നെ പി. കെ. മന്ത്രിയുടെ പാച്ചുവും കോവാലനും ആണ് അക്കാലത്തെ മറ്റൊരു ഹിറ്റ് കാർട്ടൂൺ പംക്തി. ഉപ്പായി മാപ്ല എന്ന തകർപ്പൻ കഥാപാത്രം നാല് പേരുടെ വരകളിൽ ജീവിച്ചു എന്നത് ഒരു അപൂർവതയാണ്. ജോർജ് കുമ്പനാട് കേരള ധ്വനി പത്രത്തിനായി സൃഷ്ടിച്ച ഈ കഥാപാത്രം അദ്ദേഹത്തെ കൂടാതെ ടോംസ് ബോബനും മോളിയിലും, പി. കെ. മന്ത്രി പാച്ചുവും കോവാലനിലും, കെ. എസ്. രാജൻ ലാലുവും ലീലയിലും ഉപ്പായി മാപ്ലയെ വരച്ചു.

## ട്രോൾ ദൈവമായ ഡിങ്കൻ

ബാലമംഗളം മാസികയിൽ സോമശേഖരൻ, ബേബി എന്നിവരുടെ കൂട്ടുകെട്ടിൽ കോട്ടയത്തു പിറന്ന കഥാപാത്രമാണ് ഡിങ്കൻ. ആളൊരു എലിയാണ്. എന്നാൽ ഇന്ന് ഡിങ്കൻ എന്ന കാർട്ടൂൺ കഥാപാത്രം നിരീശ്വര വാദികളുടെ ട്രോൾ ദൈവമായി ഉയർത്തപ്പെട്ടിരിക്കുന്നു. കാർട്ടൂണുകളുടെ പരമ്പരാഗത രീതികളിൽ നിന്നെല്ലാം മാറി നടന്ന ഒന്നായിരുന്നു അരവിന്ദന്റെ ചെറിയ മനുഷ്യരും വലിയ





ലോകവും (മാതൃഭൂമി). മലയാളത്തിലെ ഗ്രാഫിക്ക് നോവലുകളുടെ തുടക്കം ഇതിൽ നിന്നാണെന്ന് വിശേഷിപ്പിക്കാം. ചിരിയും ചിന്തയും വിജ്ഞാനവും സാമൂഹിക വിമർശനവുമെല്ലാം നിറഞ്ഞ ഒരു ക്ലാസിക് കലാസൃഷ്ടി ആയിരുന്നു അത്. കോട്ടയം തിരുനക്കരയിൽ നിന്നുള്ള രചനാനിർമ്മിതിയാണ് രാമുവും, ഗുരുജിയുമെല്ലാം.

കെഎസ്ആർടിസിയിൽ പെയിന്ററായി ജോലി ചെയ്തിരുന്ന ഫിലിപ്പ് എന്ന ചെല്ലൻ വരച്ച ക്യാമ്പസ് കുമാരൻ ലോലൻ ഒരുകാലത്ത് സൂപ്പർ ഹിറ്റ് ആയിരുന്നു. ക്യാമ്പസുകളിലെ കാമുകന്റേയും, പെൺ കോന്തന്റേയും റോളിൽ ലോലൻ നിറഞ്ഞടിയപ്പോൾ എത്രയോ പേർക്കാണ് ലോലൻ എന്ന വിളിപ്പേര് വീണിട്ടുള്ളത്.

ക്യാമ്പസുകളിലെ വിശേഷങ്ങളറിയാൻ ലോലനെ തേടി പോയ പഴയ കാലം ഓർത്തുപോവുകയാണ്. കോട്ടയത്ത് പിറന്ന മറ്റ് ചില കാർട്ടൂൺ കഥാപാത്രങ്ങൾ കൂടി മനസിലേയ്ക്ക് ഓടി എത്തുന്നു. ശ്രീമാൻ ഭട്ട് (മോനായി - ദീപിക), കോരസാർ (ജോൺ മാത്യു - ടോംസ് മാഗസിൻ), പൊന്നമ്മ സൂപ്രണ്ട് (യേശുദാസൻ - മലയാള മനോരമ ദിനപത്രം), മത്തായിച്ചൻ (കെ. എസ്. രഘു-മംഗളം), മിസിസ് നായർ (യേശുദാസൻ - വനിത), ഭാസി ബഹദൂർ (ദിവാകരൻ, ഷാജി വാസൻ), നാണുസാറും കുട്ടികളും (ഇത് മനോരാജ്യം വാരികയിൽ വന്നതാണെന്നാണ് ഓർമ്മ. സൃഷ്ടാവിന്റെ പേരും ഓർമ്മയില്ല) ഇനിയും എത്രയോ കഥാപാത്രങ്ങൾ.

മനോരമ ദിനപത്രത്തിലെ കുഞ്ചുക്കുറുപ്പ് എന്ന കഥാപാത്രത്തിന് വേണ്ടി പലരും ആശയങ്ങൾ ഉണ്ടാക്കുകയും വരയ്ക്കുകയും ചെയ്യുന്നുണ്ട്. ഒരു ഡസനിലേറെ പേർ വരച്ചിട്ടുള്ള കുഞ്ചുക്കുറുപ്പ് ഇന്നും മനോരമ യുടെ ആദ്യ പേജിൽ കാണാം. കെ. എസ്. പിള്ള യുടെ വേലുച്ചാർ എന്ന ബോക്സ് കാർട്ടൂൺ മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത ബോക്സ് കാർട്ടൂൺ ആയി കണക്കാക്കപ്പെടുന്നു. സ്വരാജ് മോട്ടേഴ്സ് ഉടമ ശങ്കുണ്ണി പിള്ളയുടെ നേതൃത്വത്തിൽ കോട്ടയത്ത് നിന്ന് പ്രസിദ്ധീകരിച്ചിരുന്ന ദേശബന്ധു പത്രത്തിൽ 1949 മുതൽ വേലുച്ചാരുണ്ട്. ചില ദിവസങ്ങളിൽ രണ്ടും മൂന്നും വേലുച്ചാർ ഒരേ പത്രത്തിൽ കാണാം.

## കുട്ടികളുടെ മായാവി

കുട്ടികൾക്കുള്ള പ്രസിദ്ധീകരണങ്ങളിലെ കാർട്ടൂൺ കഥാപാത്രങ്ങളിൽ ഒട്ടുമിക്കവരും കോട്ടയംകാരാണ്. മായാവി (എൻ. എം. മോഹൻ, മോഹൻദാസ് -ബാലരമ ), ജമ്പനും തുമ്പനും, മൃഗാധിപത്യം വന്നാൽ, എ. ഡി. 3000, തല മാറട്ടെ ( വേണു - ബാലരമ), രാജാ തുഗ്ലൻ, സൂത്രനും ഷേരുവും ( മാധവൻ - ബാലരമ ) തുടങ്ങിയവ അവയിൽ ചിലതാണ്.

## സാഹിത്യവും സിനിമയും

ചിരിയുടെ സാഹിത്യവഴിയിൽ കോട്ടയത്ത് നിന്നുള്ളവരിൽ വേളൂർ കൃഷ്ണൻകുട്ടി, തോമസ് പാലാ, സി. ആർ. ഓമനക്കുട്ടൻ എന്നിവരെ ആദ്യം ഓർമ വരുന്നു. മലയാളത്തിലെ മികച്ച ആക്ഷേപഹാസ്യ സിനിമകളിൽ ഒന്നായ പഞ്ചവടിപ്പാലം വേളൂരിന്റെ പാലം അപകടത്തിൽ എന്ന കഥയിൽ നിന്ന് പിറന്നതാണ്. വെട്ടൂർ രാമൻ നായർ പത്രാധിപരായിരുന്ന 'പാക്കനാർ', മാധവൻ പിള്ള പത്രാധിപരായിരുന്ന 'സരസൻ', റ്റോംസ് കോമിക്സ്, മനോരമ കോമിക്സ്, കുഞ്ചുക്കുറുപ്പ് എന്നീ വിനോദ മാസികകൾ കോട്ടയത്തു നിന്ന് പ്രസിദ്ധീകരിച്ചിരുന്നവയാണ്.

സിനിമയിലെ ഹാസ്യതാരങ്ങളിൽ എസ്. പി. പിള്ള, ആലുമ്മൂടൻ, കടുവാക്കുളം ആൻറണി, കോട്ടയം പ്രദീപ്, കോട്ടയം നസീർ, നസീർ സംക്രാന്തി, കലാഭവൻ ഷാജോൺ, ഗിന്നസ് പക്രു എന്നിവർ കോട്ടയത്തിന്റെ സംഭാവനയാണ്. ഹാസ്യ കഥാപ്രസംഗവും പാരഡി ഗാനങ്ങളുമായി കേരളം നിറഞ്ഞാടിയ തനിമയുള്ള കലാകാരനായിരുന്നു വി. ഡി. രാജപ്പൻ. കോട്ടയത്തിന്റെ ചിരിവഴികളിൽ അദ്ദേഹവുമുണ്ട്. ചുരുക്കത്തിൽ, വ്യത്യസ്ത മാർഗങ്ങളിലൂടെ ചിരിക്കൂട്ടുണ്ടാക്കുന്നവരുടെ നാടാണ് കോട്ടയമെന്നതിൽ തർക്കമില്ല. ചിരിക്കും വളക്കൂറുള്ള മണ്ണാണ് കോട്ടയം. ■

എം എം മോനായി
കാർട്ടൂണിസ്റ്റ്





**ഭാവിയിൽ കാർട്ടൂണുകളും അനിമേഷനും കൂടുതൽ സാങ്കേതികവിദ്യകളുടെ സഹായത്തോടെ വികസിക്കും. VR, AR പോലുള്ള സാങ്കേതികവിദ്യകൾ പുതിയ അനുഭവങ്ങൾ സൃഷ്ടിക്കും**

# കാർട്ടൂണുകളുടെ പുതുചുവടുകൾ

മനുഷ്യന്റെ ചിന്തകളും വികാരങ്ങളും പ്രകടിപ്പിക്കാൻ ദൃശ്യരൂപങ്ങൾ ആദിമകാലം മുതൽ ഉപയോഗിച്ചു വന്നിട്ടുണ്ട്. ഭാഷയുടെ വികസനത്തിന് മുമ്പ് തന്നെ ഗുഹാചിത്രങ്ങൾ മനുഷ്യന്റെ ആശയവിനിമയ മാർഗമായിരുന്നു. ഈ ദൃശ്യപ്രകടനങ്ങളുടെ പാരമ്പര്യത്തിൽ നിന്നാണ് കാർട്ടൂണുകൾ എന്ന കലാരൂപം വളർന്നത്.

ഇറ്റാലിയൻ പദമായ "കാർട്ടോൺ" (Cartone)' എന്ന പദത്തിൽ നിന്നാണ് ഇതിന്റെ പേര് ഉത്ഭവിച്ചത്. നവോത്ഥാനകാലത്ത് ചിത്രകലയിൽ വലിയ ചുമർ ചിത്രങ്ങൾക്ക് മുമ്പായി വരയ്ക്കുന്ന പ്രാഥമിക രൂപരേഖകളെയാണ് ഇത് സൂചിപ്പിച്ചിരുന്നത്. പിന്നീട്, ഈ പദം പരിഹാസപരമായ ചിത്രങ്ങളുമായി ബന്ധപ്പെട്ട് ഒരു പുതിയ അർഥം കൈവരിച്ചു. പുരാതന സംസ്കാരങ്ങളിൽ കാണുന്ന ചിത്രങ്ങൾ കാർട്ടൂണുകളുടെ പ്രാഥമിക രൂപങ്ങളായി കണക്കാക്കാം. ഈജിപ്തിലെ ചുമർചിത്രങ്ങൾ, ഗ്രീക്ക് കലാരൂപങ്ങൾ, റോമൻ ശില്പങ്ങൾ എന്നിവയിൽ മനുഷ്യസ്വഭാവത്തെ ലളിതമായി, ചിലപ്പോൾ അതിശയോക്തിയോടെ ചിത്രീകരിച്ചിരുന്നതായി കാണാം. ഇതിൽ നിന്നാണ് പിന്നീട് 'ക്യാരിക്കേച്ചർ' എന്ന ശൈലി രൂപം കൊണ്ടത്.

ക്യാരിക്കേച്ചർ ശൈലി, വ്യക്തികളുടെ ശാരീരിക പ്രത്യേകതകൾ അമിതമായി ഉയർത്തിക്കാട്ടി വിമർശനമോ പരിഹാസമോ സൃഷ്ടിക്കുന്ന രീതിയാണ്. ഇത് പിന്നീട് കാർട്ടൂണുകളുടെ പ്രധാന സവിശേഷതയായി മാറി. 18-ാം നൂറ്റാണ്ടിൽ യൂറോപ്പിൽ കാർട്ടൂണുകൾ സാമൂഹികവും രാഷ്ട്രീയവുമായ വിമർശനങ്ങൾക്ക് ഉപയോഗിക്കപ്പെടാൻ തുടങ്ങി. ഇംഗ്ലണ്ടിൽ പ്രസിദ്ധീകരിച്ച Punch മാസിക കാർട്ടൂണുകളുടെ ചരിത്രത്തിൽ നിർണ്ണായക സ്ഥാനമാണ് കൈവരിച്ചത്. ഇത് കാർട്ടൂണുകളെ




പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിൽ വലിയ പങ്കുവഹിച്ചു. അച്ചടി സാങ്കേതികവിദ്യയുടെ വളർച്ചയോടെ കാർട്ടൂണുകൾ വ്യാപകമായി പ്രചരിച്ചു.

## കാർട്ടൂണിന്റെ ദൃശ്യഭാഷ

ഒന്നര നൂറ്റാണ്ടിലേറെയായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വലിയൊരു ജനവിഭാഗം ആസ്വദിച്ചു വരുന്ന കലാരൂപമാണ് കാർട്ടൂൺ. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ മാത്രമാണ് ഇത് വ്യാപക പ്രചാരം നേടുന്നത്. പിന്നീട് വന്ന നൂറ്റാണ്ടുകളിൽ കാർട്ടൂണിന്റെ സ്വാധീനം പലമടങ്ങ് വർധിച്ചു. ചിത്രകലയിൽ നിന്നാണ് കാർട്ടൂൺ ഉദ്ഭവിച്ചത്. അതുപോലെ തന്നെ, കാർട്ടൂണിൽ നിന്നാണ് കോമിക്സും, കോമിക്സിൽ നിന്നാണ് അനിമേഷനും രൂപം കൊണ്ടത് എന്ന് പറയുന്നത് യുക്തിസഹമാണ്.

ഒരു കാർട്ടൂൺ സാധാരണയായി ഒരു പാനലിലോ ഒരു ഫ്രെയിമിലോ ഒതുങ്ങി ഒരു ആശയം വ്യക്തമായി അവതരിപ്പിക്കാൻ ശ്രമിക്കുന്നു. അതിന്റെ ശക്തി, ചുരുക്കത്തിൽ ആഴമുള്ള സന്ദേശം നൽകുന്നതിലാണ്. മറുവശത്ത്, കോമിക്സ് ഒന്നിലധികം പാനലുകളിലൂടെ കഥ പറയുന്ന രീതിയാണ്. ചില രാജ്യങ്ങളിൽ കാർട്ടൂണും കോമിക്സും അവരുടെ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും അവിഭാജ്യഘടകങ്ങളാണ്. പ്രത്യേകിച്ച് ബെൽജിയത്തിൽ കോമിക് കലയുടെ വളർച്ച ഒരു സാംസ്കാരിക പ്രസ്ഥാനമായി മാറിയിട്ടുണ്ട്. കോമിക് കലാകാരന്മാരെ ആദരിക്കുന്നതിനായി അവിടത്തെ സർക്കാർ പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. 'Comic Book Route' എന്ന പേരിൽ പ്രശസ്തമായ ഒരു സംരംഭത്തിലൂടെ, കോമിക് കഥാപാത്രങ്ങളുടെ ചിത്രങ്ങൾ വലിയ കെട്ടിടങ്ങളിലെ മതിലുകളിൽ മ്യൂറലുകളായി വരയ്ക്കപ്പെടുന്നു.






ഓരോ മ്യൂറലും ഒരു കലാകാരന്റെ പേരിൽ അറിയപ്പെടുന്നു. കൂടാതെ അവരുടെ പ്രശസ്ത കഥാപാത്രങ്ങൾ അതിൽ സജീവമായി പ്രത്യക്ഷപ്പെടുന്നു. ബ്രസ്സൽസ് നഗരത്തിലും പരിസര പ്രദേശങ്ങളിലുമുള്ള ഈ മ്യൂറലുകൾ നഗരത്തിന്റെ സാംസ്കാരിക അടയാളമായി മാറിയിട്ടുണ്ട്. ബ്രസ്സൽസിലുള്ള 'Belgian Comic Strip Center' എന്ന മ്യൂസിയം കാർട്ടൂൺ -കോമിക് ചരിത്രത്തിനായി സമർപ്പിച്ചിരിക്കുന്ന ഒരു പ്രമുഖ കേന്ദ്രമാണ്.

കാർട്ടൂണിന്റെ യഥാർഥ മാജിക് അതിലെ കഥാപാത്രങ്ങളും സംഭവങ്ങളും വായനക്കാരനുമായി സൃഷ്ടിക്കുന്ന ആത്മബന്ധമാണ്. യഥാർഥ ഫോട്ടോഗ്രാഫുകളെക്കാൾ വ്യത്യസ്തമായി, കാർട്ടൂൺ സങ്കേതാത്മകമായ അവതരണത്തിലൂടെ കൂടുതൽ ശക്തമായ ആശയം നൽകുന്നു. ഉദാഹരണത്തിന്, ടിൻടിൻ എന്ന കഥാപാത്രത്തിന്റെ കണ്ണുകൾ വളരെ ലളിതമായ ഒരു കുത്തായി മാത്രം ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ അതിലൂടെ തന്നെ വ്യക്തിത്വവും വികാരവും പ്രകടമാക്കുന്നു. അതുപോലെ തന്നെ പശ്ചാത്തലങ്ങളുടെ നിർമ്മാണവും പ്രധാനമാണ്.

കാർട്ടൂണുകളുടെ വ്യാപക പ്രചാരം 19-ാം നൂറ്റാണ്ടിലെ പത്രവളർച്ചയോടെയാണ് ആരംഭിച്ചത്. അതിനുമുമ്പ് തന്നെ റോമൻ സാമ്രാജ്യകാലത്തും ട്രാജന്റെ കൊട്ടാരങ്ങളിലും ബേയക്സ് ടേപ്സ്ട്രികളിലും കാർട്ടൂണിനോട് സാമ്യമുള്ള ചിത്രങ്ങൾ ഉണ്ടായിരുന്നുവെങ്കിലും, അവയ്ക്ക് പൊതുജനങ്ങളിൽ വ്യാപകമായി എത്തിച്ചേരാൻ സാധിച്ചിരുന്നില്ല.

## കാർട്ടൂണിന്റെ പകർന്നാട്ടങ്ങൾ

കാർട്ടൂണുകളുടെ വികസനത്തിൽ അടുത്ത ഘട്ടമായിരുന്നു കോമിക്സിന്റെ ഉദയം. 20-ാം നൂറ്റാണ്ടിൽ കോമിക്സുകൾ ലോകമെമ്പാടും ജനപ്രിയമായി. കുട്ടികൾക്കൊപ്പം മുതിർന്നവരും ഇതിനെ ആസ്വദിക്കാൻ തുടങ്ങി.  അനിമേഷൻ എന്നത് സ്ഥിരചിത്രങ്ങൾക്ക് ചലനം നൽകുന്ന കലാരൂപമാണ്. 'Persistence of Vision' എന്ന ശാസ്ത്രീയ സിദ്ധാന്തമാണ് ഇതിന്റെ അടിസ്ഥാനം. തുടർച്ചയായി കാണിക്കുന്ന ചിത്രങ്ങൾ ചലിക്കുന്നതായി തോന്നുന്നു. ആദ്യകാലത്ത് അനിമേഷൻ നിർമ്മിക്കുന്നത് വളരെ പ്രയാസകരമായിരുന്നു. പിന്നീട് സാങ്കേതികവിദ്യയുടെ സഹായത്തോടെ അനിമേഷൻ കൂടുതൽ എളുപ്പമായി.




ടെലിവിഷന്റെ വരവോടെ കാർട്ടൂണുകൾ കൂടുതൽ ജനപ്രിയമായി. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വളർച്ച അനിമേഷൻ രംഗത്ത് വലിയ വിപ്ലവം സൃഷ്ടിച്ചു. 2D, 3D, CGI എന്നിവ ഉപയോഗിച്ച് യാഥാർഥ്യ സന്നിഹിതമായ ദൃശ്യങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നു. ഇന്ന് സിനിമ, വീഡിയോ ഗെയിംസ്, വിദ്യാഭ്യാസം, പരസ്യം തുടങ്ങിയ മേഖലകളിൽ അനിമേഷൻ അനിവാര്യ ഘടകമാണ്.

## ഇന്ത്യയിലും കേരളത്തിലും

ഇന്ത്യയിൽ ആദ്യകാലത്ത് പ്രസിദ്ധീകരിക്കപ്പെട്ട കാർട്ടൂണുകൾ പ്രധാനമായും ബ്രിട്ടീഷ് കാഴ്ചപ്പാടുകളിൽ നിന്നുള്ളവയായിരുന്നു. പിന്നീട് ഇന്ത്യൻ കലാകാരന്മാരുടെ ഇടപെടലിലൂടെ സ്വതന്ത്രമായ ഒരു ശൈലിയിലേക്ക് മാറി. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലും ഇന്ത്യൻ കാർട്ടൂണിങ് വ്യക്തമായ സ്വത്വം കണ്ടെത്താൻ തുടങ്ങി. ദേശീയ ബോധം ഉയർന്നുവരുന്ന കാലഘട്ടമായതിനാൽ, കാർട്ടൂണുകൾ സാമൂഹികവും രാഷ്ട്രീയവുമായ വിമർശനങ്ങളുടെ ശക്തമായ ആയുധമായി മാറി.

സ്വാതന്ത്ര്യാനന്തരകാലത്ത് ഇന്ത്യൻ കാർട്ടൂണുകൾ ഒരു പുതിയ ഘട്ടത്തിലേക്ക് കടന്നു. പത്രങ്ങളും മാസികകളും കാർട്ടൂണുകളെ സ്ഥിരഘടകമായി ഉൾപ്പെടുത്തി. എഡിറ്റോറിയൽ കാർട്ടൂണുകൾ രാജ്യത്തിന്റെ രാഷ്ട്രീയ-സാമൂഹിക അവസ്ഥകളെ നിരീക്ഷിക്കുന്ന ഒരു "ദൃശ്യ കമന്ററി" ആയി മാറി. ഭരണകൂടത്തിന്റെ നയങ്ങളും ജനങ്ങളുടെ പ്രശ്നങ്ങളും സാമൂഹിക അസമത്വങ്ങളും കാർട്ടൂണുകളുടെ പ്രധാന വിഷയങ്ങളായി. ഇന്ത്യയിലെ കാർട്ടൂണിങ് പല ശൈലികളിലൂടെ വികസിച്ചു. ചില കാർട്ടൂണിസ്റ്റുകൾ കടുത്ത രാഷ്ട്രീയ വിമർശനത്തിന് മുൻഗണന നൽകിയ

> ഇന്ത്യയിൽ ആദ്യകാലത്ത് പ്രസിദ്ധീകരിക്കപ്പെട്ട കാർട്ടൂണുകൾ പ്രധാനമായും ബ്രിട്ടീഷ് കാഴ്ചപ്പാടുകളിൽ നിന്നുള്ളവയായിരുന്നു. പിന്നീട് ഇന്ത്യൻ കലാകാരന്മാരുടെ ഇടപെടലിലൂടെ സ്വതന്ത്രമായ ഒരു ശൈലിയിലേക്ക് മാറി

ഭാഗമാണ്.

എന്നാൽ യൂറോപ്യൻ രാജ്യങ്ങളിലെപ്പോലെ മഹത്തായ കോമിക് കഥാപാത്രങ്ങൾ സൃഷ്ടിക്കുന്നതിൽ നമ്മൾ വിജയിച്ചിട്ടില്ല. മലയാള കാർട്ടൂണുകളുടെ ചരിത്രത്തിൽ വിവർത്തനകൃതികൾക്കും പ്രധാന സ്ഥാനം ഉണ്ടായിരുന്നു. വിദേശ കോമിക്സുകൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് പത്രങ്ങളിലും ആനുകാലികങ്ങളിലും പ്രസിദ്ധീകരിച്ചു.

1960-70 കാലഘട്ടങ്ങളിൽ ജനകീയ വാരികകളും മാസികകളും മലയാള കാർട്ടൂണുകളുടെ പ്രധാന വേദികളായി മാറിയിരുന്നു. അതിലൂടെ കാർട്ടൂൺ പംക്തികൾ പ്രസിദ്ധീകരണങ്ങളുടെ മുഖ്യ ആകർഷണങ്ങളിലൊന്നായി നിലകൊണ്ടു. ഈ കാലഘട്ടം മലയാള കാർട്ടൂണുകളുടെ "സുവർണ്ണകാലം" എന്നുവിളിക്കപ്പെടുന്നത് യാദൃശ്ചികമല്ല, കാരണം കലാപരമായ സൃഷ്ടിപരതയും സാമൂഹിക-രാഷ്ട്രീയ വിമർശനവും ഒരുപോലെ ശക്തമായി പ്രകടമായിരുന്ന സമയമായിരുന്നു അത്.







ഈ സമ്പന്നമായ പാരമ്പര്യത്തെ വ്യാപകമായി മൂന്ന് വിഭാഗങ്ങളായി തിരിച്ചറിയാം: ദിനപത്രങ്ങളിലും വാരികകളിലും മാസികകളിലും തുടർച്ചയായി പ്രസിദ്ധീകരിക്കപ്പെട്ട കാർട്ടൂണുകൾ, കുട്ടികളുടെ പ്രസിദ്ധീകരണങ്ങളിൽ കഥാപരമായി അവതരിപ്പിക്കപ്പെട്ടവ, കൂടാതെ സ്വതന്ത്ര പുസ്തകരൂപത്തിൽ പുറത്തിറങ്ങിയ കൃതികൾ.




പ്പോൾ, ചിലർ സാമൂഹിക ജീവിതത്തിന്റെ ലാളിത്യവും മനുഷ്യസ്വഭാവത്തിന്റെ വിചിത്രതകളും ഹാസ്യരൂപത്തിൽ അവതരിപ്പിച്ചു. ഇതുവഴി കാർട്ടൂണുകൾ ഒരു ബഹുമുഖ കലാരൂപമായി വളർന്നു.

ഇന്ത്യൻ കാർട്ടൂണുകളുടെ മറ്റൊരു പ്രധാന സവിശേഷത, അതിന്റെ പ്രാദേശിക വൈവിധ്യമാണ്. ഓരോ സംസ്ഥാനത്തും അവിടത്തെ ഭാഷയും സംസ്കാരവും രാഷ്ട്രീയ സാഹചര്യങ്ങളും അനുസരിച്ച് വ്യത്യസ്തമായ കാർട്ടൂൺ ശൈലികൾ വികസിച്ചു.

ഡിജിറ്റൽ യുഗത്തിൽ ഇന്ത്യൻ കാർട്ടൂണുകൾ പുതിയ വേദികളിലേക്ക് കടന്നിട്ടുണ്ട്. സോഷ്യൽ മീഡിയയും വെബ് പ്ലാറ്റ്ഫോമുകളും പുതിയ തലമുറ കാർട്ടൂണിസ്റ്റുകൾക്ക് അവസരങ്ങൾ സൃഷ്ടിച്ചു. ഇതുവഴി കാർട്ടൂണുകൾ കൂടുതൽ ജനാധിപത്യവൽക്കരിക്കപ്പെടുകയും പുതിയ ശൈലികളും പരീക്ഷണങ്ങളും പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യുന്നു.

മലയാള കാർട്ടൂണുകളുടെ പ്രധാന സവിശേഷത അതിന്റെ ജനജീവിതവുമായി ഉള്ള അടുപ്പമാണ്. വായനക്കാരന് സ്വന്തം ജീവിതത്തിന്റെ പ്രതിബിംബം കാണാൻ കഴിയുന്നതിനാൽ, കാർട്ടൂണുകൾക്ക് ഒരു പ്രത്യേക ആത്മബന്ധം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. രാഷ്ട്രീയ പരിഹാസം മലയാള കാർട്ടൂണുകളുടെ പ്രധാന

ഈ മൂന്ന് വിഭാഗങ്ങളും ചേർന്നാണ് മലയാള കാർട്ടൂണുകളുടെ സൃഷ്ടിപരമായ വൈവിധ്യവും സാമൂഹിക സ്വാധീനവും ഉറപ്പാക്കിയത്.

എന്നാൽ പിന്നീട് വാരികകളുടെയും മാസികകളുടെയും പ്രഭാവം കുറഞ്ഞതോടെ കാർട്ടൂണുകൾക്ക് ലഭിച്ചിരുന്ന സ്ഥലം കുറഞ്ഞു. ഇന്ന് പ്രധാനമായും കുട്ടികളുടെ പ്രസിദ്ധീകരണങ്ങളിലും ചില വാരികകളിലും മാത്രമാണ് കാർട്ടൂണുകൾ സജീവമായി നിലനിൽക്കുന്നത്.

## കാർട്ടൂണിന്റെ ഭാവി

ഭാവിയിൽ കാർട്ടൂണുകളും അനിമേഷനും കൂടുതൽ സാങ്കേതികവിദ്യകളുടെ സഹായത്തോടെ വികസിക്കും. VR, AR പോലുള്ള സാങ്കേതികവിദ്യകൾ പുതിയ അനുഭവങ്ങൾ സൃഷ്ടിക്കും. പരസ്പരക്രിയാത്മക കഥപറച്ചിൽ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവ കാർട്ടൂണുകളുടെ രൂപത്തെ തന്നെ മാറ്റാൻ സാധ്യതയുണ്ട്. ഇന്റർനെറ്റിന്റെ വ്യാപനത്തോടൊപ്പം കാർട്ടൂണുകളും കോമിക്സുകളും പുതിയ രൂപഭാവം കൈവരിച്ചു. അതിന്റെ ഏറ്റവും ശ്രദ്ധേയമായ ഉദാഹരണമാണ് വെബ്കോമിക്സ്. ഇതുവഴി കലാകാരന്മാർക്ക് തങ്ങളുടെ സൃഷ്ടിപരമായ ആശയങ്ങൾ തടസ്സമില്ലാതെ അവതരിപ്പിക്കാൻ കഴിയും. വെബ്കോമിക്സുകളുടെ മറ്റൊരു പ്രധാന സവിശേഷത അതിന്റെ ആഗോള പ്രാപ്യതയാണ്.

സാങ്കേതികവിദ്യയുടെ വളർച്ച വെബ്കോമിക്സുകൾക്ക് പുതിയ രൂപങ്ങളും സാധ്യതകളും നൽകി. സ്ക്രോളിങ് ഫോർമാറ്റുകൾ, അനിമേഷൻ ഘടകങ്ങൾ, ശബ്ദം, ഇന്ററാക്ടീവ് സംവിധാനങ്ങൾ എന്നിവ ഉപയോഗിച്ച് കഥപറച്ചിൽ കൂടുതൽ ആകർഷകമാകുന്നു.

സാമ്പത്തികമായി കൂടി വെബ് കോമിക്സുകൾ പുതിയ വഴികൾ തുറന്നിട്ടുണ്ട്. ക്രൗഡ് ഫണ്ടിങ്, സബ്സ്ക്രിപ്ഷൻ മോഡലുകൾ, ഡിജിറ്റൽ വിൽപ്പന എന്നിവയിലൂടെ കലാകാരന്മാർക്ക് വരുമാനം നേടാൻ സാധിക്കുന്നു. എന്നിരുന്നാലും വെബ് കോമിക്സുകൾക്ക് ചില വെല്ലുവിളികളും ഉണ്ട്. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ ഉള്ള കനത്ത മത്സരവും സ്ഥിരമായ വായനാസമൂഹം നിലനിർത്താനുള്ള ബുദ്ധിമുട്ടും പ്രധാന പ്രശ്നങ്ങളാണ്. കൂടാതെ, പകർപ്പവകാശ ലംഘനങ്ങളും ഉള്ളടക്കത്തിന്റെ അനധികൃത പകർത്തലും കലാകാരന്മാർ നേരിടുന്ന വെല്ലുവിളികളിൽപ്പെടുന്നു. ആകെപ്പറഞ്ഞാൽ, വെബ്കോമിക്സുകൾ കാർട്ടൂൺ-കോമിക് ലോകത്തെ ഒരു പുതിയ ദിശയിലേക്ക് നയിച്ചിരിക്കുകയാണ്. സാങ്കേതികവിദ്യ, സൃഷ്ടിപരത, ആഗോള ബന്ധം എന്നിവയുടെ സംഗമമായ ഈ മാധ്യമം ഭാവിയിൽ കൂടുതൽ ശക്തമായി വികസിക്കുമെന്നത് ഉറപ്പാണ്.



വെർച്വൽ റിയാലിറ്റി(VR)യും ഓഗ്മെന്റഡ് റിയാലിറ്റി(AR)യും കാർട്ടൂണുകളെ 2 ഡിയിൽ നിന്ന് 3 ഡിയിലേക്ക് മാറ്റുകയും, പ്രേക്ഷകർക്ക് അതിൽ നേരിട്ട് പങ്കെടുക്കുന്ന അനുഭവം നൽകുകയും ചെയ്യും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്(AI) കാർട്ടൂൺ നിർമ്മാണത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കുകയാണ്. ഇത് നിർമ്മാണ സമയവും ചെലവും കുറയ്ക്കുകയും കൂടുതൽ കലാകാരന്മാർക്ക് ഈ മേഖലയിലേക്ക് പ്രവേശിക്കാനാകുന്ന വിധം ജനാധിപത്യവൽക്കരണവും സൃഷ്ടിക്കുന്നു. അത് ഉപയോഗിച്ച് വ്യക്തിഗതമായ (personalized) കാർട്ടൂണുകൾ സൃഷ്ടിക്കുന്നതും ഭാവിയിൽ സാധ്യമാകും. ഓരോ പ്രേക്ഷകന്റെയും ഇഷ്ടങ്ങൾ, പ്രായം, ഭാഷ എന്നിവ അനുസരിച്ച് കഥകളിലും കഥാപാത്രങ്ങളിലും മാറ്റം വരുത്താൻ കഴിയും. ഇത് വിനോദമാധ്യമത്തെ കൂടുതൽ വ്യക്തിപരമായ അനുഭവമാക്കി മാറ്റും. ഭാവിയിലെ കാർട്ടൂണുകളുടെ ഏറ്റവും വലിയ മാറ്റങ്ങളിൽ ഒന്നായിരിക്കും ഇന്ററാക്ടീവ് കഥപറച്ചിൽ. ഇത് വിദ്യാഭ്യാസരംഗത്തും വലിയ സാധ്യതകൾ സൃഷ്ടിക്കുന്നു.

എഐ യും ഓട്ടോമേഷൻ സാങ്കേതികവിദ്യകളും വർധിക്കുന്നതോടെ, മനുഷ്യന്റെ സൃഷ്ടിപരമായ ഇടപെടൽ കുറയാൻ സാധ്യതയുണ്ട്. അതുകൊണ്ട് തന്നെ, സാങ്കേതികവിദ്യ ഒരു സഹായിയായി മാത്രം നിലനിൽക്കണം. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ പ്രവേശനം എളുപ്പമായതോടെ, കാർട്ടൂൺ രംഗത്ത് മത്സരം വളരെയധികം വർധിച്ചു. ആയിരക്കണക്കിന് സൃഷ്ടികൾ ദിനംപ്രതി പ്രസിദ്ധീകരിക്കപ്പെടുമ്പോൾ, പുതിയ കലാകാരന്മാർക്ക് ശ്രദ്ധ നേടുന്നത് പ്രയാസകരമാകുന്നു. കണ്ടന്റ് ഓവർലോഡ് എന്ന പ്രശ്നം വായനക്കാരെയും പ്രേക്ഷകരെയും ബാധിക്കുന്നു. പകർപ്പവകാശ നിയമങ്ങളുടെ പ്രാവർത്തികതയും സംരക്ഷണവും വെല്ലുവിളിയായി തുടരുന്നു.

> കാർട്ടൂണുകൾ പലപ്പോഴും സാമൂഹികവും രാഷ്ട്രീയവുമായ വിമർശനങ്ങൾ അവതരിപ്പിക്കുന്നതിനാൽ, അഭിപ്രായ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉയരാറുണ്ട്.

കാർട്ടൂണുകൾ പലപ്പോഴും സാമൂഹികവും രാഷ്ട്രീയവുമായ വിമർശനങ്ങൾ അവതരിപ്പിക്കുന്നതിനാൽ, അഭിപ്രായ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉയരാറുണ്ട്. ജനാധിപത്യത്തിൽ വിമർശനസ്വാതന്ത്ര്യം അനിവാര്യമായതിനാൽ, കാർട്ടൂണുകളുടെ സ്വാതന്ത്ര്യവും സംരക്ഷിക്കപ്പെടേണ്ടതാണ്. അതോടൊപ്പം, ഉത്തരവാദിത്വബോധത്തോടെയുള്ള അവതരണവും ആവശ്യമാണ്. സാങ്കേതികവിദ്യയുടെ വളർച്ചയോടൊപ്പം സൃഷ്ടിപരതയുടെ സംരക്ഷണം, കലാകാരന്മാരുടെ അവകാശങ്ങൾ, സാമൂഹിക ഉത്തരവാദിത്വം എന്നിവയും ഉറപ്പാക്കേണ്ടതുണ്ട്. കാർട്ടൂണുകൾ ഭാവിയിലും വെറും വിനോദമാധ്യമമല്ലാതെ, ചിന്തയും വിമർശനവും സൃഷ്ടിപരതയും ചേർന്ന ശക്തമായ സാംസ്കാരിക ശക്തിയായി തുടരുക തന്നെ ചെയ്യും. ■


**കെ.ഉണ്ണികൃഷ്ണൻ**
കാർട്ടൂണിസ്റ്റ്, കാർട്ടൂൺ അക്കാദമി മുൻ ചെയർമാൻ





**അമ്പരപ്പിക്കുന്ന വേഗത്തിൽ മാറുന്ന സാങ്കേതികവിദ്യയുടെ ലോകം. അതിൽ എല്ലാം മാറ്റിയെഴുതുന്ന എഐ, ഇനി ചിരിവരകളുടെ ലോകത്തേക്കും കടക്കുമ്പോൾ**

# ഐ പാഡിലായ പ്രപഞ്ചം, പിടി തരാത്ത എഐ




**കാർട്ടൂണിസ്റ്റും നിർമ്മിത ബുദ്ധിയും. പ്രോംപ്ടുകൾ അനുസരിച്ച് ചിത്രം തയ്യാറാക്കിയത് എഐ തന്നെയാണ്. മലയാള പത്രങ്ങൾ എന്ന് മാത്രമേ പ്രോംപ്ട് നൽകിയുള്ളുവെങ്കിലും എഐ കൾ പ്രമുഖ പത്രങ്ങൾ പേരടക്കം ചിത്രത്തിൽ ഉൾപ്പെടുത്തി**

ഈയിടെ അലമാരയിലെ സാധനങ്ങൾ അടുക്കിവെച്ചപ്പോൾ വളരെ പണ്ട് ഞാൻ വരച്ച ഒരു കാർട്ടൂൺ കണ്ടു. പഴക്കം കൊണ്ട് പൊടിഞ്ഞുതുടങ്ങിയ ഒന്ന്. ഒരു നിമിഷം കൊണ്ട് ഞാൻ 40 വർഷം പഴക്കമുള്ള ഒരു ഓർമ്മയിൽ ചെന്നുനിന്നു. എറണാകുളം കോൺവെന്റ് ജംഗ്ഷനിലെ കളേഴ്സ് എന്ന കടയ്ക്കു മുന്നിൽ കാത്തു നിൽക്കുന്ന ഒരു കോളേജ് കുട്ടിയായി ഞാൻ മാറി. പലതരം പേനകളുടെയും പെൻസിലുകളുടെയും റബ്ബറുകളുടെയും ക്രയോൺസുകളുടെയും നടുവിലങ്ങനെ..

അക്കാലത്ത് പല വൈകുന്നേരങ്ങളിലും അവിടെ പോകുമായിരുന്നു. ആ കടയിലായിരുന്നു വരയ്ക്കാനുള്ള പുതിയ സാധന സാമഗ്രികൾ വന്നിരുന്നത്. ചിലതെല്ലാം വിദേശനിർമ്മിതവുമായിരുന്നു. നരസിംഹറാവു സർക്കാരിന്റെ ഉദാരവൽക്കരണത്തിനും മുൻപുള്ള കാലമായിരുന്നു. അന്ന് അതൊന്നും കേരളത്തിൽ വ്യാപകമായിരുന്നില്ല. ഞാൻ കാത്തു നിന്നിരുന്നത് കാർട്ടൂൺ വരയ്ക്കുമ്പോൾ ഉപയോഗിക്കുന്ന സ്ക്രീൻടോൺ വാങ്ങാൻ വേണ്ടിയായിരുന്നു. ഉള്ളിത്തൊലി പോലെ സുതാര്യമായ ഒരു കടലാസ്. അതിൽ കറുത്ത കുത്തുകളും ഒരു തരം മെഴുകും ഉണ്ടാകും. പേപ്പറിനു മുകളിൽ വച്ച് അതിൽ അമർത്തി ഉരസിയാൽ കുത്തുകൾ കടലാസിലേക്ക് പകരും. അന്നൊക്കെ പത്രത്തിൽ കണ്ടിരുന്ന പ്രമുഖരുടെ കാർട്ടൂണുകളിൽ അതുണ്ടായിരുന്നു. ഒ.വി. വിജയൻ, യേശുദാസൻ,

ബി.എം. ഗഫൂർ... പലരും അത് ഉപയോഗിച്ചിരുന്നു. കാർട്ടൂണിൽ പിച്ചവയ്ക്കാൻ മാത്രം തുടങ്ങിയ എനിക്കാകട്ടെ, അതില്ലെങ്കിൽ കാർട്ടൂൺ അപൂർണ്ണമാണെന്ന് തോന്നിയിരുന്നു. അക്കാലത്ത് കാരിക്കാമുറിയിലെ കേരള കലാപീഠം കഴിഞ്ഞാൽ ഇത്തരം കടകളിലേക്കും പോയിരുന്നു. കലാധരൻ മാഷിന്റെ നേതൃത്വത്തിൽ കലാപ്രദർശനങ്ങളും ചർച്ചകളും പ്രഭാഷണങ്ങളുമായിരുന്ന കലാപീഠത്തിൽ. കളേഴ്സിലാകട്ടെ, വരച്ചു പേരെടുത്തവരൊക്കെ പെയിന്റിനെയും പേപ്പറിനെയും കുറിച്ചൊക്കെ കാര്യമായി പറയുന്നത് കേട്ട് അവർക്കൊക്കെ പുറകിൽ ഞാൻ നിന്നിരുന്നു.അപ്പോൾത്തന്നെ കലാനിരൂപകൻ എം.രാമചന്ദ്രനെ വിളിച്ച് കളേഴ്സ് നടത്തിയിരുന്ന സണ്ണിയുടെ നമ്പർ വാങ്ങി. മൊബൈലിൽ പല വിശേഷങ്ങളും പറയുന്നതിനൊപ്പം പഴയ കാര്യങ്ങളും സണ്ണി പറഞ്ഞു. ക്യാംലിൻ കമ്പനിയുടെ വിതരണക്കാരനായിരുന്ന പിതാവ് ജോസഫിനെ പിൻപറ്റിയാണ് സണ്ണി കളേഴ്സിലെത്തിയത്. 2006 വരെ കളേഴ്സ് ഉണ്ടായിരുന്നു. "അത് വേറൊരു കാലമായിരുന്നല്ലോ.അത്തരം ഓർമ്മകളും ബന്ധങ്ങളും ഒരുപാടുണ്ട്. അന്നത്തെ ആ സ്ക്രീൻടോൺ ഇപ്പോൾ നിങ്ങളൊക്കെ വരയ്ക്കുന്ന ഐ പാഡിൽ ഉണ്ടല്ലോ..ഇല്ലേ.."

അതു ഞാൻ ശ്രദ്ധിച്ചിരുന്നില്ല! അതു മാത്രമല്ലല്ലോ,പല ഡിസൈനുകളിലുള്ള സ്ക്രീൻ ടോണുകൾ ഉൾപ്പടെയുള്ള സങ്കേതങ്ങൾ ഐ പാഡിൽ ഉണ്ട്. ആലോചിച്ചു നോക്കുമ്പോൾ ഇക്കണ്ട കാലത്തിനിടെ എത്ര ദൂരം നമ്മൾ താണ്ടിയിരിക്കുന്നു എന്ന് അത്ഭുതം തോന്നും.

## കാലം മായ്ച്ച നെറ്റ് കഫെ

പത്തുപതിനഞ്ചു വർഷം മുൻപ് നടന്ന ഒരു കാര്യം ഓർമ്മ വന്നു.ഒരു ഹിമാലയൻ യാത്രയിലായിരുന്നു ഞാൻ. ഋഷികേശിൽ തങ്ങിയ ഒരു ദിവസം ഒരു കാർട്ടൂണിന്റെ ഒരു നാടകത്തിന്റെ ദൃശ്യങ്ങൾക്കിടയിൽ ലൈറ്റ് അണച്ച് രംഗപടം മാറുന്നത് പോലെ എല്ലാമെല്ലാം മാറി മറിയുന്നു. ഓർമ്മയിൽ നിന്നും മിന്നൽ പോലെ ഞാൻ തിരിച്ച് എത്തി. മുന്നിലെ മോണിറ്ററിൽ എ ഐ ചിത്രം റെഡിയാക്കിയിട്ടുണ്ട്.

## കീഴ്മേൽ മറിയുന്ന ലോകം

'ഇന്നലെയോളം എന്തെന്നറിഞ്ഞില്ല, ഇനി നാളെയും എന്തെന്നറിഞ്ഞീല' എന്ന് ജ്ഞാനപ്പാനയിൽ പൂന്താനം പാടിയത് ഇന്ന് കൂടുതൽ തെളിഞ്ഞു വരുന്നു. അനിശ്ചിതത്വമാണ് പുതിയ കാലത്തിന്റെ നെറ്റിയിൽ മുദ്രകുത്തിയിരിക്കുന്നത്. അത്രമേൽ ഇളകുന്ന ഒരു മണ്ണിലാണ് നാം നിൽക്കുന്നത് എന്നർഥം. അഞ്ചു വർഷം കഴിഞ്ഞാൽ ക്ലാസ് മുറികളും കോളേജുകളുമുണ്ടാകില്ല എന്നാണ് വിദഗ്ധരുടെ പ്രവചനം. പഠനം പൂർണ്ണമായും ഓൺലൈനാകുന്ന കാലം വിദൂരമല്ലത്രെ. ഒരു ഗംഭീര അനിമേഷൻ സിനിമയെടുക്കാൻ ഇന്ന് മിടുക്കനായ ഒരാൾ വിചാരിച്ചാൽ മതിയെന്നാണ് പ്രശസ്ത അനിമേറ്റർ സുരേഷ് ഏറിയാട്ട് കുറച്ചു മാസം മുൻപ് ഒരു അഭിമുഖത്തിൽ പറഞ്ഞത്. ഇന്നുള്ള ഉറപ്പുകൾ നാളെ ജലരേഖകളാണ്. അതിന്റെ അനുഭവസാക്ഷ്യങ്ങൾ എറണാകുളത്തെ മാധ്യമപ്രവർത്തനത്തിനിടയിൽ ഒരുപാട് കണ്ടിട്ടുണ്ട്.

## കളി തുടങ്ങിയിട്ടേയുള്ളു

മനുഷ്യരുടെ ആയുസ്സും പ്രായഗണനയുമൊന്നും എഐയ്ക്ക് ബാധകമല്ല.അത് നേരെ തിരിച്ചാണ താനും. കാലം ചെല്ലുംതോറും നിർമ്മിത ബുദ്ധിക്ക് യൗവനവും ഊർജസ്വലതയും കൂടുന്നതേയുള്ളൂ. ചെറുപ്പത്തിലെ ചുറുചുറുക്കു മാത്രമല്ല വയോധികരുടെ അറിവും അനുഭവസമ്പത്തും അതിനുണ്ട്. ക്ഷീണമേയില്ല. വിശ്രമംവേണ്ട. ഒരു പോള കണ്ണടയ്ക്കേണ്ട. പ്രണയത്തിന്റെ

കാർട്ടൂൺ രചനയുടെ രീതി സവിശേഷമായിരുന്നു. രാവിലെ മുതൽ നിരവധി പത്രങ്ങൾ വായിക്കും. പുസ്തകങ്ങൾ റഫർ ചെയ്യും. കിട്ടുന്ന പല ആശയങ്ങളിൽ മികച്ചത് വരയ്ക്കാൻ തിരഞ്ഞെടുക്കാം. വൈകുന്നേരം ആകുമ്പോഴേക്കും നല്ല ഒരു കാർട്ടൂൺ വരയ്ക്കും. ലളിതമായിരുന്ന ആ രചനാരീതി വർഷങ്ങൾക്കിപ്പുറം സ്മാർട്ട് ഫോണും സാമൂഹികമാധ്യമങ്ങളും വന്നതോടെ സങ്കീർണ്ണമായി. മനസ്സിൽ ആലോചിച്ച് ഉറപ്പിച്ച കാർട്ടൂൺ വൈകുന്നേരം ആകുമ്പോഴേക്കും മറ്റെവിടെയെങ്കിലും ഒക്കെ വന്നിട്ടുണ്ടാവും. ചിലപ്പോൾ നമ്മൾ ഫോൺ തുറക്കുമ്പോൾ തന്നെ കാണുന്നത് അതായിരിക്കും. അത് ചിലപ്പോൾ രാഷ്ട്രീയ ട്രോളുകളും ആകാം. രാഷ്ട്രീയം ജീവവായുവായ കേരളത്തിൽ രാഷ്ട്രീയഹാസ്യം ഏറ്റവും കൂടുതൽ ആസ്വദിക്കപ്പെടുന്നതാണല്ലോ. ഹാസ്യം സിനിമാരംഗങ്ങൾക്കൊപ്പം ചേർത്തുവച്ച് പറയുന്നവരാണ് ട്രോൾ ക്രിയേറ്റർമാർ. പലപ്പോഴും കാർട്ടൂണിസ്റ്റുകൾക്ക് സ്വപ്നം കാണാൻ കഴിയാത്ത രീതിയിലുള്ള അസംഖ്യം അനുയായികളും അവർക്കുണ്ട്. ലോകത്തിന്റെ ഏതോ കോണുകളിലിരുന്ന് ഇന്റർനെറ്റിലേക്ക് ട്രോളുകൾ എയ്തുവിടുന്ന നൂറുകണക്കിന് ആളുകളോടാണ് കാർട്ടൂണിസ്റ്റിന്റെ ഒറ്റയാൾ പോരാട്ടം. കേവലം ഒരു മനുഷ്യന്റെ ഭാവന കൊണ്ട് ലോകമെങ്ങുമുള്ള സഹൃദയരുടെ ഭാവനാവിലാസത്തിനെ നേരിടുക എന്ന ഭഗീരഥപ്രയത്നം തന്നെയാണത്.

തമാശ പറയുന്നവർക്ക് വരയ്ക്കാൻ കഴിവുണ്ടായിരുന്നെങ്കിൽ കാർട്ടൂണിസ്റ്റുകളുടെ പണി പോയേനെ എന്ന് മുൻപൊക്കെ പറയാറുണ്ട്.ഇപ്പോഴിതാ ആ വഴിക്ക് കാലം തിരിയുകയാണോ എന്ന സംശയം തോന്നുന്നു. അവർക്ക് പറഞ്ഞുവരപ്പിക്കാൻ ഒരു പണിക്കാരൻ സ്വന്തമായി ഇപ്പോൾ ഉണ്ടായിരിക്കുന്നു.അവരുടെ ഭാവനകൾ വരയ്ക്കുന്ന നിർമ്മിത ബുദ്ധി. കൊച്ചി

> **ലളിതമായിരുന്ന ആ രചനാരീതി വർഷങ്ങൾക്കിപ്പുറം സ്മാർട്ട് ഫോണും സാമൂഹികമാധ്യമങ്ങളും വന്നതോടെ സങ്കീർണ്ണമായി**


ആശയം തോന്നി. ബാഗിലെ പേപ്പറെടുത്ത് ഉടൻ വരച്ചു തീർത്തു. അത് സ്കാൻ ചെയ്യാൻ ഇന്റർനെറ്റ് കഫെ നോക്കിയിറങ്ങി. എത്ര തിരഞ്ഞിട്ടും ഒന്നു പോലും കണ്ടില്ല. കഴിഞ്ഞ തവണ വന്നപ്പോൾ നിരവധി നെറ്റ് കഫെകൾ കണ്ടതാണ്. മൂന്നു വർഷത്തിനിടെ ഒന്നൊഴിയാതെ എല്ലാം കാലം മായ്ച്ചുകളഞ്ഞിരിക്കുന്നു. എല്ലാവരുടെയും പോക്കറ്റിൽ കയറിയ സ്മാർട്ട് ഫോണിൽ ഒരു ലോകം തന്നെയുള്ളപ്പോൾ നെറ്റ് കഫെയ്ക്ക് എന്തു പ്രസക്തി!

കാല്പനികതയിൽ മയങ്ങില്ല. രതിയിൽ ഉന്മത്തനാവില്ല, സുഹൃത്തുക്കൾക്കോ കുടുംബത്തിനോ പ്രണയിക്കോ വേണ്ടി നേരം കളയില്ല. എല്ലാം കൊണ്ടും ഒരു അപൂർവ കോമ്പിനേഷൻ !

2026ൽ ഇരുന്നുകൊണ്ട് കാലം ഓർത്തു നോക്കിയാൽ സ്വാതന്ത്ര്യാനന്തരകാലത്തെ കാർട്ടൂൺ കാലം കാർട്ടൂണിസ്റ്റുകൾക്ക് പാഠപുസ്തകമാണ്. ഇൻഡ്യൻ കാർട്ടൂണിന്റെ കുലപതി ശങ്കറിന്റെ കാലത്തെ സർവകലാശാലയിൽ നിർമ്മിതബുദ്ധി സമ്മേളനത്തിനെത്തിയ ഫ്രഞ്ച് എഐ വിദഗ്ധൻ പറഞ്ഞത് ഓസ്ട്രേലിയയിൽ എഐ തയ്യാറാക്കുന്ന കോമിക്സ് പുറത്തിറങ്ങിയെന്നാണ്. കളി തുടങ്ങിയിട്ടേയുള്ളൂ എന്ന സാരം ! എങ്കിലും ആശങ്കപ്പെടേണ്ടതില്ല എന്നു തന്നെയാണ് എന്റെ ചിന്ത.

അചുംബിതമായ ഭാവനയും നർമ്മവും മനസിലുള്ള കാലത്തോളം കാർട്ടൂണിസ്റ്റായിരിക്കും ചിരിവരയുടെ അമരത്ത്. ■

സുരേഷ് ഏറിയാട്ട്
പ്രശസ്ത അനിമേറ്ററും സംവിധായകനും
മികച്ച കഥേതര അനിമേഷൻ ചിത്രത്തിനുള്ള ദേശീയ
പുരസ്കാര ജേതാവ് (2025, 2017)






**അനിമേഷൻ ചിത്രങ്ങളിലേക്ക് ആകർഷിതരായി ധാരാളം വിദ്യാർഥികൾ എത്തുന്നു. അനിമേഷനിൽ നമ്മുടെ സംസ്കാരത്തിന്റെ താളമുള്ള സിനിമകൾ ഉണ്ടാവേണ്ടതിന്റെ ആവശ്യകതയാണ് ലേഖനം ചർച്ച ചെയ്യുന്നത്**

# സ്വന്തം ശബ്ദത്തെ തേടി

ഈ വർഷം കുറച്ച് യാത്രകൾ ഉണ്ടായി. സാഗ്രെബിൽ സ്ക്രീനിങ്ങുകൾ, റഷ്യൻ ഫിലിം ഫെസ്റ്റിവലിൽ ജ്യൂറിയായി ചില ദിവസങ്ങൾ, പിന്നെ ജപ്പാനിലെ ഡിജികോൺ. എല്ലായിടത്തും സിനിമകൾ കാണുകയും, ആളുകളെ കാണുകയും ചെയ്തു. പക്ഷേ അതിനിടയിൽ എവിടെയോ ഒരു അസ്വസ്ഥത ഉണ്ടായിരുന്നു. പുതിയത് ഒന്നുമല്ല. കുറെ വർഷങ്ങളായി ഉള്ളിൽ ഉണ്ടായിരുന്ന ഒരു തോന്നൽ. ഇപ്പോഴാണ് അത് കുറച്ച് വ്യക്തമാകുന്നത്.

ഏഷ്യയിലെ യുവ അനിമേറ്റർമാരെ നോക്കുമ്പോൾ, ഒരു പാറ്റേൺ കാണാം. നമ്മൾ എല്ലാവരും, അറിയാതെ, പാശ്ചാത്യ ഫെസ്റ്റിവൽ സിനിമകളെ പോലെ സിനിമകൾ ചെയ്യാൻ ശ്രമിക്കുന്നുണ്ട്. അമൂർത്തതയും ആത്മനിരീക്ഷണവും, സിസ്റ്റത്തെ കുറച്ച് അകലത്തിൽ നിന്ന് നോക്കി ഒരു ചെറുപരിഹാസവും.. അതിൽ തെറ്റൊന്നുമില്ല. അവയിൽ പലതും അതിശയകരമാണ്. നമ്മളെ പ്രേരിപ്പിക്കുകയും ചെയ്യും. പക്ഷേ ഒരു ചോദ്യം. സ്വത്വം? അത് നമ്മുടെ ശബ്ദമാണോ? ഇന്ത്യയിൽ ഈ വിഷയം കുറച്ച് കൂടുതൽ കഠിനമാണ്. ജപ്പാനും ചൈനയും അവരുടെ സംസ്കാരത്തെ പിടിച്ചുനിർത്തി വളർന്നു. നമ്മൾ മാത്രം, 'ലോക്കൽ' എന്നത് ഒരു ബലം എന്ന് കാണാൻ തയ്യാറല്ല മിഥോളജി ആയാൽ മാത്രം ഒഴികെ. അതിലും പലപ്പോഴും, ഓതന്റിക് = ചീപ് എന്നൊരു തെറ്റിധാരണ. ഒരു ഇന്ത്യൻ സിനിമയെന്ന് കേട്ടാൽ തന്നെ, "ലൗഡ് ആയിരിക്കും", "റോ ആയിരിക്കും","സോഫിസ്റ്റിക്കേഷൻ കുറവായിരിക്കും" എന്ന് മുൻകൂട്ടി തീരുമാനിച്ചിരിക്കും.

എന്തിനാണ് അങ്ങനെ? നമ്മുടെ സന്ദർഭത്തിൽ നിന്നുപറയുന്നത് നമ്മെ പിന്നിലേക്ക് വലിക്കുന്നുവോ? ഓതന്റിക് എന്ന് പറഞ്ഞാൽ തട്ടിപ്പല്ല. ലോക്കൽ എന്ന് പറഞ്ഞാൽ ലോ ക്വാളിറ്റിയല്ല. ഇന്ത്യൻ കഥകൾ ലോകത്തോട് സംസാരിക്കാൻ



സുരേഷ് ഏറിയാട്ടിന്റെ ഫിഷർവുമൺ ആൻഡ് ടുക് ടുക് എന്ന ആനിമേഷൻ ചിത്രത്തിൽനിന്ന്

കഴിയില്ല എന്നതും തെറ്റാണ്. പാശ്ചാത്യ ലോകം ഒരു നൂറ്റാണ്ടായി അനിമേഷനോട് കൂടെ വളർന്നു. നമ്മൾ ഇപ്പോഴും അത് സിനിമയാണെന്ന് അംഗീകരിക്കാൻ ശ്രമിക്കുകയാണ്. അതുകൊണ്ടാണ്, 'ആർട്ട്' ആകാൻ ശ്രമിക്കുന്ന പല സിനിമകളും, അവ്യക്തമായും അല്പം അകന്നതായും ഒന്നുകിൽ വിശദീകരണം വേണ്ടതായും മാറുന്നത്. കാഴ്ചകൾ കൊണ്ട് പറയേണ്ടത് വോയ്സ്ഓവറിൽ പറഞ്ഞ് തീർക്കുന്ന പ്രവണത.

നമ്മുടെ Tokri, Fisherwoman & Tuk -Tuk, What's Your Brown Number, Kandittund! ചിത്രങ്ങളൊക്കെ ഇന്ത്യയിൽ അല്ലെങ്കിൽ ഏഷ്യൻ പ്രേക്ഷകർ കാണുമ്പോൾ, ആളുകൾ ഉടൻ അതുമായി കണക്റ്റ് ചെയ്യും, സ്വീകരിക്കും. അവർക്കത് മനസ്സിലാകും. അവയുടെ നർമ്മം, ഇഴയടുപ്പം, വൈകാരികത എല്ലാം. പക്ഷേ അതേ സിനിമകൾ പാശ്ചാത്യ ഫെസ്റ്റിവലുകളിൽ അത്ര ശക്തമായി മുഴങ്ങിക്കേൾക്കാറില്ല. അപ്പോൾ നമ്മൾ ചോദിക്കും."മികവ് പോരായ്മകൊണ്ടാണോ?" പക്ഷേ കാര്യം വേറെയാണ്. കല സർവസാധാരണമാകാം. പക്ഷേ ശബ്ദം. അതല്ല. നമ്മുടെ കഥകളിൽ ഉള്ള സബ്ടെക്സ്റ്റ്, നമ്മുടെ ജീവിതത്തിൽ നിന്ന് വരുന്ന സൂചനകൾ, അവർക്കറിയില്ല. അതിനാൽ, നമ്മൾ തകർന്നതായി കാണിക്കുന്ന സിനിമകൾ, അല്ലെങ്കിൽ 'ഇന്ത്യ'യെ അവർ (പാശ്ചാത്യ ജൂറി അംഗങ്ങൾ) കരുതുന്ന രീതിയിൽ കാണിക്കുന്ന സിനിമകൾ, അവയാണ് തിരഞ്ഞെടുക്കപ്പെടുന്നത്. മറ്റെല്ലാം, അവർക്ക് വളരെ 'സിംപിൾ'.

## ശൈലി എവിടെ നിന്നാണ് വരുന്നത്

ഓരോ കലാശൈലിയും ഒരു സ്ഥലത്ത്

## അനിമേഷൻ

**വരകൾക്ക് ജീവൻ നൽകുന്ന കലയാണ് അനിമേഷൻ. അഥവാ വരകളെ ചലിപ്പിക്കുന്ന കലാവിഭാഗമാണ് അനിമേഷൻ. കഥയ്ക്കനുസരിച്ച് വരയ്ക്കുന്ന നിരവധി കാർട്ടൂൺ ചിത്രങ്ങൾ ക്രമമായും, തുടർച്ചയായും ഉൾക്കൊള്ളിച്ച് ചലനങ്ങളെ ചിത്രങ്ങളാക്കി, ഒരു സെക്കന്റിൽ 24 ഫ്രെയിമുകൾ നമ്മുടെ കൺമുന്നിലൂടെ കടത്തിവിടുമ്പോൾ നമ്മളിൽ ചലനമെന്ന തോന്നൽ സൃഷ്ടിക്കപ്പെടുന്നു. അതാണ് അനിമേഷൻ ചലചിത്രം. അനിമേഷൻ കാർട്ടൂൺ ചലനചിത്രങ്ങൾ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് അത്ഭുതങ്ങൾ സൃഷ്ടിക്കുന്നത് ഇപ്പോൾ നേർകാഴ്ച്ചയാണ്. ആദ്യ കാലങ്ങളിൽ നിന്ന് വ്യത്യസ്ഥമായി ആധുനിക കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ അനിമേഷൻ രംഗത്തെ ലളിതവത്കരിച്ചിരിക്കുന്നു.**

**ആർട്ടിഫിഷൽ ഇന്റലിജൻസിന്റെ വരവോടുകൂടി അനിമേഷൻ രംഗത്ത് വരെ വലിയ മാറ്റം വന്നിരിക്കുന്നു. മാസങ്ങൾ എടുത്തു ചെയ്യുന്ന അനിമേഷൻ ജോലികൾ നിമിഷ നേരം കൊണ്ട് ചെയ്യുന്നത് അത്ഭുതത്തോടെ നാം നോക്കിക്കാണുന്നു.**



നിന്നാണ് വരുന്നത്. സൗകര്യവും പരിമിതിയും ചേർന്നാണ് അത് രൂപപ്പെടുന്നത്. നമ്മുടെ ഫോക് ആർട്ട്. അത് ഒരു കോംപ്രമൈസ് അല്ല. അത് ഒരു ഉത്തരമാണ്.

ജീവിതം തന്ന മറുപടി. അത് 'ലോവർ ഫോം' എന്ന് പറയുന്നത്, കല എന്താണെന്ന് തന്നെ മനസ്സിലാക്കാത്തതിനാലാണ്. പക്ഷേ നമ്മൾ എന്താണ് ചെയ്യുന്നത്? ജ്യൂറിയെ ബോധ്യപ്പെടുത്താൻ സിനിമകൾ ഉണ്ടാക്കുന്നു. അതിൽ നമ്മൾ നഷ്ടപ്പെടുത്തുന്നത് അംഗീകാരം അല്ല. നമ്മുടെ ശബ്ദം. നമ്മുടെ സത്യം. നമ്മുടെ തനതിടം (belonging.) ഏഷ്യയിൽ എല്ലാം ഉണ്ട്. ഭാഷ. ആചാരം. നിറങ്ങൾ. ഭക്ഷണം. വികാരങ്ങൾ. പക്ഷേ പല വിദ്യാർഥി സിനിമകളിലും, ഇത് ഒന്നും കാണുന്നില്ല. സംഗീതം പാശ്ചാത്യം. ഡിസൈൻ യൂറോപ്യൻ. പകരെ വികാരം അമർത്തപ്പെടുന്ന (muted). ജപ്പാൻ ഇത് ഒരിക്കലും അനുവദിച്ചില്ല. അവർ എല്ലായിടത്തുനിന്നും എല്ലാ ചേരുവകളും എടുത്തു, പക്ഷേ അവരുടെ ആത്മാവ് വിട്ടില്ല. ചൈനയും അതുപോലെ. പക്ഷേ ഏഷ്യൻ രാജ്യങ്ങളിലെ യുവ അനിമേറ്റർമാർ ഇപ്പോൾ, പാശ്ചാത്യ റഫറൻസ് ആണ് പരിഷ്കാരം എന്ന് കരുതുന്നു. സത്യത്തിൽ പ്രശ്നം ഇതാണ്. അംഗീകാരം നമ്മളിൽ (പ്രേക്ഷകർ) നിന്ന് വരുന്നില്ല. ഫെസ്റ്റിവലുകൾ എന്താണ് ആഘോഷിക്കുന്നത്, അതാണ് നമ്മൾ പിന്തുടരുന്നത്. അതിനൊപ്പം, നമ്മൾ ചിന്തിക്കുന്ന പ്രേക്ഷകർ മാറുന്നു. ദൂരെയുള്ള ജ്യൂറികൾക്കായി നമ്മൾ സിനിമകൾ ഉണ്ടാക്കുന്നു. ഇത് ദേശീയതാവാദം അല്ല. ലളിതമായ കാര്യമാണ്. വിവർത്തനം ചെയ്യേണ്ടതില്ലാത്ത ഒരു ഭാഷയിൽ സംസാരിക്കുക. നമ്മൾ സ്വപ്നം കാണുന്ന ഭാഷയിൽ.



നമ്മൾ യൂറോപ്പിനെയോ അമേരിക്കയെയോ പിന്തുടർന്നാൽ, നമുക്ക് നമ്മളെ തന്നെ നഷ്ടപ്പെടും. നമ്മുടെ ചുറ്റുമുള്ള 'കുഴപ്പത്തിൽ' (Chaos) ഉള്ള സൗന്ദര്യം കാണാനുള്ള കഴിവും. ഇന്ന് ലോകം "കൊണ്ടെന്റ് " (content) ) കൊണ്ട് നിറഞ്ഞിരിക്കുന്നു. വ്യത്യസ്തമാകാനുള്ള ഏക മാർഗം നമ്മളാകുകയാണ്. ലോകത്തിന് വേണ്ടത്, പാശ്ചാത്യസിനിമകളുടെ പകർപ്പല്ല. ഏഷ്യയുടെ താളം ഉള്ള സിനിമകൾ. ഇന്ത്യയുടെ നർമ്മം, വികാരം, മാനവികതയുള്ള സിനിമകൾ. ഓസ്കാർ ജ്യൂറി മനസ്സിലാക്കുമോ ഇല്ലയോ എന്നതല്ല, ഈ സിനിമകൾ അവർക്കായല്ല. നമ്മൾ ആഴത്തിൽ അനുഭവിക്കുന്ന ഭാഷയിൽ പറയേണ്ട കഥകളാകണം. ■





കാർട്ടൂണുകൾ പ്രത്യക്ഷപ്പെട്ട പ്രശസ്തമായ ഹാസ്യമാസികകളുടെയും അവയുടെ പത്രാധിപ പ്രതിഭകളുടെയും ചരിത്രം

# വരമാസികകളും വരയ്ക്കാത്ത പത്രാധിപന്മാരും

എണ്ണം പറഞ്ഞ നിരവധി വിനോദ മാസികകൾ പിറവി കൊണ്ട മണ്ണാണ് മലയാളം. 1881 ൽ തിരുവനന്തപുരത്തു നിന്ന് ആരംഭിച്ച 'വിദ്യാവിലാസിനി', 1890 ൽ മലബാറിൽ തുടങ്ങിയ 'മനോരഞ്ജിനി ' എന്നീ പ്രസിദ്ധീകരണങ്ങൾ സാഹിത്യത്തിനൊപ്പം വിനോദത്തിനും ഇടം നൽകിയിരുന്നു. എന്നാൽ കൊല്ലത്തു നിന്ന് അച്ചടിച്ചിരുന്ന ' വിദൂഷകൻ ' മാസികയിലാണ് മലയാളത്തിൽ ആദ്യമായി ഒരു കാർട്ടൂൺ ചിത്രം പ്രത്യക്ഷപ്പെട്ടത്..! ഒന്നാം ലോകമഹായുദ്ധം ' സമ്മാനിച്ച' കെടുതിയായ ഭക്ഷ്യക്ഷാമം എന്ന ദുർദേവതയെ മരച്ചീനി എന്ന ബദൽ മാർഗം കൊണ്ട് പ്രതിരോധിക്കാമെന്ന് മലയാളിയെ ആ ചിത്രം പഠിപ്പിച്ചു തരികയായിരുന്നു. ആ ചരിത്രചിത്രമെഴുതിയത് വിദൂഷകന്റെ പത്രാധിപർ പി. എസ് ഗോവിന്ദപ്പിള്ള തന്നെയായിരുന്നു . എന്നാൽ കാർട്ടൂൺ ചിത്രത്തിൽ അദ്ദേഹം കയ്യൊപ്പ് ചാർത്തിയിരുന്നില്ല.

ഗോവിന്ദപ്പിള്ളയുടെ മാതുലനും പ്രസാധകനുമായിരുന്ന പി.എസ് നീലകണ്ഠപ്പിള്ള ഒരിക്കൽ ഒരു യാത്രയുമായി ബന്ധപ്പെട്ട് , ഹ്രസ്വകാലത്തേക്ക്, മാസികയുടെ നടത്തിപ്പ് ചുമതല, മരുമകന് നൽകുകയുണ്ടായി. ആ ഘട്ടത്തിലാണ് ഈ ചരിത്ര കാർട്ടൂൺ പിറവികൊണ്ടത് എന്നു പറയപ്പെടുന്നു. പിന്നീട് കാർട്ടൂണിലൂടെയും പത്രാധിപക്കുറിപ്പുകളിലൂടെയും ഗോവിന്ദപ്പിള്ള നടത്തിയ വിമർശനത്തിന്റെ പേരിൽ തിരുവിതാംകൂറിൽ നിന്ന് അദ്ദേഹത്തെ ആൻഡമാനിലേക്ക് നാടുകടത്തി. ഒരു പക്ഷേ പത്രമാരണ നിയമങ്ങളുടെ പേരിൽ ഇദംപ്രഥമമായുണ്ടായ ,ചരിത്രത്തിൽ ഇടംപിടിച്ച ,ഒരു ശിക്ഷാനടപടി അതായിരിക്കും.



വെട്ടൂർ രാമൻനായരുടെ കാരിക്കേച്ചർ

## സഞ്ജയനും വിശ്വരൂപവും

വിദൂഷകന് പിന്നാലെ പ്രസിദ്ധീകരിക്കപ്പെട്ട വിനോദ മാസികയായ 'സഞ്ജയൻ' (1936) ' വിശ്വരൂപം (1938) എന്നിവ ശ്രദ്ധേയമായത് അതിന്റെ പത്രാധിപരുടെ വേറിട്ട മൗലിക പ്രതിഭ കൊണ്ടായിരുന്നു .

' സഞ്ജയൻ' മാസികയുടെ പേര് തന്റെ തൂലികാനാമമാക്കി പ്രശസ്തനായ മാണിക്കോത്ത് രാമുണ്ണി നായർ അഥവാ എം.ആർ നായർ തന്നെ പത്രാധിപരായി ആരംഭിച്ച' വിശ്വരൂപം ' ഉൾപ്പടെ ഒട്ടുമിക്ക ആക്ഷേപഹാസ്യ മാസി കകളുടേയും പത്രാധിപന്മാർ' വരയന്മാർ ' ആയിരുന്നില്ല.

പരിഹാസപ്പൂ
പനീർച്ചെടിക്കെ
ടൊ ചിരിയത്രേ പുഷ്പം
ശകാരം മുള്ളു താൻ '

എന്ന തരത്തിൽ സറ്റയറിന് സമവാക്യം കുറിച്ച മഹാനായിരുന്നു സഞ്ജയൻ.

അദ്ദേഹത്തിന്റെ ചിരി മാസികയിൽ, സ്ഥിരമായി എഴുതുകയും വരയ്ക്കുകയും ചെയ്തിരുന്ന കാർട്ടൂണിസ്റ്റായിരുന്നു പുതുക്കൊടി കൊട്ടുതൊടി ശങ്കരൻകുട്ടി എന്ന പി കെ എസ് കുട്ടി.

അന്ധനായിരുന്ന ധൃതരാഷ്ട്രർക്ക്  തന്റെ ദിവ്യദൃഷ്ടിയാൽ മഹാഭാരത യുദ്ധത്തിന്റെ തത്സമയ സചിത്ര വിവരണം നൽകിയ സാക്ഷാൽ സഞ്ജയനിൽ നിന്നാണത്രേ രാമുണ്ണി മേനോൻ തന്റെ തൂലികാനാമം കടം കൊണ്ടത്.

ആക്ഷേപഹാസ്യ മാസികയ്ക്ക് ' വിശ്വരൂപം' എന്ന് പേർ നൽകിയതിന് പിന്നിലും മഹാഭാരത ബന്ധമുണ്ടെന്ന് കാർട്ടൂണിസ്റ്റ് കുട്ടി ഒരിക്കൽ ഒരു സൗഹൃദ സംസാരമധ്യേ ഈ ലേഖകനോട് പറഞ്ഞതോർക്കുന്നു. കുരുക്ഷേത്ര യുദ്ധഭൂമിയിൽ, മറുപക്ഷത്തെ സ്വന്തക്കാരെയും ബന്ധുക്കളെയും കണ്ട മാത്രയിൽ ഇതികർത്തവ്യതാമൂഢനായി പ്പോയ പാർത്ഥന് സാരഥിയായി നിന്ന ഭഗവാൻ കൃഷ്ണൻ വിശ്വരൂപ ദർശനം നൽകിയാണല്ലൊ അർജ്ജുനനെ, ഉൻമിഷത്താക്കി, സർജിക്കൽ സ്ട്രൈക്ക് മിഷനിലേക്ക് മടക്കി കൊണ്ടുവന്നത്.

സമൂഹത്തിലെ  അപചയങ്ങൾക്കും അഴിമതികൾക്കും മുമ്പിൽ അസ്തപ്രജ്ഞരാകുന്ന ജനത്തെ ആവും വിധം ഉഷാറാക്കി മാറ്റാൻ മലയാള സാഹിത്യത്തറവാട്ടിലെ ' സഞ്ജയൻ' കണ്ടെത്തിയ മാർഗമായിരുന്നു ' വിശ്വരൂപം' മാസിക. തീക്ഷ്ണമായ പരിഹാസത്തിന്റെ മുള്ളും, ചിരിയുടെ പൂക്കളും നിറച്ച ഒരു ആവനാഴി തന്നെയായി ആ മാസിക മാറി. കാർട്ടൂണിസ്റ്റ് കുട്ടി ഉൾപ്പടെ നിരവധി നർമ്മകേസരികൾക്ക് ആ പ്രസിദ്ധീകരണം നല്ലൊരു വിളഭൂമിയായി മാറുകയായിരുന്നു.  അതിൽ വരച്ചിരുന്ന ഏതു മുന്തിയ കാർട്ടൂണിസ്റ്റിനെക്കാളും ഉള്ളിൽ വരയുടെ വരപ്രസാദമുണ്ടായിരുന്ന പത്രാധിപരായിരുന്നു രാമുണ്ണി മേനോൻ..

> **സമൂഹത്തിലെ  അപചയങ്ങൾക്കും അഴിമതികൾക്കും മുമ്പിൽ അസ്തപ്രജ്ഞരാകുന്ന ജനത്തെ ആവും വിധം ഉഷാറാക്കി മാറ്റാൻ മലയാള സാഹിത്യത്തറവാട്ടിലെ ' സഞ്ജയൻ' കണ്ടെത്തിയ മാർഗമായിരുന്നു ' വിശ്വരൂപം' മാസിക**

കായംകുളത്തുകാരൻ ശങ്കരപ്പിള്ള എന്ന, കാർട്ടൂണിസ്റ്റ് ശങ്കർക്ക്, രാജ്യതലസ്ഥാനത്തു നിന്നും ഇംഗ്ലീഷ് ഭാഷയിൽ ' ശങ്കേഴ്സ് വീക്ക്ലി' എന്ന പേരിൽ ഒരു സറ്റയറിക്കൽ മാഗസിൻ ആരംഭിക്കാൻ പ്രചോദനമായത് ബ്രിട്ടനിലെ ' പഞ്ച്' മാസികയാണെന്ന് പറയപ്പെടുന്നുണ്ടെങ്കിലും മലയാളത്തിന്റെ മണമുണ്ടായിരുന്ന വിശ്വരൂപവും അദ്ദേഹത്തെ സ്വാധീനിച്ചിരിക്കാമെന്ന്  കാർട്ടൂണിസ്റ്റ് കുട്ടി ഒരിക്കൽ സൂചിപ്പിച്ചത് ഓർക്കുന്നു. കാർട്ടൂൺ വരയ്ക്കാത്ത പത്രാധിപന്മാർ കാർട്ടൂൺ മാസികയുടെ പത്രാധിപന്മാരായി വിജയിച്ച അനുഭവം, തനിക്ക് ബംഗാളിലെ 'ആനന്ദ ബസാർ പത്രിക' എന്ന ബംഗാളിയിലുള്ള ദിനപത്രത്തിൽ കാർട്ടൂൺ വരയ്ക്കാനുള്ള ദൗത്യം ഏറ്റെടുക്കാനുള്ള ധൈര്യം പകർന്ന കാര്യവും അദ്ദേഹം ഒരിക്കൽ തമാശ രൂപേണ പറഞ്ഞത് ഓർക്കുന്നു. ബംഗാളി ഭാഷയുടെ ' എബിസിഡി' അറിയാത്ത താൻ ബംഗാളി കാർട്ടൂണിസ്റ്റായതിന് കടപ്പാട് സഞ്ജയൻ ഉൾപ്പടെയുള്ളവർക്ക് ഉള്ളതാണ്. താൻ വരച്ച ശേഷം ഡയലോഗിൽ എഴുതുന്ന ഇംഗ്ലീഷ് സംഭാഷണങ്ങൾ പത്രത്തിലെ ബംഗാളി ആർട്ടിസ്റ്റമാർ ബംഗളയിലേക്ക് മൊഴിമാറ്റി എഴുതിയായിരുന്നു പ്രസിദ്ധീകരിച്ചിരുന്നത്.  പത്രവായനക്കാരായ ബംഗാളികൾ 'കുട്ടി ദാ'യെ തങ്ങളുടെ നാട്ടുകാരനായിത്തന്നെ ഇഷ്ടപ്പെട്ടു.

സാഹിത്യകാരനായിരുന്ന വെട്ടൂർ രാമൻ നായരുടെ പത്രാധിപത്യത്തിൽ തിരുവനന്തപുരത്ത് ആരംഭിച്ചതും പിന്നീട് കോട്ടയത്തു നിന്ന് പ്രസിദ്ധീകരിച്ചിരുന്നതുമായ 'പാക്കനാർ ' വിനോദ മാസികയിൽ കുട്ടി സ്ഥിരമായി വരച്ചിരുന്നതും ഏതാണ്ട് ഈ വിധമായിരുന്നു.  അദ്ദേഹം ഇംഗ്ലീഷിൽ കുറിക്കുന്ന സംഭാഷണങ്ങൾ മലയാളത്തിലേക്ക് മൊഴിമാറ്റുകയായിരുന്നു പതിവ്. ആനന്ദബസാറിലേക്ക് അയക്കുന്നവയിൽ ചിലതെല്ലാം പോളിസി കടമ്പയിൽ തട്ടി മാറ്റി വയ്ക്കപ്പെടുമ്പോൾ വെളിച്ചം കാണുക " പാക്കനാരിലായിരുന്നു. മാണിക്കോത്ത് രാമുണ്ണി മേനോനെപ്പോലെ പാക്കനാർ പത്രാധിപർ വെട്ടൂർ രാമൻ നായരും കാർട്ടൂണിസ്റ്റായിരുന്നില്ല. പക്ഷെ . ഇരുവരുടെയും എഴുത്തു വഴികളിൽ നർമ്മവും ആക്ഷേപഹാസ്യവും ആവോളമുണ്ടായിരുന്നു.

തന്റെ ഷർട്ടുകൾക്ക്, തുന്നൽക്കാരനെക്കൊണ്ട്, രണ്ട് പോക്കറ്റുകൾ തുന്നിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇരു പോക്കറ്റിലും വ്യത്യസ്ത നിറങ്ങളിലുള്ള ഓരോ പേനയും സൂക്ഷിക്കുന്നത് ഒരു രീതി ശീലവുമായിരുന്നു. അദ്ദേഹത്തിന്റെ മാസ്റ്റർപീസ് നോവലായ' ജീവിക്കാൻ മറന്നു പോയ സ്ത്രീ' പോലെയുള്ള സീരിയസ് രചനകൾക്കായി ഒരു പേനയും, പാക്കനാർക്കു വേണ്ടിയുള്ള ആക്ഷേപഹാസ്യ രചനയ്ക്ക് മറ്റേ പേനയും, അതായിരുന്നു അദ്ദേഹത്തിന്റെ ശൈലി.

## സരസനും സോഷ്യൽ മീഡിയ ട്രോളുകളും തമ്മിൽ

'നായർ സർവീസ് സൊസൈറ്റിയുടെ ആസ്ഥാനമായ ചങ്ങനാശേരിയിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന രാഷ്ട്രീയ ആക്ഷേപഹാസ്യ മാസികയായിരുന്നു 'സരസൻ'. അതിന്റെ പത്രാധിപരായിരുന്ന മാധവൻ പിള്ള ഒരു ചിത്രകാരൻ കൂടിയായിരുന്നു. തന്റെ സമുദായ സംഘടനയുടെ ആസ്ഥാനദേശത്തിരുന്ന് അതിന്റെ ആചാര്യനെ വിമർശിക്കുന്ന കവർ കാർട്ടൂൺ ചേർത്ത് പലവട്ടം മാധവൻ പിള്ള ചേട്ടൻ മാസികയിറക്കി..!

മാസികയുടെ പ്രചാരം വർധിച്ചതോടെ പിൽക്കാലത്ത് 'സരസൻ മാധവൻ പിള്ള 'എന്ന  പേരിൽ അറിയപ്പെട്ടു തുടങ്ങിയ അദ്ദേഹം മാസികയുടെ കവർ കാർട്ടൂൺ ചിത്രം ഏറിയ പങ്കും വരപ്പിച്ചത് കാർട്ടൂണിസ്റ്റ് കെ. എസ് പിള്ളയെക്കൊണ്ടായിരുന്നു. ഓരോ മാസത്തേയും  വരയ്ക്കു മുമ്പ് കൃത്യമായി പത്രാധിപരുടെ നേതൃത്വത്തിൽ ഒരു പ്രത്യേക പത്രാധിപ സമിതി കൂടുമായിരുന്നത്രേ. ഈ യോഗത്തിൽ സരസൻ മാധവൻ പിള്ള നൽകിയിരുന്ന നിർദേശങ്ങൾ തന്റെ മുഖച്ചിത്ര കാർട്ടൂണിന്റെ മിഴിവേറ്റുന്നതിൽ വലിയ പങ്കു വഹിച്ചിരുന്നതായി കാർട്ടൂണിസ്റ്റ് കെ. എസ് പിള്ള തന്നെ പിന്നീട് പറഞ്ഞിട്ടുണ്ട്.

സരസന് പ്രചുര പ്രചാരം ലഭിക്കുന്നതിൽ കെ. എസ് പിള്ള യുടെ കവർക്കാർട്ടൂൺ ചിത്രം പോലെ തന്നെ മാധവൻ പിള്ളയുടെ ചില പൊടിക്കൈ പ്രയോഗങ്ങളും ഏറെ സഹായം ചെയ്തു.

അതിൽ ഒരു പംക്തിയുടെ പേര് 'സരസൻ എല്ലാം അറിയുന്നുണ്ട്' എന്നായിരുന്നു. സത്യത്തിൽ ആ പംക്തി ഇന്നത്തെ ജൻസി കാലത്തെ സോഷ്യൽ മീഡിയ ട്രോളുകളുടെ ഒരു പ്രാഗ് രൂപമായിരുന്നു. അഴിമതിക്കാരെയും അവിഹിതക്കാരെയും കൈക്കൂലി വീരന്മാരെയും ഒരു പരിധി വരെ വിറപ്പിച്ചു നിർത്താൻ ആ പംക്തിക്ക് കഴിഞ്ഞിരുന്നു. ഒരു സാമ്പിൾ ഇതാ..

' ... ചങ്ങനാശേരി താലൂക്ക് ആപ്പീസിൽ പുതുതായി ചാർജ് എടുത്തിരിക്കുന്ന, കുട്ടനാട്ടിൽ നിന്നുള്ള ഒരു ഉദ്യോഗസ്ഥന് നേരം വെളുക്കുന്നത് വളരെ വൈകിയാണെന്ന് ഒരു കിംവദന്തി പരന്നിട്ടുള്ളത് സരസനും അറിഞ്ഞിട്ടുണ്ട്. ടിയാന്റെ വരവു കാത്ത് നിരവധി പൗരജനങ്ങൾ ഓരോ ദിവസവും താലൂക്ക് ആപ്പീസിന്റെ പടിക്കലെത്തി മടങ്ങുന്നതായും അറിയുന്നു. കാലേക്കൂട്ടി ഉണർന്നെണീറ്റ് ഉദ്യോഗം ഭരിക്കാൻ താലൂക്ക് ആപ്പീസിൽ കൃത്യസമയത്ത് എത്തുന്നത് ടിയാനും നാട്ടുകാർക്കും ഗുണപ്രദമായിരിക്കും. തിരുവനന്തപുരത്ത് ഹജ്ജൂർ കച്ചേരിയിൽ ഒട്ടനവധി കാലിക്കസേരകൾ ഒഴിവുണ്ടെന്ന കാര്യം സരസൻ

ഓർമിപ്പിക്കട്ടെ..

ഇത് ശ്രദ്ധയിൽപ്പെടേണ്ട താമസം മേല്പറഞ്ഞ ഉദ്യോഗസ്ഥൻ ഉഴപ്പ് മതിയാക്കി കിറുകൃത്യമായി ആപ്പീസിലെത്തുന്നതിൽ സരസൻ വഹിച്ചിരുന്ന പങ്കിന്റെ ഏകദേശചിത്രം വായനക്കാർക്ക് മനസിലായിരിക്കുമല്ലൊ..! ഏതാണ്ട് മൂന്ന പതിറ്റാണ്ട് കാലം മാധവൻ പിള്ളയുടെ പത്രാധിപത്യത്തിൽ ഇറങ്ങിയ മാസിക അദ്ദേഹത്തിന്റെ വിയോഗത്തിന് ശേഷം മറ്റ ചിലർ ഏറ്റെടുത്തു നടത്തിയെങ്കിലും വലിയ ചലനങ്ങൾ സൃഷ്ടിക്കാനായില്ല.

## ആക്ഷേപഹാസ്യ മാസികകളുടെ പിന്മാറ്റം

പാക്കനാരുടെയും സരസന്റെയും ശൈലി പിന്തുടർന്ന് പല ഘട്ടങ്ങളിലായി ഒട്ടേറെ ആക്ഷേപഹാസ്യ മാസികകൾ കേരളത്തിൽ പല ഘട്ടങ്ങളിലായി പിന്നീട് രംഗപ്രവേശം ചെയ്തെങ്കിലും അവയെല്ലാം അല്പായുസ്സുകളായിരുന്നു. എന്നാൽ കാർട്ടൂണിസ്റ്റ് യേശുദാസന്റെ പത്രാധിപത്യത്തിൽ കൊച്ചിയിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന' അസാധു' വിനോദ മാസിക, കാർട്ടൂണിസ്റ്റ് ശങ്കറിന്റെ ' ശങ്കേഴ്സ് വീക്ക്ലി' പോലെ ശ്രദ്ധേയമായി. ശങ്കറിന്റെ ശിക്ഷണത്തിൽ ഡൽഹിയിൽ ഏതാനും വർഷം പ്രവർത്തിക്കാൻ കഴിഞ്ഞത് അദ്ദേഹത്തിന് വലിയൊരു പാഠമാകുകയും ചെയ്തു. പിന്നീട്, 'കട്ട് കട്ട്', 'ടക് ടക്' എന്നീ പേരുകളിൽ കൊച്ചിയിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന സിനിമ- പൊളിറ്റിക്കൽ- സറ്റയർ മാഗസിനുകളുടെ പത്രാധിപരായും ഒന്നിന്റെ പ്രസാധകനായും യേശു ദാസൻ പ്രവർത്തിച്ചു.

'മലയാള മനോരമ' ദിനപത്രത്തിൽ സ്റ്റാഫ് കാർട്ടൂണിസ്റ്റായി ചേർന്നതോടെ സ്വന്തം പ്രസിദ്ധീകരണങ്ങളുമായുള്ള ബന്ധം അദ്ദേഹം അവസാനിപ്പിച്ചു.

പത്രാധിപത്യത്തിന്റെയും പ്രസാധനത്തിന്റെയും നാൾവഴികളിൽ നിന്ന് യേശുദാസൻ മാറിയ ഇടത്തേക്ക് പുതിയ ഒട്ടേറെ സിനിമ- രാഷ്ട്രീയ ആക്ഷേപഹാസ്യ പ്രസിദ്ധീകരണങ്ങളുമായി പലരും കളം നിറയാൻ ശ്രമിച്ചെങ്കിലും ' പഞ്ച് ' പിടിക്കാൻ പലർക്കുമായില്ല. ഈ ഗ്യാപ്പിൽ ചെറുതായെങ്കിലും ഒരു ചലനമുണ്ടാക്കിയത് തിരുവനന്തപുരത്തു നിന്ന് പ്രസിദ്ധീകരിച്ച ' ചിരി വീണ്ടും ചിരി ' മാസികയാണ്.

പത്രാധിപരായിരുന്ന പി. സുബ്ബയ്യാപിള്ളയും കാർട്ടൂണിസ്റ്റായിരുന്നില്ല. സർക്കാർ ഉദ്യോഗസ്ഥനായിരുന്ന അദ്ദേഹം സർവീസിലിരുന്ന കാലം സർക്കാർ അനുമതിയോടെ ഹാസസാഹിത്യ രചനയിൽ വ്യാപൃതനായിരുന്നു. സാംസ്കാരിക മേഖലയിലും ആക്ഷേപഹാസ്യസാഹിത്യ രംഗത്തും ഏറെ അനുഭവവും പരിചയവും കൈമുതലായുണ്ടായിരുന്ന അദ്ദേഹത്തിനും ചിരിമാസികയുടെ നടത്തിപ്പ് ഏറെ ചിരിക്കുള്ള വക നൽകിയില്ല എന്നു പറയേണ്ടി വരും.

കൊച്ചിയിൽ നിന്ന് പ്രസിദ്ധീകരണമാരംഭിച്ച ' പാര 'വിനോദ മാസികയായിരുന്നു പിന്നീട് ചില ചലനങ്ങൾ സൃഷ്ടിച്ചത്. സാഹിത്യകാരൻ പ്രൊഫ . സി.ആർ ഓമ



**സഞ്ജയൻ കാർട്ടൂണിസ്റ്റിന്റെ ഭാവനയിൽ**

നക്കുട്ടൻ ആയിരുന്നു അതിന്റെ എഡിറ്റർ. വരക്കുന്ന കാർട്ടൂണിസ്റ്റ് അല്ലായിരുന്നെങ്കിലും വരികൾ കൊണ്ട് കാർട്ടൂണിന് തുല്യമായ ഒരു ചിരി വിരുന്നൊരുക്കാൻ അന്യാദൃശമായ ഒരു പ്രതിഭ അദ്ദേഹത്തിന് ജന്മസിദ്ധമായിരുന്നു.

' അവാർഡിതരായി' എന്ന പേരിൽ ഓമനക്കുട്ടൻ സാർ തന്നെ കൈകാര്യം ചെയ്തിരുന്ന അതിലെ ഒരു പംക്തി ശരിക്കും പാര തന്നെയായിരുന്നു. പത്രത്തിലെ ചരമകോളത്തിലെ നിര്യാതരായി' എന്ന പ്രയോഗം അനുകരിച്ചായിരുന്നു അത് തയാറാക്കിയിരുന്നത്. കൈമടക്കും കാലുപിടുത്തവും കൊണ്ട് വിവിധ പുരസ്കാരങ്ങൾ തരമാക്കുന്ന കാവ്യയശഃ പ്രാർഥികളായിരുന്നു ആ പംക്തിയിലെ പരിഹാസത്തിന്റെ ക്രൂരമ്പേറ്റ് ശയ്യാവലംബികളായത്. തികച്ചും അർഹതയുടെ പേരിൽ 'അവാർഡിതരായവരെയും' ആ പംക്തിയിൽ പലപ്പോഴായി കശക്കാൻ തുടങ്ങിയതോടെ പത്രാധിപരുടെ പേരിൽ പരാതിയുമായി പട നയിച്ചവരുടെ എണ്ണമേറിയത്രേ..

കൊച്ചിയിൽ നിന്ന് യേശുദാസന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന' അസാധു ' പോലെ തന്നെ ശ്രദ്ധേയമായ ഒരു വിനോദ മാസികയായിരുന്നു 'നർമ്മദ'. ആർട്ടിസ്റ്റ് രാഘവൻ നായർ ആയിരുന്നു പത്രാധിപർ. യേശുദാസനെ പോലെ അതിലെ ഏറിയ പങ്ക് കാർട്ടൂൺ വരകളും രാഘവൻ നായരുടെ കയ്യൊപ്പു പതിഞ്ഞവയായിരുന്നു. യേശുദാസൻ അസാധു യേശുദാസൻ എന്ന് അറിയപ്പെട്ടില്ല പക്ഷെ കാലക്രമേണ രാഘവൻ നായരുടെ പേരിന് മുമ്പിൽ 'നർമ്മദ 'ഒരു വിശേഷണമായി മാറി .

ഈ വിധം സമ്പന്നമായ പൈതൃകം അവകാശപ്പെടാൻ കഴിയുന്ന മലയാള ആക്ഷേപഹാസ്യ പ്രസിദ്ധീകരണങ്ങളുടെ പട്ടികയിലേക്ക് പേര് ചേർക്കാൻ കഴിയുന്ന ഒട്ടേറെ പ്രസിദ്ധികരണങ്ങൾ ഇനിയുമുണ്ട്..

വികടൻ, വിജയഭാനു, നാരദൻ, കുഞ്ചുക്കുറുപ്പ്, ടോംസ് മാഗസിൻ, മനോരമ കോമിക്സ്, ടിക് ടിക്... ഇവയിൽ പലതിന്റെയും അധിപന്മാർ കാർട്ടൂണിസ്റ്റുകളായിരുന്നു താനും.

മുഴുവൻ സമയ കാർട്ടൂണിസ്റ്റല്ലാത്ത, മുഖ്യധാരയിൽ നിറഞ്ഞുനിന്ന എഴുത്തുകാർ എഡിറ്റ് ചെയ്ത് പുറത്തിറക്കിയതിൽ, ദീർഘകാലം നിലനിന്ന, വിനോദ മാസികകളിൽ പ്രഥമ സ്ഥാനം 'സരസനും ', ദ്വിതീയ സ്ഥാനം 'പാക്കനാർ'ക്കും ,ത്രിതീയ സ്ഥാനം 'വിശ്വരൂപ'ത്തിനും കല്പിച്ചു നൽകാമെന്നു തോന്നുന്നു.

മലയാളത്തിലെ ആദ്യ കാർട്ടൂണിന്റെ കർത്തൃത്വം ചാർത്തിക്കൊടുത്തിട്ടുള്ള പി.എസ് ഗോവിന്ദപ്പിള്ള വരയുടെയും എഴുത്തിന്റെയും പേരിൽ രാജഭരണകാലത്ത് നാടുകടത്തപെട്ടു. ജനായത്ത ഭരണത്തിലാകട്ടെ ആക്ഷേപ ഹാസ്യ മാസികകൾ ഒന്നൊന്നായി ' നാട് കടന്ന' സ്ഥിതിവിശേഷവും. വെട്ടൂർ രാമൻ നായർ തുടങ്ങിവച്ചതും പിന്നീട് കൊല്ലത്തെ കേരള ശബ്ദം ഗ്രൂപ്പ് ഏറ്റെടുത്തതുമായ 'പാക്കനാർ 'മാസികയുടെ പിൻഗാമിയായ ' ഹാസ്യ കൈരളി' മാത്രമാണ് ഇന്ന് നിലവിലുള്ള ഒരേയൊരു രാഷ്ട്രീയ-ആക്ഷേപ ഹാസ്യ മാസിക.■



**മാധ്യമരംഗത്ത് സ്ത്രീസാന്നിധ്യം ശക്തമാണ്. ചിത്രരചന, പെയിന്റിങ്ങ്, ഡിസൈനിങ് രംഗങ്ങളിൽ വനിതകളുടെ എണ്ണം വലിയ അളവിൽ കൂടുന്നുണ്ട്. പക്ഷെ കാർട്ടൂൺ രംഗത്തെ സ്ഥിതി അതല്ല. എണ്ണത്തിൽ കുറവാണെങ്കിലും വനിത കാർട്ടൂണിസ്റ്റുകളുടെ എണ്ണവും വർധിക്കുന്നുണ്ട് എന്നത് ആശ്വാസമാണ്.**

# പെൺവരയിലെ ആക്ഷേപഹാസ്യം

സമൂഹത്തിൽ ഏറ്റവും കൂടുതൽ നർമ്മബോധം ഉള്ളത് സ്ത്രീകൾക്ക് തന്നെയാണെന്ന് ഞാൻ വിശ്വസിക്കുന്നു. അതിന് കാരണവുമുണ്ട്. ഏറ്റവും നല്ല തമാശകൾ വരുന്നത് എവിടെ നിന്നാണെന്ന് സ്വന്തമായി ഞാൻ നോക്കിയിട്ടുണ്ട്. സ്ത്രീകളുടെ നർമ്മബോധം അപാരമാണെന്ന് പല അവസരങ്ങളിലും തോന്നാതിരുന്നില്ല. അടുക്കളയിലും സ്ത്രീസദസ്സുകളിലും ഉശിരൻ നർമ്മശകലങ്ങൾ കേൾക്കാത്തവരുണ്ടാകില്ല.

എന്നാൽ ഇങ്ങനെയൊക്കെയായിട്ടും കാർട്ടൂൺ രചനയിൽ സ്ത്രീകൾ എന്തുകൊണ്ട് അധികം വരുന്നില്ല എന്നുള്ള ആശങ്ക വസ്തുതാപരം തന്നെയാണ്. കാർട്ടൂൺ രംഗത്ത് സ്ത്രീകൾ വളരെ വിരളമാകുന്നത്. ചിത്രകലയിൽ അവർക്ക് കഴിവില്ലാത്തത് കൊണ്ടല്ല. കാരണം തുണിയിലെ എംബ്രോയ്ഡറിയിലും കോലം വരയ്ക്കുന്നതിലും ജലച്ഛായ ചിത്രങ്ങളിലും സ്ത്രീകൾ കഴിവ് തെളിയിച്ചിട്ടുണ്ട്. പുരുഷന്മാരേക്കാൾ ചിരിയെ കൂടുതൽ ഇഷ്ടപ്പെടുന്നതും സ്ത്രീകൾ തന്നെയാണ്. അന്യനെ പരിഹസിക്കുന്നത് പരസ്യമാക്കാൻ സ്ത്രീകൾക്കുള്ള സങ്കോചം കാർട്ടൂൺ രംഗത്ത് നിന്ന് സ്ത്രീകളെ പിന്തിരിപ്പിക്കുന്നുണ്ടാകാം എന്നാണ് ഡോ.എം. ലീലാവതി അഭിപ്രായപ്പെടുന്നത്. അത് വലിയൊരളവ് വരെ ശരിയുമാണ്.

ഇന്ന് മാധ്യമരംഗത്ത് പ്രത്യേകിച്ച് റിപ്പോർട്ടിങ്ങിൽ സ്ത്രീസാന്നിധ്യം ശക്തമാണ്. ചിത്രരചന, പെയിന്റിങ്, ഡിസൈനിങ് രംഗങ്ങളിൽ വനിതകളുടെ എണ്ണം വലിയ അളവിൽ കൂടുന്നുണ്ട്. പക്ഷെ കാർട്ടൂൺ രംഗത്തെ സ്ഥിതി അതല്ല. എന്നാൽ എണ്ണത്തിൽ കുറവാണെങ്കിലും വനിത കാർട്ടൂണിസ്റ്റുകളുടെ എണ്ണവും വർധിക്കുന്നുണ്ട് എന്നത് ആശ്വാസമാണ്.






മായ കാമത്ത് , മഞ്ജുള പദ്മനാഭൻ

## വനിത കാർട്ടൂണിസ്റ്റുകൾ ഇന്ത്യയിൽ

വനിത കാർട്ടൂണിസ്റ്റുകളെ കുറിച്ച് പറയുന്ന ഇവിടെ കേരളത്തിന് പുറത്തുള്ളവരെ കൂടി പരാമർശിക്കേണ്ടതുണ്ട്. ഇന്ത്യൻ കാർട്ടൂൺ രംഗത്ത് രണ്ട് സ്ത്രീകളാണ് പ്രശസ്തരായിരുന്നത്. മായാ കമ്മത്തും മഞ്ജുള പത്മനാഭനും. മായാ കമ്മത്ത് മരണപ്പെട്ടു. തലശ്ശേരി സ്വദേശി മഞ്ജുള പത്മനാഭൻ ഇപ്പോഴും കാർട്ടൂണുകൾ വരയ്ക്കുന്നുണ്ട്.

മുംബൈയിൽ ജനിച്ചുവളർന്ന മായാ കമ്മത്ത് കർണ്ണാടകയിൽ എത്തിയതോടെയാണ് 1985ൽ ഈവനിങ് ഹെറാൾഡിലൂടെ രാഷ്ട്രീയ കാർട്ടൂണുകൾ വരച്ച് പ്രശസ്തയായത്. പിന്നീട് അവർ ഇന്ത്യൻ എക്സ്പ്രസ് ഏഷ്യൻ ഏജ്, ടൈംസ് ഓഫ് ഇന്ത്യ തുടങ്ങിയ പത്രങ്ങളിൽ കാർട്ടൂണുകൾ വരച്ചു. മായാ കമ്മത്ത് രാഷ്ട്രീയ കാർട്ടൂണുകളിലാണ് ശ്രദ്ധ ചെലുത്തിയത്. മായയുടെ കാർട്ടൂണുകൾ മാധ്യമത്താളുകളിൽ ദിവസേന വന്നുകൊണ്ടിരുന്നപ്പോൾ ചിരിപ്പിക്കുന്ന മായയെ മാധ്യമ രംഗം




മഞ്ജുള പദ്മനാഭന്റെ വര




ദൽജീത് കൗറിന്റെ വര



ദൽജിത് കൗർ

അത്ഭുതത്തോടുകൂടിയാണ് നോക്കിക്കണ്ടത്. ദൈനംദിന രാഷ്ട്രീയം മായ തന്റെ മൂർച്ചയേറിയ വരകളിലൂടെ പൊതുജനമധ്യത്തിൽ എത്തിച്ചപ്പോൾ തെല്ലൊന്നുമല്ല ഭരണപ്രതിപക്ഷങ്ങൾ വിയർത്തത്. 2001-ൽ അവർ കാർട്ടൂൺ രംഗത്ത് നിറസാന്നിധ്യമായിരിക്കെ അന്തരിച്ചു.



സ്വാതി



പ്രിയ രഞ്ജിനി



രമാദേവി



മിനി വി എസ്



അനു കെ പിള്ള



പ്രിയ

തലശ്ശേരി സ്വദേശി മഞ്ജുള പത്മനാഭൻ രാഷ്ട്രീയ കാർട്ടൂണുകളല്ല, മറിച്ച് സാമൂഹിക കാർട്ടൂണുകളാണ് വരയ്ക്കുന്നത്. സൺഡേ ഒബ്സർവറിൽ അവർ വരച്ച സുകി എന്ന കാർട്ടൂൺ സ്ട്രിപ്പ് വളരെ പ്രശസ്തമായിരുന്നു. ദി പയനിയർ പത്രത്തിലും അവരുടെ കാർട്ടൂണുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോൾ ബിസിനസ് ലൈനിൽ ആഴ്ചയിലൊരിക്കൽ സുകി പ്രത്യക്ഷപ്പെടുന്നു. കുട്ടികളുടെ പുസ്തകങ്ങളും നാടകങ്ങളും എഴുതി സാഹിത്യരംഗത്തും അവർ സജീവമാണ്.

ഒരിക്കൽ മായാ കമ്മത്തിനോട് വനിതകൾ കാർട്ടൂൺ രംഗത്ത് വരാത്തതെന്താണെന്ന് ചോദിച്ചപ്പോൾ നൽകിയ മറുപടി ശ്രദ്ധേയമാണ്. എല്ലാ കാർട്ടൂണിസ്റ്റിലും ലേശം ക്രോധം അഥവാ അമർഷം കുടികൊള്ളുന്നുണ്ട്. നമുക്കു ചുറ്റും നടക്കുന്ന സംഗതികളോട് കാർട്ടൂണിലൂടെ പ്രതികരിക്കുമ്പോൾ ഈ അമർഷവും അതിൽ പ്രതിഫലിക്കും. ഇങ്ങനെ ക്രോധം പ്രകടിപ്പിക്കുന്ന കാര്യത്തിൽ സ്ത്രീകൾ പൊതുവെ വിമുഖരാണ്. ക്ഷമാശീലരായ കുടുംബിനികളായി ഒതുങ്ങിക്കൂടി കഴിയുവാനാണ് അവർക്ക് താത്പര്യം. സ്ത്രീകൾ കാർട്ടൂൺ രംഗത്ത് കൂടുതലായി കടന്നുവരാത്തതിന്റെ കാരണം ഇതായിരിക്കാമെന്നാണ് മായാ കമ്മത്ത് വിശ്വസിച്ചത്.

പഞ്ചാബിൽ ദൽജിത്ത് കൗർ എന്ന വനിത കാർട്ടൂണിസ്റ്റ് അവിടുത്തെ മാധ്യമങ്ങളിൽ കഴിഞ്ഞ എട്ട് വർഷമായി ശ്രദ്ധേയ സാന്നിധ്യമാണ്. കഴിഞ്ഞ പഞ്ചാബ് തിരഞ്ഞെടുപ്പിൽ ഹിന്ദുസ്ഥാൻ ടൈംസിനു വേണ്ടി അവർ വരച്ച "കൗർട്ടൂൺ" എന്ന രാഷ്ട്രീയ കാർട്ടൂൺ പംക്തി കൂടുതൽ ശ്രദ്ധ നേടി. ഇപ്പോൾ ഹിന്ദുസ്ഥാൻ ടൈംസിന്റെ പഞ്ചാബ് എഡിഷനിൽ വിഷ്വൽ ഡിസൈനറായി ജോലിചെയ്യുന്ന അവരുടെ കാർട്ടൂണുകൾ എന്നും പത്രത്താളുകളിലുണ്ട്.

## ലോക കാർട്ടൂണിലെ വനിതകൾ

ലോക കാർട്ടൂൺ രംഗത്തും വനിതകളുടെ പ്രാതിനിധ്യം കുറവാണ്. എന്നാൽ തന്നെയും പുരുഷ കാർട്ടൂണിസ്റ്റുകളോടൊപ്പം ശക്തമായ വരകളിലൂടെ അമേരിക്കയിലെ ആൻ ടെൽനസ് എന്ന വനിത കാർട്ടൂണിസ്റ്റ് മുന്നിട്ടു നിൽക്കുന്നു. ഹിൽഡാ ടെറി, ലീറി ബാർക്ലേ, അൻടെൽനസ്, ഒമാനാ ഫ്രാൻഡോൺ, ലില്ലി റീനി, ടിനാ ടോബിൻസ്, മിമി പോണ്ട്, കാതറിൻ, ടാനിയാ ഡെൽ റീനോ, മിഖായീലാ റീഡ് തുടങ്ങിയ വനിതകൾ കാർട്ടൂണുകൾ പ്രസിദ്ധീകരിച്ച് പെൺ കരുത്ത് കാണിച്ച് ലോക കാർട്ടൂണിൽ വനിതാ സാന്നിധ്യം രേഖപ്പെടുത്തിയ പ്രമുഖരാണ്. നമ്മുടെ അയൽ രാജ്യമായ പാക്കിസ്ഥാനിൽ ഒരേ ഒരു വനിതയായ നിഗർ നസീറാണ് കാർട്ടൂൺ രംഗത്തുള്ളത്. കാർട്ടൂണിസ്റ്റ് നിഗർ നാസർ ഈ രംഗത്തെ വനിതകളിൽ പ്രധാനിയാണ്. അവരുടെ ഗോഗി എന്ന പേരിലുള്ള കാർട്ടൂണുകൾ സാമൂഹികവഷയങ്ങൾ കൈകാര്യം ചെയ്യുന്നു. ഗോഗി പാക്കിസ്ഥാനിൽ പ്രശസ്തമാണ്.

## സമകാലിക ഇന്ത്യയിൽ

സ്വാതി വഡ്‌ലമുടി ഹൈദരാബാദിലെ മാധ്യമപ്രവർത്തകയാണ്. അവർ കാർട്ടൂണുകൾ വരയ്ക്കാറുണ്ട്. ശക്തമായ വിമർശനങ്ങളാണ് അവരുടെ കാർട്ടൂണുകളിൽ കാണുന്നത്. അതുകൊണ്ട് തന്നെ പല

> ലോക കാർട്ടൂൺ രംഗത്ത് വനിതകളുടെ പ്രാതിനിധ്യം കുറവാണ്. എന്നാൽ തന്നെയും പുരുഷ കാർട്ടൂണിസ്റ്റുകളോടൊപ്പം ശക്തമായ വരകളിലൂടെ അമേരിക്കയിലെ ആൻ ടെൽനസ് എന്ന വനിതാ കാർട്ടൂണിസ്റ്റ് മുന്നിട്ടു നിൽക്കുന്നു

അവസരങ്ങളിലും അവരുടെ കാർട്ടൂണുകൾ വിവാദങ്ങളിലും പെട്ടിട്ടുണ്ട്. വ്യത്യസ്ത ശൈലി കൊണ്ടും സാമൂഹിക മാധ്യമങ്ങളിലെ സാന്നിധ്യം കൊണ്ടും അവർക്ക് വലിയ ജനപ്രീതിയുണ്ട്. മലയാളിയായ നീതു സോണ ഇന്ത്യൻ ഇൻഫർമേഷൻ സർവീസിലെ മുതിർന്ന ഉദ്യോഗസ്ഥയും സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ ഡയറക്ടറുമാണ്. അവർ സാമൂഹിക കാർട്ടൂണുകൾ മാത്രമാണ് വരയ്ക്കുന്നത്. സാമൂഹിക മാധ്യമങ്ങളിൽ അവരുടെ കാർട്ടൂണുകൾ കാണാം. മുൻപ് ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ നീതു സോണയുടെ കാർട്ടൂണുകൾ കാണുമായിരുന്നു. കാശ്മീരിലെ രണ്ട് പത്രങ്ങളിൽ കാർട്ടൂൺ വരയ്ക്കുന്നത് സ്ത്രീകളാണ്. കശ്മീർ ടൈംസിലെ ഷുഗുഫ്താ ഖാലിദീയും റഫിയാ റസൂലും.

## കേരളത്തിൽ

ദേശീയ ചലച്ചിത്ര അവാർഡ് നേടിയ കാർട്ടൂൺ അനിമേഷൻ സിനിമയാണ് 'കണ്ടിട്ടുണ്ട്'. 'കണ്ടിട്ടുണ്ട്' എന്ന അനിമേഷൻ ചിത്രത്തിലെ ചിത്രങ്ങളും അനിമേഷനും തയ്യാറാക്കിയതും സംവിധാനം ചെയ്തതും മലയാളിയായ അതിഥി കൃഷ്ണദാസാണ്. അതിഥി കേരള കാർട്ടൂൺ അക്കാദമി അംഗമാണ്. മലയാള കാർട്ടൂൺ രംഗത്ത്





ഷാരോൺ റാണി

വന്ന് മികവ് കാട്ടുന്നു എന്നതിന്റെ ചൂണ്ടുപലകയായി ഇത് കാണേണ്ടിയിരിക്കുന്നു. സ്കൂൾ-കോളേജ് മത്സരവേദികളിൽ എപ്പോഴും കാർട്ടൂണിന് പെൺകുട്ടികളെ കാണാമെങ്കിലും ശേഷം അവർ അപ്രത്യക്ഷരാകുന്നതാണ് അനുഭവം.

കാർട്ടൂണിലൂടെ വിമർശന ശരങ്ങൾ തൊടുത്തുവിടാനുള്ള വിമുഖത തന്നെയാവും അവർ ഈ രംഗത്തേക്ക് കടന്നുവരാൻ മടിക്കുന്നതിന്റെ പ്രധാനകാരണം. കളിയാക്കാൻ, വിമർശിക്കാൻ, ചോദ്യം ചെയ്യാൻ പെൺകുട്ടികൾ ആൺകുട്ടികളേക്കാൾ മിടുക്കരാണ്. അവർ ആ മിടുക്ക് ചെറിയ ചെറിയ വേദികളിൽ മാത്രമായി ഒതുക്കുന്നു. അവിടെയാണ് കാർട്ടൂൺ മേഖല പരാജയപ്പെടുന്നത്. കാർട്ടൂൺ രംഗത്ത് വരാൻ മടിക്കുന്ന സ്ത്രീകൾ ചിത്രരചനയിൽ ആവേശപൂർവ്വം ഇടംകണ്ടെത്തുന്നത് കാണാവുന്നതാണ്. കാർട്ടൂൺ രംഗത്തും കാർട്ടൂൺ അനിമേഷൻ നിർമ്മാണരംഗത്തും പെൺകുട്ടികൾ ഇപ്പോൾ കടന്നുവരുന്നുണ്ട് എന്നത് പ്രതീക്ഷയ്ക്ക് വകനൽകുന്നു. സ്വതന്ത്രമായ കാർട്ടൂൺ അവരിൽ നിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇന്ത്യയിലാകെ ഇത്തരത്തിൽ മുപ്പതിലേറെ പെൺകുട്ടികൾ അനിമേഷൻ രംഗത്തുണ്ട്. ഇല്ലസ്ട്രേഷൻ രംഗത്തും പെൺകുട്ടികൾ ധാരാളമായി വരുന്നുണ്ട്.


അയ്ഷ


രചന


നീതു സോന


സാൽവിയ


സെറ


സൂര്യ മറിയ

വിജയക്കൊടി പാറിച്ച ഒരു വനിത കാർട്ടൂണിസ്റ്റാണ് അതിഥി കൃഷ്ണദാസ്.

കാർട്ടൂൺ രംഗത്ത് വരികയും പിന്നീട് ഈ രംഗം ഉപേക്ഷിക്കുകയും ചെയ്ത ഒട്ടേറെ വനിത കാർട്ടൂണിസ്റ്റുകൾ കേരളത്തിൽ ഉണ്ടെങ്കിലും ഇപ്പോഴും ഈ രംഗത്ത് വനിതകൾ സജീവമായി തുടരുന്നുണ്ട്. രമാദേവി കേരള ലളിത കലാ അക്കാദമിയുടെ കാർട്ടൂൺ അവാർഡ് സ്വന്തമാക്കിയ വ്യക്തിയാണ്. ഇപ്പോൾ കാർട്ടൂണും കാരിക്കേച്ചറിനുമൊപ്പം പുസ്തക ഇല്ലസ്ട്രേഷനുകൾ വരയ്ക്കുന്നു. ഷരോൺ റാണി സമൂഹമാധ്യമങ്ങളിൽ കാർട്ടൂണുകൾ വരച്ച് പ്രശസ്തയാണ്. രചന വിജിത്ത് ഏഷ്യാനെറ്റിൽ അടക്കം വിവിധ സ്ഥാപനങ്ങളിൽ ഡിസൈനറായും അനിമേറ്ററായും കാർട്ടൂണിസ്റ്റായും ജോലിചെയ്തു. ഐഷാ ഹസീൻ സാമൂഹിക കാർട്ടൂണുകളോടൊപ്പം രാഷ്ട്രീയ കാർട്ടൂണുകളും വരയ്ക്കുന്നു. മിനി വി.എസ്., ഡോ.സാൽവിയാ രാജ് എന്നിവർ സജീവമായി കാർട്ടൂണുകളും കാരിക്കേച്ചറുകളും വരയ്ക്കാറുണ്ടെങ്കിലും പ്രസിദ്ധീകരണങ്ങളിൽ നിന്ന് അകന്നുകഴിയുന്നു. പ്രിയരഞ്ജിനി ചിത്രരചനയോടൊപ്പം കാർട്ടൂണും വരയ്ക്കും. അനു കെ.പിള്ള കാരിക്കേച്ചറുകളും കാർട്ടൂണും വരയ്ക്കും. ഇവരൊക്കെ ഇപ്പോൾ കാർട്ടൂണുകളും കാരിക്കേച്ചറും വരച്ച് വനിത സാന്നിധ്യം ഉറപ്പ് വരുത്തുന്നുണ്ട്.

സംസ്ഥാന സ്കൂൾ കലോത്സവത്തിലും കേരള കാർട്ടൂൺ അക്കാദമി നടത്തുന്ന കാർട്ടൂൺ മത്സരങ്ങളിലും സമ്മാനം നേടുന്നവരുടെ പട്ടിക കഴിഞ്ഞ കുറെ നാളുകളായി പരിശോധിച്ചാൽ അതിൽ പെൺകുട്ടികൾ ആയിരിക്കും ഭൂരിപക്ഷം. കാർട്ടൂൺ രചനയിലേയ്ക്ക് പെൺകുട്ടികൾ പക്ഷേ അവർ സ്വതന്ത്രമായ കാർട്ടൂൺ വരയ്ക്കാൻ ഇപ്പോഴും മടികാണിക്കുന്നു.

പ്രശസ്ത ചലച്ചിത്ര സംവിധായികയായ പമീല ബ്രിക്സ് "ഫണ്ണി ലേഡീസ് - എ പോർട്രൈറ്റ് ഓഫ് വുമൺ കാർട്ടൂണിസ്റ്റ്" എന്ന പേരിൽ നിർമ്മിച്ച ചിത്രം അടുത്ത കാലത്ത് ഏറെ പ്രശംസ പിടിച്ചുപറ്റുകയുണ്ടായി. കാർട്ടൂണിസ്റ്റുകളുടെ ഇടയിൽ സ്വാധീനമുള്ള നാല് വനിത കാർട്ടൂണിസ്റ്റുകളാണ് കേന്ദ്ര കഥാപാത്രങ്ങൾ. രാഷ്ട്രീയത്തിന്റെ ഗതിവിധികൾ നിയന്ത്രിക്കാൻ ശക്തരായ കാർട്ടൂണിസ്റ്റുകളെയാണ് ചിത്രത്തിൽ സംവിധായിക അവതരിപ്പിക്കുന്നത്. ഇത്തരത്തിൽ ശക്തരായ വനിത കാർട്ടൂണിസ്റ്റുകൾ നമ്മുടെ നാട്ടിലും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം. ■


തയ്യാറാക്കിയത്: കാർട്ടൂൺ അക്കാദമി





കാർട്ടൂണുകളുടെ ചരിത്രവും പ്രധാന കാർട്ടൂണിസ്റ്റുകളുടെ ജീവിതവും പറയുന്ന പ്രധാന കൃതികൾ പരിചയപ്പെടാം


# ചിരിവരകളുടെ ചരിത്രപുസ്തകങ്ങൾ











ഇന്ത്യയുടെ കാർട്ടൂൺ ചരിത്രമെന്നാൽ ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രം കൂടിയാണ്. ഇന്ത്യൻ കാർട്ടൂണിന്റെ പിതാവായ ശങ്കർ മലയാളിയാണെന്നതിൽ ഏതൊരു മലയാളിക്കും അഭിമാനിക്കാവുന്നതാണ്. ഇന്ത്യയുടെ കാർട്ടൂൺ തലസ്ഥാനം കേരളമാണെന്ന് പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. ഇതൊക്കെ ചരിത്ര രേഖകളിൽ ഇടം നേടാൻ പുസ്തകങ്ങളിൽ സ്വരാക്ഷരങ്ങളാകണം.

ഇന്ത്യയുടെ കാർട്ടൂൺ ചരിത്രം പ്രതിപാദിക്കുന്ന ഒട്ടേറെ പുസ്തകങ്ങൾ ലഭ്യമാണ്. കാർട്ടൂൺ ചരിത്രത്തെ കുറിച്ച് കാർട്ടൂണിസ്റ്റുകളാണ് എഴുതിയിട്ടുള്ളത്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചതാണ് കാർട്ടൂണിസ്റ്റ് സുകുമാറിന്റെ കേരളത്തിന്റെ കാർട്ടൂൺ ചരിത്രമെന്ന പുസ്തകം. മലയാളം മാധ്യമങ്ങളിലെ കാർട്ടൂണിന്റെ ചരിത്ര പുസ്തകം കേരള മീഡിയ അക്കാദമിയും കേരള ലളിത കലാ അക്കാദമി പ്രസിദ്ധീകരിച്ച ഹാസ്യചിത്രങ്ങളുടെ ചരിത്രമെന്ന ജി. ഹരിയുടെ പുസ്തകവും ശ്രദ്ധേയം. ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ച കാർട്ടൂണിന്റെ സമഗ്രചരിത്രം പറയുന്ന സുധീർനാഥിന്റെ വരയും കുറിയുമാണ് മറ്റൊന്ന്. വി.സി. അഭിലാഷിന്റെ കാർട്ടൂൺ വിചാരം, ജി അഴിക്കോടിന്റെ വരയിൽ വിരിയുന്ന ചിരി, വൈ. എ. റഹീം തയ്യാറാക്കിയ ഹിസ്റ്ററി ഓഫ് കാർട്ടൂൺസ്, ഇ. സുധാകരൻ എഴുതിയ കാരിക്കേച്ചറും കാർട്ടൂണും തുടങ്ങിയ പുസ്തകങ്ങൾ കാർട്ടൂണിന്റെ ചരിത്രം പറയുന്നതാണ്.

## ശങ്കറിന്റെ ജീവിതകഥ

കാർട്ടൂണിസ്റ്റ് ശങ്കറിന്റെ ജീവിതം കാർട്ടൂണിന്റെ വളർച്ചയുടെ ചരിത്രം കൂടിയാണ് എന്ന് പരാമർശിക്കണം. അതുകൊണ്ട് കാർട്ടൂണിസ്റ്റ് ശങ്കറിന്റെ ജീവിതകഥ പലരും രേഖപ്പെടുത്തിയിട്ടുണ്ട്. കേരള ഭാഷാഇൻസ്റ്റ്യൂട്ടിനായി ജി. ഹരി, കേരള ലളിതകലാ അക്കാദമിക്ക് വേണ്ടി സുധീർ നാഥ്, ചിന്ത ബുക്സിന് വേണ്ടി പ്രേംജിത്ത് കായംകുളം എന്നിവർ ശങ്കറിന്റെ ജീവിത കഥ പുസ്തകരൂപത്തിൽ ആക്കിയിട്ടുണ്ട്.


കാർട്ടൂണിസ്റ്റ് യേശുദാസിന്റെ ആത്മകഥ ഒരുവട്ടം കൂടിയെൻ ഓർമ്മകൾ മേയുന്ന എന്ന പുസ്തകം ഏറെ ശ്രദ്ധേയമാണ്. അദ്ദേഹത്തിന്റെ ജീവിതകഥ സുധീർ നാഥ്






















**കാർട്ടൂണിസ്റ്റ് ശങ്കറിന്റെ ജീവിതം കാർട്ടൂണിന്റെ വളർച്ചയുടെ ചരിത്രം കൂടിയാണ് എന്ന് പരാമർശിക്കണം. അതുകൊണ്ട് കാർട്ടൂണിസ്റ്റ് ശങ്കറിന്റെ ജീവിതകഥ പലരും രേഖപ്പെടുത്തിയിട്ടുണ്ട്**

എഴുതിയത് പാടാത്ത യേശുദാസൻ എന്ന പേരിലാണ്.

റ്റോംസും തന്റെ ആത്മകഥ പുറത്തിറക്കിയിട്ടുണ്ട്. എന്റെ ബോബനും മോളിയും എന്ന പേരിലുള്ള പുസ്തകം ഡോൺ ബുക്സ് ആണ് പുറത്തിറക്കിയിരിക്കുന്നത്. കാർട്ടൂണിസ്റ്റ് നാഥന്റെ പുസ്തകമായ ഗോളങ്ങളുടെ രാജാവിന്റെ സുവിശേഷം എന്നത് ആത്മകഥ മാത്രല്ല. അത് അദ്ദേഹത്തിന്റെ കാർട്ടൂൺ സമാഹാരം കൂടിയാണ്. ഗ്രീൻ ബുക്സ് പുറത്തിറക്കിയ കാർട്ടൂണിസ്റ്റ് എന്ന പുസ്തകത്തിൽ 1951 വരെ ജനിച്ച 52 കാർട്ടൂണിസ്റ്റുകളെ കുറിച്ച് വിവരിക്കുന്നുണ്ട്. കാർട്ടൂണിസ്റ്റുകളെ പരിചയപ്പെടുത്തുന്ന നിരവധി പുസ്തകങ്ങൾ പലരും എഴുതിയിട്ടുള്ളത് ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ജമാൽ കൊച്ചങ്ങാടിയുടെ സത്യം പറയുന്ന നുണയന്മാരും, പത്മന്റെ കുഞ്ചുക്കുറുപ്പും പ്രഹ്ളാദനമെല്ലാം മലയാള കാർട്ടൂൺ പുസ്തകത്തിന്റെ കൂട്ടത്തിലുണ്ട്.


സമീപകാലത്ത് കേരള കാർട്ടൂൺ അക്കാദമി പുറത്തിറക്കിയ ആറോളം ഓർമ്മ പുസ്തകങ്ങൾ പ്രത്യേക പരാമർശം അർഹിക്കുന്നു. മാതൃഭൂമിയിൽ അന്തർദേശീയ നിലവാരമുള്ള കാരിക്കേച്ചറുകൾ വരച്ചിരുന്ന അന്തരിച്ച രജീന്ദ്രകുമാറിന്റെ ഓർമ്മക്കുറിപ്പുകളും അദ്ദേഹത്തിന്റെ രചനകളും അടങ്ങിയ എക്സിക്കുട്ടൻ എന്ന പുസ്തകവും അന്തർദേശീയ നിലവാരമുള്ള കാരിക്കേച്ചറിസ്റ്റ് തോമസ് ആന്റണിയുടെ ഓർമ്മ പുസ്തകവും എടുത്തുപറയേണ്ടതാണ്. സുകുമാർ, സീരി, പ്രൊഫസർ ജി സോമനാഥൻ, പി കെ മന്ത്രി എന്നിവരെക്കുറിച്ചുള്ള പുസ്തകങ്ങൾ കേരള കാർട്ടൂൺ അക്കാദമി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കാർട്ടൂണിസ്റ്റുകളുടെ കാർട്ടൂൺ സമാഹാരങ്ങളാണ് പിന്നീട് ലഭ്യമാകുന്നത്. പി.വി. കൃഷ്ണന്റെ സാക്ഷി, ഗോപീകൃഷ്ണന്റെ തെരഞ്ഞെടുത്ത കാർട്ടൂണുകൾ, വീക്ഷണ വിശേഷമെന്ന തലക്കെട്ടിൽ കാർട്ടൂൺ തോമസിന്റെ കാർട്ടൂൺ സമാഹാര പുസ്തകം, യേശുദാസന്റെ വരയിലെ നായനാരും, വരയിലെ ലീഡറും ഏറെ ശ്രദ്ധേയമായ കാർട്ടൂൺ സമാഹാരങ്ങളാണ്. ചെറിയ മനുഷ്യരും വലിയ ലോകവും വന്ന പ്രശസ്തമായ കാർട്ടൂൺ പരമ്പരയുടെ സമാഹാരം,
ഒ വി വിജയന്റെയും അബു എബ്രഹാമിന്റേയും കാർട്ടൂൺ സമാഹാരങ്ങൾ എന്നിവ ശ്രദ്ധേയങ്ങൾ. ■

**ഡോ. അരുൺ ബി നായർ**
മാനസികാരോഗ്യ വിദഗ്ധൻ, എഴുത്തുകാരൻ



**കുട്ടികളിൽ സാമൂഹിക മാധ്യമങ്ങളുടെ അമിത സ്വാധീനം കുറയ്ക്കാൻ രക്ഷിതാക്കളുടെ ജാഗ്രതയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഇടപെടലും സമൂഹത്തിന്റെ പിന്തുണയും അനിവാര്യമാണ്**



# കുരുന്നുകൾ അടിമകളാകാതിരിക്കാൻ

കുട്ടികളും കൗമാരപ്രായക്കാരും വ്യാപകമായി സാമൂഹിക മാധ്യമങ്ങൾ ഉപയോഗിക്കുന്നത് ആധുനിക കാലത്തെ ഒരു യാഥാർഥ്യമാണ്. എന്നാൽ ഇവയുടെ അമിതോപയോഗം പലപ്പോഴും കുട്ടികളെ ചതിക്കുഴികളിൽ ചാടിക്കാറുണ്ട്. ഡിജിറ്റൽ ഉപയോഗം തന്നെ ഒരു അടിമത്തമായി മാറി കുട്ടികളുടെ പഠനവും ആരോഗ്യവും താറുമാറാക്കുന്നതും കണ്ടുവരാറുണ്ട്. ഇതിന്റെ ഫലമായി കുട്ടികളിൽ സാമൂഹിക വിച്ഛേദനം , ശ്രദ്ധക്കുറവ്, ഉറക്കക്കുറവ്, എടുത്തുചാട്ടം എന്നിവ ഉണ്ടാകുന്നതായി 2025 ലെ ഇക്കണോമിക് സർവെ തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

കുട്ടികളിൽ സാമൂഹിക മാധ്യമങ്ങളുടെ അമിത സ്വാധീനം കുറയ്ക്കാൻ രക്ഷിതാക്കളുടെ ജാഗ്രതയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഇടപെടലും സമൂഹത്തിന്റെ പിന്തുണയും അനിവാര്യമാണ്. നിയന്ത്രിത ഉപയോഗം, ആരോഗ്യകരമായ വിനോദങ്ങൾ ശീലിക്കൽ, കുടുംബബന്ധങ്ങളുടെ ശക്തീകരണം എന്നിവയാണ് സാമൂഹിക മാധ്യമ അടിമത്തം കുറയ്ക്കാനുള്ള പ്രധാന മാർഗങ്ങൾ.

## സാമൂഹിക മാധ്യമങ്ങളുടെ സ്വാധീനം

- **അധിക സമയം ചെലവഴിക്കൽ:** പഠനങ്ങൾ പ്രകാരം, കുട്ടികൾ ദിവസേന 3.6 മണിക്കൂർ വരെ സാമൂഹിക മാധ്യമങ്ങളിൽ ചെലവഴിക്കുന്നു

- **മാനസികാരോഗ്യ പ്രശ്നങ്ങൾ:** വിഷാദം, ഉത്കണ്ഠ, ഹൈപ്പർ ആക്ടിവിറ്റി തുടങ്ങിയ പ്രശ്നങ്ങൾ വർധിക്കുന്നു

- **തലച്ചോറിന്റെ മാറ്റങ്ങൾ:** കൗമാരപ്രായത്തിൽ തലച്ചോറിന്റെ റിവാർഡ് സിസ്റ്റം അമിതമായി ഉത്തേജിപ്പിക്കപ്പെടുന്നു, ഇത് തീരുമാന ശേഷിയെ ബാധിക്കുന്നു

- **ചതിക്കുഴികൾ:** വ്യാജവാർത്തകൾ, അനാരോഗ്യകരമായ ഉള്ളടക്കം, ഓൺലൈൻ ചൂഷണം എന്നിവ കുട്ടികളെ ബാധിക്കുന്നു .

## രക്ഷിതാക്കളുടെ പങ്ക്

- **സമയം നിയന്ത്രണം:** കുട്ടികൾക്ക് ദിവസേന സാമൂഹിക മാധ്യമ ഉപയോഗത്തിന് വ്യക്തമായ പരിധി നിശ്ചയിക്കുക.

- **കുടുംബബന്ധങ്ങൾ:** കുടുംബസമേതം വിനോദങ്ങൾ, വായന, കളികൾ എന്നിവ പ്രോത്സാഹിപ്പിക്കുക.

- **തുറന്ന സംഭാഷണം:** കുട്ടികളോട് സാമൂഹിക മാധ്യമങ്ങളുടെ അപകടങ്ങളെക്കുറിച്ച് തുറന്നുപറയുക.

- **മാതൃകാപരമായ പെരുമാറ്റം:** രക്ഷിതാക്കൾ തന്നെ നിയന്ത്രിതമായി സാമൂഹിക മാധ്യമങ്ങൾ ഉപയോഗിച്ച് മാതൃകയായി മാറുക.

## വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പങ്ക്

- **ഡിജിറ്റൽ സാക്ഷരത:** സ്കൂളുകളിൽ സാമൂഹിക മാധ്യമങ്ങളുടെ ഗുണദോഷങ്ങളെക്കുറിച്ച് പഠന പരിപാടികൾ നടപ്പാക്കുക.

- **സൃഷ്ടിപരമായ പ്രവർത്തനങ്ങൾ:** കല, കായിക പരിപാടികൾ, ശാസ്ത്രക്ലബ്ബുകൾ എന്നിവ വഴി കുട്ടികളെ സജീവമായി ഏർപ്പെടുത്തുക.

- കൗൺസിലിങ്  മാനസികാരോഗ്യ വിദഗ്ധരുടെ സഹായത്തോടെ കുട്ടികൾക്ക് കൗൺസിലിങ് നൽകുക.

## സമൂഹത്തിന്റെ പങ്ക്

- **നിയമപരമായ നിയന്ത്രണം:** 16 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് നിയന്ത്രിത സാമൂഹിക മാധ്യമ പ്രവേശനം നൽകുന്ന നിയമങ്ങൾ നടപ്പാക്കുക

- **സാമൂഹിക പ്രവർത്തനങ്ങൾ:** ലൈബ്രറികൾ, യുവജന ക്ലബ്ബുകൾ, സ്പോർട്സ് സെന്ററുകൾ എന്നിവ വഴി കുട്ടികൾക്ക് ആരോഗ്യകരമായ ഇടപെടലുകൾ നൽകുക.

## പരിഹാര മാർഗങ്ങൾ

- **സോഷ്യൽ മീഡിയ ഡിറ്റോക്സ്:** ആഴ്ചയിൽ ഒരു ദിവസം സാമൂഹിക മാധ്യമങ്ങൾ ഒഴിവാക്കാൻ പ്രോത്സാഹിപ്പിക്കുക.

- **ഹോബികൾ വികസിപ്പിക്കൽ:** സംഗീതം, ചിത്രരചന, വായന, കായികം തുടങ്ങിയ ഹോബികൾ വളർത്തുക.

- **സുരക്ഷിത പ്ലാറ്റ്ഫോമുകൾ:** കുട്ടികൾക്ക് അനുയോജ്യമായ വിദ്യാഭ്യാസ, വിനോദ പ്ലാറ്റ്ഫോമുകൾ തിരഞ്ഞെടുക്കുക.

കുട്ടികളിൽസാമൂഹിക മാധ്യമങ്ങളുടെ സ്വാധീനം കുറയ്ക്കാൻ രക്ഷിതാക്കളുടെ നിയന്ത്രണം, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഇടപെടൽ, സമൂഹത്തിന്റെ പിന്തുണ എന്നിവ ഒരുമിച്ച് പ്രവർത്തിക്കണം. സമതുലിതമായ ജീവിതശൈലി മാത്രമാണ് കുട്ടികളെ ഡിജിറ്റൽ ലോകത്തിന്റെ അപകടങ്ങളിൽ നിന്ന് സംരക്ഷിക്കുന്ന ഏറ്റവും ഫലപ്രദമായ മാർഗം.■

ശരണ്യ സി.ആർ
കൺസൽട്ടന്റ് സൈക്കോളജിസ്റ്റ്



കുട്ടികൾ അവധിക്കാലം കഴിഞ്ഞ് സ്കൂളുകളിലേക്കും കലാലയങ്ങളിലേക്കും മാനസിക സമ്മർദമില്ലാതെ പോവുന്നതിന് ഇക്കാര്യങ്ങൾ ശ്രദ്ധിക്കാം

# കുട്ടികളെ കേൾക്കാം സമ്മർദം അകറ്റാം



സ്കൂളുകളിലും കോളേജുകളിലും ക്ലാസുകൾ എടുക്കാൻ ഒരു സൈക്കോളജിസ്റ്റ് എന്ന നിലയിൽ പോകാറുണ്ട്. സ്ഥിരമായി ക്ലാസ് എടുത്ത് കഴിയുമ്പോൾ കുറച്ച് കുട്ടികൾ ചുറ്റും കൂടും. വീട്ടിൽ അറിയാതെ കൗൺസലിങ് എടുക്കാൻ കഴിയുമോ എന്ന് ചോദിക്കും. കാര്യം ചോദിക്കുമ്പോ പറയും, വീട്ടിൽ പറഞ്ഞാലും "നിനക്കെന്താ ഇത്ര മാത്രം ടെൻഷൻ" എന്ന മറുപടിയാണ് കിട്ടാറുള്ളത് എന്ന്. പിന്നെ പല പ്രശ്നങ്ങളും പറഞ്ഞ് വീട്ടുകാരെ വിഷമിപ്പിക്കണ്ടല്ലോ എന്ന് ചിന്തിക്കുന്ന കുട്ടികളും ഉണ്ട്. ഈ അവസ്ഥ മാറണം. രക്ഷിതാക്കൾ കരുതുന്നത് അവരെല്ലാം ഞങ്ങളോട് തുറന്ന് പറയുന്നു എന്നാണ്. യാഥാർഥ്യം പലപ്പോഴും അങ്ങനെ അല്ല.

## കുട്ടികളോട്

അവധിയൊക്കെ കഴിഞ്ഞ് തിരികെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് പലതരം ചിന്തകളുമായാണ് ഓരോരുത്തരും പോകുന്നത്. എല്ലാ കുട്ടികൾക്കും സന്തോഷമാണല്ലോ, എനിക്ക് മാത്രം എന്താണിങ്ങനെ എന്ന് ചിന്തിക്കരുത് എന്നാണ് എനിക്ക് എന്റെ വിദ്യാർഥി സുഹൃത്തുക്കളോട് പറയാനുള്ളത്. പലരും പല ടെൻഷനുകളും ഉള്ളിൽ ഒതുക്കി വച്ചാവും വരുന്നത്. നിങ്ങളുടെ ടെൻഷൻ എത്ര ചെറുതോ വലുതോ ആയിക്കോട്ടെ, അത് തുറന്ന് പറയാൻ ഒരു വിശ്വസ്തമായ ഇടം നിങ്ങൾക്ക് അത്യാവശ്യമാണ്. വീട്ടുകാരെയോ ഒരു സൈക്കോളജിസ്റ്റിനെയോ നിങ്ങൾക്ക് അതിന് വേണ്ടി തിരഞ്ഞെടുക്കാം.

പത്താം ക്ലാസിൽ പഠിക്കുന്ന ഒരു കുട്ടി അമ്മയുമൊത്ത് തെറാപ്പിക്കായി വന്ന പ്പോൾ എന്നോട് പറഞ്ഞൊരു കാര്യമെന്താണെന്നോ? "സ്കൂളിൽ പോകാൻ അത്രയും ഇഷ്ടമായിരുന്നു എനിക്ക്. ഒമ്പതാം ക്ലാസ് എത്തുന്നത് വരെ എല്ലാ പരീക്ഷയ്ക്കും നല്ല മാർക്ക് ലഭിച്ചിരുന്നു. കഴിഞ്ഞ പരീക്ഷക്ക് പ്രതീക്ഷിച്ച മാർക്ക് കിട്ടിയില്ല. അധ്യാപകർക്ക് എന്നോട് ഇഷ്ടം കുറഞ്ഞത് പോലെ എനിക്ക് തോന്നുന്നു. പഴയപോലെ എന്നെ എല്ലാ കാര്യത്തിനും വിളിക്കുന്നില്ല എന്നാ എനിക്ക് തോന്നുന്നത്. കൂട്ടുകാരികൾക്കൊക്കെ എന്നെക്കാൾ മാർക്കുണ്ട്." പഠിത്തത്തിൽ പിറകിലായത് കൊണ്ടല്ല ആ കുട്ടിക്ക് ഇങ്ങനെയൊരു തോന്നലുണ്ടാകുന്നത്. Performance anxiety എന്നാണ് ഇതിനെ പറയുക.

മറ്റൊരു കോളേജ് വിദ്യാർഥി പറഞ്ഞത് ഇങ്ങനെയാണ്:

എനിക്ക് എല്ലാവരും എന്നെ judge ചെയ്യുന്നു എന്ന് തോന്നലുണ്ടാകുന്നു, വേറെ പ്രശ്നങ്ങൾ ഒന്നുമില്ലെങ്കിലും ക്ലാസിലേക്ക് പോകാൻ തന്നെ ഒരു ഭയം തോന്നുന്നു, എല്ലാവരും എന്നെ ശ്രദ്ധിക്കുന്നത് പോലെ തോന്നുന്നു. ഇത് സാധാരണയായി social anxiety യുടെ ഒരു രൂപമാണ്.

ഇത്തരം പ്രശ്നങ്ങൾ ഉണ്ടാവുന്നത് വളരെ സ്വഭാവികമാണെന്ന് മനസിലാക്കി കൃത്യസമയത്ത് സഹായം തേടിയാൽ ഇതിനൊക്കെയും പരിഹാരം ഉണ്ടെന്നത് നമ്മൾ മറന്ന് പോകരുത്.

**പിരിമുറുക്കം (stress) ഉണ്ടെന്നതിന്റെ ലക്ഷണങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.**

- അനാവശ്യമായ പേടി, ആശങ്ക
- ഉറക്കക്കുറവ് അല്ലെങ്കിൽ അധിക ഉറക്കം
- പെട്ടെന്ന് കോപം / സങ്കടം വരിക
- പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ബുദ്ധിമുട്ട്
- ശാരീരികാസ്വാസ്ഥ്യങ്ങൾ (തലവേദന, വയറുവേദന)

## ഇത് എങ്ങനെ കുറയ്ക്കാൻ സാധിക്കും?

1. 'എല്ലാം തികഞ്ഞവർ അല്ലെങ്കിൽ പെർഫെക്ട് ആവണം" എന്ന ചിന്ത ഒഴിവാക്കുക. ഒരു വിദ്യാർഥി പറഞ്ഞിരുന്നു: "എനിക്ക് എല്ലാം perfect ആകണം. അല്ലെങ്കിൽ ഞാൻ ഒരു പരാജിതയാണ് എന്ന തോന്നലാണ്.' ഈ ചിന്തയാണ് സമ്മർദം കൂട്ടുന്നത്. വളർച്ച (Progress) ആണ് പ്രധാനപ്പെട്ടത്, perfection അല്ല.

2. ചെറിയ ലക്ഷ്യങ്ങൾ നിശ്ചയിക്കുക.

ഒരു കോളേജ് വിദ്യാർഥിക്ക് ഞാൻ നൽകിയ ഒരു ചെറിയ ഉപദേശം 'ഒരു ദിവസം രണ്ട് മണിക്കൂർ പഠിക്കണം എന്നതിനു പകരം "30 മിനിറ്റ് ഏകാഗ്രമായ പഠനം + 10 മിനിറ്റ് ഇടവേള' എന്ന രീതിയിലേക്ക് മാറാനാണ്. ഇത് നമുക്ക് പഠനം കൈകാര്യം ചെയ്യാനാകും എന്ന് തോന്നിക്കാനും കൂടുതൽ ഏകാഗ്രതയോടെ പഠിക്കാനും സഹായിക്കും.

3. നിങ്ങളുടെ വികാരങ്ങൾ പങ്കുവെക്കുക.

ചിലപ്പോൾ നിങ്ങൾക്ക് മാതാപിതാക്കളോട് പറയാൻ ഭയം ഉണ്ടാകും. എങ്കിലും അവരോട് കാര്യങ്ങൾ സമാധാനത്തിൽ പറഞ്ഞ് മനസ്സിലാക്കാനൊക്കെ സാധിക്കും. അതല്ലെങ്കിൽ നിങ്ങൾക്കിഷ്ടമുള്ള ടീച്ചറുടെ സഹായം തേടാം.

4. താരതമ്യം (Comparison trap) ഒഴിവാക്കുക

'അവൻ/അവൾ കൂടുതൽ പഠിക്കുന്നു, ഞാൻ പിന്നിലാണ്" എന്ന ചിന്ത നമുക്ക് ഉത്കണ്ഠ (anxitey) ഉണ്ടാക്കും. ഓരോ വ്യക്തിയുടെയും സാഹചര്യം വ്യത്യസ്തമാണ്.

ഓരോരുത്തർക്കും അവരുടെ സ്വന്തം പഠനവേഗം (learning pace) ഉണ്ട്.

5. ശ്വാസാഭ്യാസം (Breathing Exercise)

കൗൺസിലിങ്ങിൽ പല കുട്ടികൾക്കും ഇത് പഠിപ്പിക്കാറുണ്ട്. 4-4-6 ശ്വസന രീതി (breathing technique) എന്നാൽ 4 സെക്കൻഡ് ശ്വാസം അകത്തേക്കെടുക്കുക, 4 സെക്കൻഡ് പിടിച്ചുവെക്കുക, 6 സെക്കൻഡ് കൊണ്ട് പുറത്തേക്ക് വിടുക. ഇത് നാഡീവ്യൂഹത്തെ ശാന്തമാക്കും.

6. ശരീരവും മനസ്സും പരസ്പരം ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഘടകങ്ങൾ ആണ്. അവയുടെ ആരോഗ്യത്തിനായി നമുക്ക് ഏറ്റവും വേണ്ടത് എന്താണെന്ന് അറിയാമോ?

## നല്ല ഉറക്കം

കൃത്യസമയത്തുള്ള ഭക്ഷണം

ആവശ്യത്തിന് വെള്ളം

ഇത്രയും ഉണ്ടെങ്കിലേ ശരീരം നമ്മുടെ ആഗ്രഹങ്ങൾക്കൊപ്പം നിൽക്കാൻ നമ്മെ സഹായിക്കൂ. ശരീരമില്ലാതെ പിന്നെ മനസ്സില്ലല്ലോ.

ഒരു വിദ്യാർഥി പറഞ്ഞിരുന്നു, "ഞാൻ ദിവസവും കുറെ നേരം ഫോൺ ഉപയോഗിക്കും, അതുകഴിഞ്ഞാൽ പിന്നെ പഠിക്കാൻ ഏകാഗ്രത കിട്ടുന്നില്ല." ശാരീരിക അധ്വാനം ഇല്ലാത്തത് പിരിമുറുക്കം (stress) വർധിപ്പിക്കും. നടത്തം പോലുള്ള ചെറിയ വ്യായാമം പോലും വലിയ മാറ്റം ഉണ്ടാക്കും.


## മാതാപിതാക്കൾക്കുള്ള നിർദേശങ്ങൾ:

- പരീക്ഷയ്ക്ക് ശേഷം 'മാർക്ക് എത്ര?" എന്ന ചോദ്യത്തിന് പകരം 'ഈ പരീക്ഷയിലെ മാർക്കിനെ കുറിച്ച് നിനക്ക് എന്ത് തോന്നുന്നു?' എന്ന് ചോദിക്കുക.
- തമാശയ്ക്ക് പോലും കുട്ടികളെ മറ്റുള്ളവരുമായി താരതമ്യം ചെയ്യരുത്.
- അവർ പറയുന്നത് കേൾക്കാൻ സമയം കണ്ടെത്തുക.
- കുട്ടികളെ ആശ്വസിപ്പിക്കേണ്ടതിന് പകരം, നമ്മുടെ വിഷമങ്ങൾ കേട്ട് നമ്മളെ ആശ്വസിപ്പിക്കുന്ന ജോലി കുട്ടികൾക്ക് കൊടുക്കാതിരിക്കുക. ഇതെല്ലാം ബന്ധങ്ങളിലെ നില തിരിഞ്ഞുവരുന്നതിലേക്ക് ( role reversal) നയിക്കുകയും, അവരുടെ നല്ലൊരു കുട്ടിക്കാലം നഷ്ടപ്പെടുകയും ചെയ്യും. അവരോട് പ്രശ്നങ്ങൾ പറയാം. പക്ഷേ എത്രത്തോളം എന്നുള്ളതിൽ ശ്രദ്ധിക്കേണ്ടതുണ്ട്.
- 'നിനക്കെന്താ എല്ലാം ഞങ്ങളോട് പറഞ്ഞാൽ' എന്ന് അവരെ ഭീഷണിപ്പെടുത്താതെ, അവർക്ക് എല്ലാം തുറന്ന് പറയാൻ ഒരു സ്പേസ് ഉണ്ടാക്കണം. കുടുംബം ഒന്നാകെ ഒരു കൗൺസിലിങ്ങിന് വിധേയമായാൽ കുടുംബത്തിനകത്തുള്ള ആശയവിനിമയം മെച്ചപ്പെടുത്താനാകും. അതിന് പ്രശ്നങ്ങൾ ഉണ്ടാകാൻ കാത്തുനിൽക്കേണ്ടതില്ല.

പലപ്പോഴും എന്റെ കൗൺസിലിങ് അനുഭവങ്ങൾ തെളിയിക്കുന്നത് കുട്ടികൾക്ക് വേണ്ടത് വലിയ മാറ്റങ്ങൾ അല്ല, അവരെ ആരെങ്കിലും കേൾക്കുക, മനസ്സിലാക്കുക എന്നതാണ്. സമ്മർദം ഇല്ലാതാക്കാൻ ഒരിക്കലും കഴിയില്ല. പക്ഷേ അതിനെ മനസ്സിലാക്കി കൈകാര്യം ചെയ്യാൻ പഠിക്കുകയാണ് പ്രധാനപ്പെട്ടത്.■

എൻ. അനിൽകുമാർ
ചെയർമാൻ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, തിരുവനന്തപുരം

അഖില എസ്. നായർ
സീനിയർ റിസർച്ച് ഓഫീസർ






**അന്തർദേശീയ ജൈവവൈവിധ്യദിനമാണ് മേയ് 22. 2035-ഓടെ ഇന്ത്യയിലെ ഏറ്റവും മികച്ച ജൈവവൈവിധ്യസൗഹൃദ സംസ്ഥാനമാവുകയാണ് കേരളത്തിന്റെ ലക്ഷ്യം**



# അതുല്യം ഈ ജൈവവൈവിധ്യം

ലോകത്തിലെ ഏറ്റവും ജൈവവൈവിധ്യം നിറഞ്ഞ പ്രദേശങ്ങളിലൊന്നാണ് കേരളം. ഇന്ത്യയുടെ വിസ്തൃതിയുടെ വെറും 1.18 ശതമാനം മാത്രമുള്ള ഈ നാട്, രാജ്യത്തെ ആകെ സസ്യജാലങ്ങളുടെ 25 ശതമാനത്തിലധികവും സംരക്ഷിക്കുന്നു. ഷോല-പുൽമേടുകൾ, കണ്ടൽക്കാടുകൾ, നനവാർന്ന നിലങ്ങൾ, മിറിസ്റ്റിക്ക ചതുപ്പുകൾ, തുടങ്ങി  അപൂർവ ആവാസ വ്യവസ്ഥകളുടെ കലവറയാണ് കേരളം. പശ്ചിമഘട്ടത്തിന്റെ, 450 കിലോമീറ്റർ കേരളത്തിലാണ്. 1,272 സ്ഥാനീയ സസ്യജാലങ്ങൾ, സിംഹവാലൻ കുരങ്ങ്, നീലഗിരി താർ തുടങ്ങിയ അപൂർവജീവികൾ, 60 ശതമാനവും സ്ഥാനീയമായ ശുദ്ധജല മത്സ്യങ്ങളും, ഉഭയജീവികളും, 12,000 ടാക്സകൾ, കേരളത്തിന്റെ ജൈവവൈവിധ്യം അതുല്യമാണ്.

എന്നാൽ അതിവേഗം നഗരവൽക്കരിക്കപ്പെടുന്ന ഈ നാട്ടിൽ, പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടുള്ള വികസനം എങ്ങനെ സാധ്യമാക്കും? ഈ ചോദ്യത്തിനുത്തരമായാണ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, കേരള ജൈവവൈവിധ്യ



ആസൂത്രണ കർമ്മ പദ്ധതി (KSBSAP 2025-2035) രൂപീകരിച്ചിരിക്കുന്നത്. 2035-ഓടെ കേരളത്തെ, ഇന്ത്യയിലെ ഏറ്റവും മികച്ച ജൈവവൈവിധ്യ സൗഹൃദ സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ, കുൻമിങ്-മോൺട്രിയൽ ആഗോള ചട്ടക്കൂടിനെയും സുസ്ഥിര വികസനലക്ഷ്യങ്ങളെയും മുൻനിർത്തിയുള്ളതാണ് ഈ പദ്ധതി.

## ജൈവവൈവിധ്യ സൗഹൃദത്തിന്റെ മാനദണ്ഡങ്ങൾ

കേരളത്തിൽ, ചതുരശ്ര കിലോമീറ്ററിന് 860 പേർ അധിവസിക്കുന്നു എന്നാണ് കണക്ക്. 2036-ഓടെ നഗരവൽക്കരണം 96% എത്തും. ഈ സാഹചര്യത്തിൽ സംസ്ഥാനം എത്രത്തോളം ജൈവവൈവിധ്യ സൗഹൃദം ആണ് എന്ന് മനസിലാക്കുവാക്കാൻ പര്യാപ്തമായ സൂചകങ്ങൾ വേണം. നഗരാസൂത്രണത്തിൽ എത്രത്തോളം ഹരിത ഇടനാഴികൾ ഉൾപ്പെട്ടിട്ടുണ്ട് എന്നതും, തണ്ണീർത്തടങ്ങളുടെ വിസ്തൃതി വ്യതിയാനങ്ങളും, സമൂഹ നേതൃത്വത്തിലുള്ള ജൈവവൈവിധ്യ സംരക്ഷണവും, പാരമ്പര്യ കൃഷിരീതികളുടെ വിസ്തൃതി വ്യതിയാനങ്ങളും, വംശനാശഭീഷണി നേരിടുന്ന സ്പീഷീസുകളുടെ എണ്ണത്തിലെ വ്യത്യാസങ്ങളും, കാലാവസ്ഥ അതിജീവന മാർഗങ്ങളും തുടങ്ങി ഒട്ടേറെ സൂചകങ്ങളെ ഇതിലേക്കായി പരിഗണിക്കാം.

## കരുത്തുറ്റ സ്ഥാപന സംവിധാനം

കേരളത്തിലെ 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതികൾ (BMC) പ്രവർത്തിക്കുന്നു. ഇവ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുകയും ജൈവവൈവിധ്യ പൈതൃക സ്ഥലങ്ങൾ പ്രഖ്യാപിക്കുകയും പ്രാദേശിക ജൈവവിഭവ സംരക്ഷണം ഉറപ്പാക്കുകയും ചെയ്യുന്നു. 14 ജില്ലകളിലും ജില്ലാ കോ-ഓർഡിനേറ്റർമാരും സാങ്കേതിക സഹായ സംഘങ്ങളും ജൈവവൈവിധ്യ പരിപാലന സമിതികളെ സഹായിക്കുന്നു. വികേന്ദ്രീകൃത ഭരണത്തിന്റെ ഒരു ഉദാത്ത മാതൃകയായി ജൈവവൈവിധ്യ പരിപാലന സമിതികളെ കണക്കാക്കാം.

KSBSAP-ന്റെ നടത്തിപ്പിനായി 14 ജില്ലകളിൽ നിന്ന് 30 BMCകളെ മാതൃക ജൈവവൈവിധ്യ പരിപാലന സമിതികളായി തിരഞ്ഞെടുക്കുവാൻ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. മലനാട്, ഇടനാട്, തീരം എന്നീ മേഖലകളെ പ്രതിനിധീകരിക്കും വിധമാണ് ഈ തിരഞ്ഞെടുപ്പ്. 2030-ഓടെ പ്രാഥമിക ഘട്ടത്തിലെ ജൈവവൈവിധ്യ പരിപാലന സമിതികളുടെ വിജയകഥകൾ മറ്റു BMC കളിലേക്ക് വ്യാപിപ്പിക്കുവാനും ബോർഡ് തീരുമാനിച്ചിട്ടുണ്ട്. 2030 എന്നത് ആഗോള ജൈവവൈവിധ്യ ചട്ടക്കൂടിന്റെയും, യു.എൻ. ആവാസവ്യവസ്ഥ പുനഃസ്ഥാപന ദശകത്തിന്റെയും സമാപ്തിയാണ്.

## ജൈവവൈവിധ്യ സംരക്ഷണത്തിന് ധനസമാഹരണം: വഴികളും വെല്ലുവിളികളും

ജൈവവൈവിധ്യ നിയമം, 2002-ലെ സെക്ഷൻ 42 പ്രകാരം ഓരോ തദ്ദേശ സ്ഥാപനത്തിലും പ്രാദേശിക ജൈവവൈവിധ്യ ഫണ്ടും (LBF) സംസ്ഥാന ഫണ്ടും (SBF) രൂപീകരിക്കണം. ഗ്രാന്റുകളും ജൈവവിഭവ ആനുകൂല്യങ്ങളുടെ പങ്കിടൽ വരുമാനവും ഇതിലേക്ക് ലഭിക്കും. എന്നാൽ ഈ ഫണ്ടുകൾ വേണ്ടുന്ന രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല. ആയുർവേദം, ബയോടെക്നോളജി, ഇക്കോ-ടൂറിസം തുടങ്ങിയ മേഖലകളിലെ, ജൈവവിഭവങ്ങളുടെ നീതിയുക്തമായ പങ്കിടലിലൂടെ പ്രാദേശിക ജൈവവൈവിധ്യ ഫണ്ട് ഉറപ്പാക്കാവുന്നതാണ്.

## എട്ട് ലക്ഷ്യ മേഖലകൾ

KSBSAP ൽ എട്ട് പ്രധാന മേഖലകളിലായി 80 പ്രവർത്തന ലക്ഷ്യങ്ങൾ ഉൾപ്പെടുന്നു. KSBSAP ലെ എട്ട് ലക്ഷ്യമേഖലകളും 80 പ്രവർത്തന ലക്ഷ്യങ്ങളും കേരളത്തെ സമഗ്രമായി ജൈവവൈവിധ്യ സൗഹൃദമാക്കാൻ ലക്ഷ്യമിടുന്നു. വനമേഖലയിൽ ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കലും, മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കലും ഇതിൽ ഉൾപ്പെടുന്നു. തീര-ഉൾനാടൻ മേഖലകളിൽ കണ്ടൽക്കാടുകളും തണ്ണീർത്തടങ്ങളും സംരക്ഷിച്ച് സുസ്ഥിര മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നു. കാർഷിക മേഖല പാരമ്പര്യ വിത്തുകളെയും നാടൻ കൃഷിരീതികളെയും കാത്തുസൂക്ഷിക്കുന്നു. ഗാർഹിക മൃഗസമ്പത്ത് പരിപോഷിപ്പിക്കലിലൂടെ തദ്ദേശീയ കന്നുകാലി ഇനങ്ങളെ സംരക്ഷിക്കുന്നതു ലക്ഷ്യമിടുന്നു. കാലാവസ്ഥാമേഖല പ്രകൃതിയെ ആധാരമാക്കിയുള്ള ദുരന്ത പ്രതിരോധം ലക്ഷ്യമിടുന്നു. സാമൂഹിക-സാംസ്കാരിക മേഖല പരമ്പരാഗത വിജ്ഞാനവും ഗോത്രസംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നു. പ്രാദേശിക ഭരണം BMC കളെ ശക്തിപ്പെടുത്തുന്നു. ജൈവ അടിസ്ഥാന സൗകര്യം പരിസ്ഥിതി സൗഹൃദ ഗതാഗതവും ഇക്കോ-ടൂറിസവും പ്രോത്സാഹിപ്പിക്കുന്നു. ഈ എട്ട് മേഖലകളിലൂടെ 2035-ഓടെ കേരളത്തെ ജൈവവൈവിധ്യ സൗഹൃദ സംസ്ഥാനമാക്കുകയാണ് ലക്ഷ്യം.

KSBSAP, BMC പ്രവർത്തനങ്ങൾ, നിയമപരമായ LBF/SBF സംവിധാനം എന്നിവയിലൂടെയും, രാഷ്ട്രീയ-സാമ്പത്തിക പ്രതിബദ്ധതയിലൂടെയും ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള ബജറ്റ് വിഹിതം മെച്ചപ്പെടുത്തിയും സ്വകാര്യമേഖലാപങ്കാളിത്തം ഉറപ്പാക്കിയും സംസ്ഥാനത്തെ 2035-ഓടെ ഇന്ത്യയിലെ ഏറ്റവും മികച്ച ജൈവവൈവിധ്യ സൗഹൃദമാക്കുവാൻ കഴിയും. പശ്ചിമഘട്ടത്തിന്റെ അതുല്യ ജൈവസമ്പത്ത് വരും തലമുറയ്ക്ക് കൈമാറുക എന്നത് നമ്മളോരോരുത്തരുടെയും കടമയാണ്. ■

എഴുത്തുകാരൻ, സിവിൽ സർവീസ് ഉദ്യോഗസ്ഥൻ, കാർട്ടൂണിസ്റ്റ് എന്നിങ്ങനെ ഇടപെട്ട മേഖലകളിലെല്ലാം ആഴമുള്ള മുദ്രകൾ പതിപ്പിച്ച മലയാറ്റൂർ രാമകൃഷ്ണൻ ജന്മശതാബ്ദിയിലേക്കു കടക്കുന്നു (1927)

# മലയാറ്റൂർ പെരുമ


## മലയാറ്റൂർ രാമകൃഷ്ണൻ (1927 മേയ് 27-1997 ഡിസംബർ 27)


മലയാള സാഹിത്യത്തിൽ മലയാറ്റൂർ വെട്ടിത്തുറന്ന പാത തനതായിരുന്നു. സാഹിത്യപ്രസ്ഥാനങ്ങളുടെ ആലഭാരങ്ങളൊന്നുമില്ലാത്ത രചനാശൈലിയും വൈവിധ്യമുള്ള പ്രമേയങ്ങളും മനുഷ്യജീവിതങ്ങളും കഥാപാത്രങ്ങളുമുള്ള മലയാറ്റൂർ നോവലുകൾ അന്നെന്ന പോലെ ഇന്നും വായനക്കാർക്കു പ്രിയമായി തുടരുന്നു.

ബഹുമുഖ പ്രതിഭയായിരുന്ന മലയാറ്റൂർ രാമകൃഷ്ണൻ കൈവയ്ക്കാത്ത മേഖലകൾ വിരളമായിരുന്നു. എഴുത്ത്, പത്രപ്രവർത്തനം, കാർട്ടൂൺ, ചലച്ചിത്രരംഗം, സിവിൽ സർവീസ് തുടങ്ങി എല്ലായിടത്തും തിളങ്ങാൻ അദ്ദേഹത്തിന് സാധിച്ചു. ബ്രിട്ടീഷ് ഇന്ത്യയിലെ മലബാർ ജില്ലയിലെ പാലക്കാട് കൽപാത്തിയിലാണ് ജനനം. സർക്കാർ ഉദ്യോഗസ്ഥനായിരുന്ന കെ ആർ വിശ്വനാഥ അയ്യരുടെയും ജാനകി അമ്മാളിന്റെയും ആറു മക്കളിൽ ഒരാളായിരുന്നു. കുടുംബം പിന്നീട് ആലുവക്കടുത്ത തോട്ടുവയിൽ പെരിയാറിന്റെ തീരത്തേക്ക് മാറി. കേരളത്തിലെ വിവിധയിടങ്ങളിലായിരുന്ന സ്കൂൾ ജീവിതത്തിനു ശേഷം ആലുവ യു സി കോളേജിൽ ചേർന്നു. അവിടെ വെച്ചാണ് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുന്നത്. പിന്നാലെ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ബിരുദമെടുത്ത അദ്ദേഹം നിയമബിരുദവും കരസ്ഥമാക്കി. അഭിഭാഷകനായി ജോലി ചെയ്യവെയാണ് പത്രപ്രവർത്തന രംഗത്തേക്കെത്തുന്നത്. ഫ്രീ പ്രസ് ജേർണലിൽ വിഖ്യാത പത്രപ്രവർത്തകൻ ടി ജെ എസ് ജോർജിന് കീഴിൽ അസിസ്റ്റന്റ് എഡിറ്ററായി. എന്നാൽ തിരിച്ചുവന്ന അദ്ദേഹം വീണ്ടും വക്കീലായി. 1954ൽ തിരു കൊച്ചി നിയമസഭയിലേക്ക് ഇടതുപക്ഷ സ്വതന്ത്രനായി മത്സരിച്ചെങ്കിലും വിജയിച്ചില്ല. വീണ്ടും പത്രപ്രവർത്തനരംഗത്തേക്ക്. ഫ്രീ പ്രസ് ജേർണലിൽ സബ് എഡിറ്ററായി. ഈ സമയമാണ് മലയാറ്റൂരിന്റെ എഴുത്തുജീവിതം നാമ്പിടുന്നത്. ഇക്കാലത്ത് ശങ്കേഴ്സ് വീക്കിലിക്കായി കാർട്ടൂണുകളും വരച്ചിരുന്നു. കേരളത്തിലേക്ക് തിരിച്ചു വന്ന അദ്ദേഹം മുനിസിപ്പൽ കമ്മീഷണർ പരീക്ഷ വിജയിച്ചെങ്കിലും രാഷ്ട്രീയബന്ധത്താൽ ജോലി ലഭിച്ചില്ല. സബ് മജിസ്ട്രേറ്റ് പരീക്ഷ പാസ്സായ അദ്ദേഹം തൊട്ടുപിന്നാലെ സിവിൽ സർവീസ് എന്ന കടമ്പ കടന്നു ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസിലെത്തി. 1981ൽ എഴുത്തുജീവിതത്തിനായി സ്വയം വിരമിക്കുകയായിരുന്നു.

എഴുത്തുകാരൻ എന്ന നിലയിൽ 'രാത്രി' എന്ന ഡിറ്റക്റ്റീവ് കഥയുമായാണ് മലയാറ്റൂരിന്റെ രംഗപ്രവേശം. 1965ൽ വേരുകൾ എന്ന നോവലിന് കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. രണ്ടു വർഷം കഴിഞ്ഞാണ് ആദിവാസികളുടെ കഥ പറഞ്ഞ പൊന്നി പ്രസിദ്ധപ്പെടുത്തുന്നത്. തുടർന്ന് യക്ഷി, യന്ത്രം തുടങ്ങിയ പ്രശസ്തരചനകൾ പുറത്തുവന്നു. യന്ത്രം വയലാർ അവാർഡും നേടി. മരണത്തിന് മൂന്നു വർഷം മുൻപ് എഴുതിയ ആറാം വിരൽ ആണ് അവസാന രചന. എന്റെ ഐ.എ.എസ് ദിനങ്ങൾ എന്ന സർവീസ് സ്റ്റോറിയും അദ്ദേഹത്തിന്റേതായിട്ടുണ്ട്.

1968ൽ ലക്ഷപ്രഭു എന്ന ചിത്രത്തിനായി കഥയും തിരക്കഥയും സംഭാഷണവും എഴുതിയാണ് ചലച്ചിത്രരംഗത്തേക്കെത്തുന്നത്. ചായം, പഞ്ചമി, ഗായത്രി, കൽക്കി എന്നീ ചലച്ചിത്രങ്ങൾക്കും തിരക്കഥയും സംഭാഷണവും ഒരുക്കി. യക്ഷി, ചെമ്പരത്തി, പൊന്നി, ശരപഞ്ജരം, അയ്യർ ദി ഗ്രേറ്റ്, അകം എന്നീ സിനിമകൾ അദ്ദേഹത്തിന്റെ കഥയെ ആസ്പദമാക്കിയാണ്. 1982ൽ ഒടുക്കം തുടക്കം എന്ന സിനിമയുടെ സംവിധായകനായും മലയാറ്റൂർ പ്രത്യക്ഷപ്പെട്ടു. ■




To believe in fearless minds
and tireless feet,
to brave the raging seas every day
and walk side by side
with hearts that beat in time
with the waves.
HUMAN by NATURE
kerala
God's Own Country
keralatourism.org

Date of Publication: 01.05.2026 KERMAL2014/58028 Price: 12.00 Reg. No. KL/TV(N)/660/2022-2024


# ആധികാരിക വാർത്തകൾ, അറിയിപ്പുകൾ റിസൾട്ടുകൾ ഇനി വിരൽത്തുമ്പിൽ




Available on the App Store

GET IT ON Google Play

# PRD LIVE App
# പി.ആർ.ഡി ലൈവ്

**OFFICIAL MOBILE APP FROM INFORMATION PUBLIC RELATIONS DEPARTMENT, KERALA**

/Keralainformation /iprdkerala Prdlive App

കേരള സർക്കാർ
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്


Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS